KOTTAYAM PUBLIC LIBRARY
★ KOTTAYAM. ★

1070

# ശ്രീമതി കുഞ്ചി

KOTTAYAM PUBLIC LIBRARY
41258
KOTTAYAM

ഗ്രന്ഥകർത്താവ്:

പി. കെ. രാജരാജവർമ്മ, എം. എ.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

1129/1953

ഒന്നാംപതിപ്പ്
കോപ്പി 1000

വില: 1ക.

M301·42
Raj-S
RAJ-S

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

# ഉള്ളടക്കം


| | | |
|---|---|---|
| 1. | സിനിമാസ്മരണകൾ | 1 |
| 2. | അലങ്കാരം വേണ്ടെന്നോ? | 7 |
| 3. | സ്ത്രീകളും നിയമസഭാതിരഞ്ഞെടുപ്പും | 16 |
| 4. | കൊച്ചമ്മചമയൽ | 24 |
| 5. | പോറുനോവുസാഹിത്യം | 32 |
| 6. | ബഡ്ജറ്റുനിരൂപണം | 41 |
| 7. | സിനിമയിലെ കുചഭ്രമം | 51 |
| 8. | ദാമ്പത്യസൌഭാഗ്യം | 60 |
| 9. | ഒരു അഭിമുഖസംഭാഷണം | 68 |
| 10. | എഴുത്തുകാർ എങ്ങോട്ടു്? | 77 |
| 11. | നല്ല ഭാര്യ | 85 |
| 12. | സിനിമ എന്തിനു്? | 91 |

# ശ്രീമതി കുഞ്ചി

## 1. സിനിമാസ്മരണകൾ

എൻെറ കൊച്ചുന്നാളിൽ ഉണ്ടായിരുന്ന സിനിമയ്ക്കു ബയസ്ക്കോപ്പ് എന്നാണ് പറഞ്ഞിരുന്നതു്. അവ സംസാരിക്കാത്തവയായിരുന്നു. കടുവകളും പുലികളും ഓടുന്നതും, മനുഷ്യരും മൃഗങ്ങളും തമ്മിൽ ഗുസ്തിപിടിക്കുന്നതും, സായ്‌വന്മാരും മദാമ്മമാരുംകൂടി കെട്ടിപ്പിടിച്ചുകൊണ്ടു വട്ടം ചുററുന്നതും മററുമായിരുന്നു അവയിൽ കാണാറുണ്ടായിരുന്നതു്. കുറെ കഴിഞ്ഞപ്പോളാണ് സിനിമ സംസാരിച്ചു തുടങ്ങിയതു്. സംസാരമെല്ലാം ഇംഗ്ലീഷിലും പാട്ടെല്ലാം പട്ടിമോങ്ങലുപോലെയുമിരുന്നതായിട്ടാണ് എൻെറ ഓർമ്മ.

പിന്നീടു വന്ന സിനിമകളിൽ സായിപ്പും മദാമ്മയും പോയിട്ടു ശ്രീരാമനും സീതയും, ശ്രീകൃഷ്ണനും രാധയും, ഭീമനും പാഞ്ചാലിയും, നളനും ദമയന്തിയും മററും സ്ഥലം പിടിച്ചു. ദൃഷ്ടിഗോചരമല്ലാത്ത ദൈവങ്ങളേയും മരിച്ചു മണ്ണടിഞ്ഞുപോയ വീരപരാക്രമികളേയും കണ്ണുകൊണ്ടു കാണാം, നാലണ കൊടുത്താൽ എന്നു കേട്ടപ്പോൾ ഞങ്ങൾക്കെല്ലാവക്കും അന്നുണ്ടായ അത്ഭുതവും സന്തോഷവും സീ

മാതീതമായിരുന്നു. അമ്പലത്തിൽ തൊഴാൻ പോകുമ്പോ ഉത്തെപ്പോലുള്ള ഭക്തിയും, പഴയ പുണ്യാത്മാക്കളേയും അവരുടെ മഹാകൃത്യങ്ങളും കാണാനുള്ള വെമ്പലും, കാണാൻ പോകുന്നു എന്നുള്ള അഭിമാനവും, ആകപ്പാടെ ഒരു ആനന്ദവും നിറഞ്ഞതാണു് ഞങ്ങൾ അന്നൊക്കെ സിനിമ കാണാൻ പോയിരുന്നതു്. സിനിമയിൽ കണ്ട അമാനുഷികകൃത്യങ്ങൾ ഞങ്ങളെ സ്തബ്ധചിത്തരാക്കുമായിരുന്നു. പക്ഷേ, രാമനും ഭീമനും നാരദനും മററും ഓരോ ബയസ്കോപ്പിൽ ഓരോ തരായ കണ്ടിരുന്നതിന്റെ രഹസ്യം എനിക്കു മനസ്സിലായില്ല. അപ്പോഴാണു് ഇത്തിപ്പറമ്പിലെ കുട്ടപ്പൻ പറഞ്ഞതു്, അതൊന്നും വാസ്തവത്തിലുള്ളതല്ലെന്നും ചില പൊണ്ണത്തടിയന്മാർ നടിച്ചതു് ഫോട്ടോ എടുത്തതാണെന്നും. "പോടാ, അസംബന്ധം പറയാതെ! ഫോട്ടോ ഞങ്ങളും കണ്ടിട്ടുണ്ടു്. ഫോട്ടോ എങ്ങനാ [illegible]ങ്ങുകയും ഓടുകയും ചാടുകയും ചെയ്യുന്നതു്?" എന്നു [illegible]ഞ്ഞു് അമ്മ അവനു് ഒരു ആട്ടു കൊടുത്തതു ഞാൻ ഇപ്പോഴും നല്ലപോലെ ഓക്കുന്നു. പക്ഷേ അതൊരു കീറാമുട്ടിപ്രശ്നമായിത്തന്നെ വളരെനാൾ അവശേഷിച്ചു. ഓമനക്കുട്ടൻറച്ഛൻ വന്നുചേൎന്നു മൂന്നു മാസം കഴിഞ്ഞിട്ടാ അതിന്റെ കാൎയ്യം എനിക്കു മനസ്സിലായതു്.

അങ്ങനെയിരിക്കുമ്പോളാണു് ഒരു ദിവസം ഈ ദൈവങ്ങളെല്ലാം സംസാരിക്കുകയും പാട്ടു പാടുകയും ചെയ്തുതുടങ്ങിയെന്നും നാലണ കൊടുത്താൽ അതെല്ലാം കാണുകയും കേൾക്കുകയും ചെയ്യാമെന്നും കേട്ടതു്. ഞാനും അച്ഛന്റെ കൂടെ അതു കേൾക്കാൻ പോയി. എല്ലാവരും മണി

നാദംപോലെ സംസാരിച്ചിരുന്നു. പക്ഷേ, ഭാഷ തമിഴ്! അതെങ്ങനെ വന്നെന്നു ഞാൻ അത്ഭുതപ്പെട്ടു. ശ്രീരാമനും രാവണനും ഭീമനും ബകനും എല്ലാവരും പട്ടന്മാരോ തട്ടാന്മാരോ മററോ ആയിരുന്നോ? സീതയും സാവിത്രിയും ദമയന്തിയും എല്ലാവരും അമ്മ്യാരന്മാരായിരുന്നോ? കുളിക്കുമ്പോൾ തേയ്ക്കുന്ന മഞ്ഞൾ അവരുടെ മുഖത്തു പററിയിരിക്കുന്നുണ്ടോ എന്നു ഞാൻ സൂക്ഷിച്ചുനോക്കുമായിരുന്നു. അവരെല്ലാം തമ്മിൽതമ്മിൽ കാര്യങ്ങൾ പറഞ്ഞിരുന്നതു പകുതി ഗദ്യത്തിലും പകുതി സംഗീതത്തിലുമായിരുന്നുവോ? അത്യാവശ്യം ഒരു കാര്യം പറയുന്നതിനിടയ്ക്കു പതിനഞ്ചു മിനിട്ടു നീണ്ടുനില്ക്കുന്ന ഒരു രാഗവിസ്താരം തുടങ്ങുകയും മററെ ആൾ നിശ്ശബ്ദനായി അതു കേട്ടു താളം അടിച്ചുകൊണ്ടുനില്ക്കുകയും ചെയ്യുക ഒരുപക്ഷേ ദേവലോകത്തും അക്കാലത്തെ ഭൂലോകത്തും ഉണ്ടായിരുന്ന മര്യാദയാണെന്നും ഞാൻ വിചാരിച്ചു.

കാലം സ്വല്പംകൂടി മുന്നോട്ടു പോയി. അപ്പോഴാണു് സായിപ്പും മദാമ്മയും അല്ലാത്ത തനിമനുഷ്യരും അവരുടെ ജീവിതക്രമങ്ങളും സിനിമയിൽ കണ്ടുതുടങ്ങിയതു്. മനുഷ്യരെന്നു പറഞ്ഞാൽ പാണ്ടിക്കാർ എന്നർത്ഥം. തീവണ്ടിയും മോട്ടാറും, വക്കീലന്മാരും കോടതികളും, പാട്ടുകച്ചേരികളും ഘോഷയാത്രകളും, എൻ. എസ്സ്. കൃഷ്ണനും ടി. എ. മധുരവും, മററും വന്നുനിറഞ്ഞപ്പോളാണു് സിനിമയോടുള്ള ഭക്തിയും ബഹുമാനവും മനുഷ്യർക്കില്ലാതായതു്. പാട്ടു കേൾക്കാനും ഡാൻസു കാണാനും നേരം പോകാനും ആണുങ്ങൾക്കു പെണ്ണുങ്ങളെ കണ്ടു രസിക്കാനുമായിട്ടുള്ള ഒരു ഉപകരണമായി സിനിമ അധഃപതിച്ചു.

ചില സിനിമകളിൽ കണ്ട മനുഷ്യർ ഹിന്ദിയും പറഞ്ഞുതുടങ്ങി. ഞാൻ ഇക്കൂട്ടരെ ഈയിടെയാണു് ആദ്യം കണ്ടതെങ്കിലും, കാക്കാർശിക്കളിപോലുള്ള ഡാൻസും പെണ്ണുങ്ങളുടെ ശങ്കൂത്തും ഏറുപന്തുപോലുള്ള കുചസംവിധാനവും മുഖം മൂടികെട്ടിക്കൊണ്ടുള്ള വിവാഹങ്ങളും മററുമായി ഇവർ നാട്ടിലൊക്കെ നടക്കുന്നുണ്ടായിരുന്നത്രേ. ഇത്രയൊക്കെയായിട്ടും ഒരു സിനിമയിലെങ്കിലും ഒരുത്തക്കും മലയാളം അറിയാൻ വയ്യാതായിപ്പോയല്ലോ എന്നു് എനിക്കു തോന്നാറുണ്ടായിരുന്നു. ആക്ഷേപിച്ചാണെങ്കിലും ഒരു സിനിമയിൽ 'ലച്ചിമിക്കുട്ടീ, വരൂ, വരൂ' എന്നു് ഒരു സ്വാമിയാരും, 'അയ്യോട ചേട്ടാ' എന്നു് എൻ. എസ്സ്. കൃഷ്ണനും പറഞ്ഞതു കേട്ടപ്പോൾ ഞാൻ പുളകംകൊണ്ടുപോയി.

അങ്ങനെയിരിക്കുമ്പോളാണു് കേട്ടതു് മലയാളംതന്നെ പറയുന്ന ഒരു സിനിമ വരുന്നെന്നു്! നമ്മളു പറയുന്നതുപോലൊക്കെ സിനിമയിലും പച്ചമലയാളം കേൾക്കാമെന്നോ? ഒന്നല്ല പത്തു രൂപാ കൊടുത്താലും മലയാളംസിനിമ കാണേണ്ടതു് ഏതൊരു മലയാളിയുടേയും കടമയും അവകാശവുമാണെന്നു ഞാൻ വാദിച്ചു. ഓമനക്കുട്ടൻറച്ഛൻ വന്നുചേൎന്നിട്ടു് അധികം കാലമായിട്ടില്ലാതിരുന്നതിനാൽ അന്നു വാദം കൂടാതെതന്നെ സിനിമയ്ക്കു പോകാൻ സാധിച്ചു. പുസ്തകം വായിക്കുന്നതുപോലുള്ള സംസാരവും കടിച്ചുമുറിച്ച രീതിയിലുള്ള പാട്ടുകളും മലയാളരാജ്യത്തിൽ കണ്ടിട്ടും കേട്ടിട്ടുമില്ലാത്തതരത്തിലുള്ള സംഭവങ്ങളും ഒക്കെക്കൂടി എന്നെ കണ്ണു മിഴിപ്പിച്ചെങ്കിലും, "മ

ലയാളത്തിലും സിനിമാ വന്നേ!" എന്നു ഞാൻ സ്വയം അഭിനന്ദിച്ചു.

നാലഞ്ചു വഷം ഇടവിട്ടു് ഒന്നുരണ്ടു പ്രസവിച്ചതിനു ശേഷം തുരുതുര പ്രസവിക്കുന്ന ചില സ്ത്രീകളുണ്ടു്. അതു പോലെയാണു് മലയാളം സിനിമയും എന്നു തോന്നുന്നു. പരിതസ്ഥിതികളുടെ പ്രത്യേകതമൂലം കുറേനാളായി സിനിമയ്ക്കു പോകാൻ സാധിക്കാതെ വന്നു. അതിനിടയ്ക്കു മലയാളം സിനിമകൾ മുറയ്ക്കുമുറയ്ക്കു "മാവോ, മാവോ" എന്നു കരഞ്ഞുകൊണ്ടു ജനിച്ചുകഴിഞ്ഞിരിക്കുന്നു. നമ്മുടെ നാട്ടിലും നിറയെ താരങ്ങൾ ഉദിച്ചിരിക്കുന്നു. "അങ്ങേ വീട്ടിലെ കുഞ്ഞമ്മയും ഇങ്ങേ വീട്ടിലെ പെണ്ണമ്മയും ഇപ്പോൾ എവിടാ? കാണുന്നില്ലല്ലോ" എന്നു് അന്വേഷിച്ചപ്പോളാണു് കേട്ടതു്, "അവരൊക്കെ ഇപ്പോൾ താരങ്ങളാ! സിനിമയിൽ കളിക്കാൻ സേലത്തോ കോയമ്പത്തൂരോ മറേറാ പോയിരിക്കുവാ" എന്നു്. നല്ല കഥ എഴുതിയിരുന്ന ചിലരുടെ പേരു കണ്ടു കഥ വായിക്കാനായി ഒന്നുരണ്ടു വിശേഷാൽപ്രതികൾ നിവത്തുനോക്കിയപ്പോൾ കഥയ്ക്കു പകരം സിനിമാ എടുക്കുന്നതിനേപ്പററിയും നടിക്കുന്നതിനെപ്പററിയുമുള്ള നെടുങ്കൻലേഖനങ്ങളാണു് കണ്ടതു്. സിനിമയെപ്പററി എഴുതുന്നതാണു് കഥയെഴുത്തുകാരുടേയും ഫാഷൻ. പണ്ടൊക്കെ വൈദ്യവും മന്ത്രവാദവുമില്ലാത്തവർ ഇല്ലായിരുന്നു എന്നു കേട്ടിട്ടുണ്ടു്. ഇന്നു കുറച്ചെങ്കിലും രാഷ്ട്രീയവും സിനിമയുമില്ലാത്തവർ ഇല്ല എന്നുള്ളതാണു് പരമാത്ഥം. സിനിമയെപ്പററി നിരൂപണംചെയ്യാൻ അറിയാത്തവർ പഴഞ്ചന്മാർതന്നെ.

കാലം മൂത്തുമൂത്തു് "കുഞ്ചിയമ്മയ്ക്കും ഒന്നു സിനിമയിൽ കയററുമോ?" എന്നുവരെയായിരിക്കുന്നു ചോദ്യം.

“എൻെറ കുഞ്ഞേ, ഈ വയസ്സുകാലത്തു് ഈ തടിയും വെച്ചുകൊണ്ടു് എനിക്കു വയ്യ, ആടാനും പാടാനും ചാടാനും കണ്ണടിക്കാനും കുണുങ്ങാനും മററും! കാണുന്നവർ ചിരിക്കുകില്ലേ?” എന്നു ഞാൻ പറഞ്ഞു. അമ്മിണിക്കുട്ടി വലുതാകുമ്പോഠം പോണെങ്കിൽ പോയ്ക്കോട്ടെ. പക്ഷേ, വഷളാകരുതെന്നു മാത്രം. ഈ ശൃംഗാരക്കുട്ടന്മാരുടെ നടുക്കു പാവം പെൺകുട്ടികഠംക്കു് ഉപദ്രവം കൂടാതെ കഴിഞ്ഞുകൂടാൻ സാധിക്കുമോ, എന്തോ? അങ്ങനെയൊക്കെയാണെങ്കിൽ ഞാൻ അവളെ അയയ്ക്കുകില്ല. സിനിമയിൽ കയറിയില്ലെങ്കിലും സിനിമാനിരൂപണങ്ങളെങ്കിലും എഴുതണമെന്നു പലരും പറയുന്നുണ്ടു്. പത്തുപതിനഞ്ചു സിനിമകളെ നിരൂപണംചെയ്യാതെ അങ്ങു വിട്ടുകളഞ്ഞതു് കഷ്ടമായിപ്പോയത്രേ. ഈ സിനിമകഠം കാണാൻതന്നെ പരിതസ്ഥിതികഠം അനുവദിച്ചില്ല എന്നു പറഞ്ഞപ്പോഠം അവർ പറയുകയാണു്. “അതുകൊണ്ടാണു് നിങ്ങഠംതന്നെ നിരൂപണംചെയ്യണമെന്നു പറയുന്നതു്. കാണാത്ത സിനിമയെപ്പററിയുള്ള നിരൂപണം നിഷ്പക്ഷമായിരിക്കും. കണ്ണിൻേറയും കാതിൻേറയും സ്വാധീനശക്തിയിൽനിന്നു് അതു വിമുക്തമായിരിക്കും.” ഏതായാലും അടുത്ത സിനിമ പുറത്തു വരുമ്പോഴേയ്ക്കു ചില വാക്കുകളുടെ അത്ഥമൊക്കെ പഠിച്ചുവെയ്ക്കണമെന്നു് ആഗ്രഹമുണ്ടു്. ഡയറക്ഷൻ, ആഡിഃയാഗ്രാഫി, ഔട്ട്ഡോർ ഷൂട്ടിംഗ്, ഇൻഡോർ ഷൂട്ടിംഗ്, പ്രോസഡിംഗ്, കസ്ററ്യൂംസ് മുതലായ ഇംഗ്ലീഷുവാക്കുകളെപ്പററി ഓമനക്കുട്ടൻറച്ഛൻ മനസ്സിലാകുന്നവിധം പറഞ്ഞുതന്നാൽ നിരൂപണക്കളരിയിൽ ഇറങ്ങി അരക്കയ്യു പയററാമെന്നു വിചാരിക്കുകയാണു്.

## 2. അലങ്കാരം വേണ്ടന്നോ?

ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും. ശ്രീ. ആനന്ദക്കുട്ടൻെറ 'അലങ്കാരഭ്രമം' എന്ന റേഡിയോപ്രസംഗത്തിൻെറ ആദ്യഭാഗം വായിച്ചു ഞാനും കുടുകുടെ ചിരിച്ചു. ആണുങ്ങൾ അലങ്കാരത്തിനുവേണ്ടി കാണിക്കുന്ന വിഡ്ഢിത്തങ്ങൾ ഒന്നൊന്നായി പെറുക്കിയെടുത്തു തട്ടിക്കുടഞ്ഞു നിരത്തിവെയ്ക്കുന്നതു കാണുമ്പോൾ ആരും ചിരിച്ചുപോകും. അദ്ദേഹത്തിൻെറ ശ്രദ്ധ ചെറുപ്പക്കാരായ ശൃംഗാരക്കുട്ടന്മാരുടെ മേലാണു് മുഖ്യമായി പതിഞ്ഞതെന്നു തോന്നുന്നു. നാല്പതു-നാല്പത്തഞ്ചു വയസ്സിനുമേൽ പ്രായമായ കഷണ്ടിക്കാരുടേയും നരയന്മാരുടേയും ശൃംഗാരവിക്രിയകൾ നിരീക്ഷണം ചെയ്താൽ കൂടുതൽ രസംപിടിക്കുന്നതാണു്. ഏതായാലും ആണുങ്ങളുടെ കുററം ഏററുപറയാൻ ഒരാണു മുന്നോട്ടുവന്നതു് ഒരു നല്ല ശകുനമായി ഞാൻ കരുതുകയും അദ്ദേഹത്തിനു് എൻെറ വിനീതമായ അഭിനന്ദനം അർപ്പിക്കുകയും ചെയ്യുന്നു.

നിഷ്പക്ഷമായ ഒരു നിരൂപണമാണു് അദ്ദേഹത്തിൻെറ ഉദ്ദേശമെന്നു് എനിക്കറിയാം. പക്ഷേ, തെങ്ങിനും കമുകിനും ഒരേ 'തളായിപ്പു'' ഉപയോഗിക്കുവാൻ പാടില്ല എന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ചാക്കു് ഉപ്പു ചുമക്കുന്നവൻേറയും ഒരു കെട്ടു പഞ്ഞി ചുമക്കുന്നവൻേറയും തലയിൽ ഒരുപോലെ ജലം വഷിക്കുന്നതു നിഷ്പക്ഷതയായി കരുതാവുന്നതല്ല. പുരുഷന്മാരുടെ

വിദ്ധിവേഷഭ്രമവും സ്ത്രീകളുടെ സൌന്ദര്യബോധവും തമ്മിൽ ചക്കം ചുക്കംപോലെ വ്യത്യാസമുണ്ടു്. രണ്ടും ഒന്നാണെന്നു സങ്കല്പിച്ചു രണ്ടിനേയും ഒന്നുപോലെ അധിക്ഷേപിച്ചിട്ടു സ്ത്രീകളുടെ അലങ്കാരങ്ങൾക്കു് ഒരു വിരാമമിടണമെന്നും അവയ്ക്കു ചെലവാകുന്ന പണംകൊണ്ടു പല മഹാകാര്യങ്ങൾ സാധിക്കാമെന്നും അദ്ദേഹം ഉപദേശിക്കുമ്പോൾ, അന്നാമ്മച്ചേട്ടത്തി പ്രാൎത്ഥിക്കുന്നതുപോലെ, ഞാനും പ്രാൎത്ഥിച്ചുപോകുന്നു: "പിതാവേ, നീ അദ്ദേഹത്തെ പൊറുക്കേണമേ! എന്തെന്നാൽ, അദ്ദേഹം എന്താണു് പറയുന്നതെന്നു് അദ്ദേഹംതന്നെ അറിയുന്നില്ല."

"അലങ്കാരഭ്രമത്തിന്റെ തിമിരത്തിൽപ്പെട്ടു് നാം കയ്യും കണക്കുമില്ലാതെ ചെലവഴിക്കുന്ന പണമുണ്ടെങ്കിൽ എന്തെല്ലാം മഹാകാര്യങ്ങൾ സാധിച്ചുകൂടാ, ഒന്നാലോചിച്ചുനോക്കു" എന്നാണു് ശ്രീ. ആനന്ദക്കുട്ടൻ പറയുന്നതു്. എന്തെങ്കിലും ഒരു സാധനം വാങ്ങുന്നതിനുമുമ്പു്, അല്ലെങ്കിൽ വാങ്ങിക്കഴിഞ്ഞിട്ടു്, എല്ലാ പുരുഷന്മാരും പ്രസംഗിക്കാറുള്ള ശൈലിയാണു് ഇതു്. ഒന്നല്ല, പലപ്രാവശ്യം ഞാൻ ആലോചിച്ചുനോക്കി, സ്ത്രീയുടെ അലങ്കാരത്തിനു ചെലവാകുന്ന പണമുണ്ടെങ്കിൽ പുരുഷൻ അതുകൊണ്ടു് എന്തെല്ലാം മഹാകാര്യങ്ങൾ സാധിക്കുമെന്നു്. കൂടുതൽ ആഹാരം, കൂടുതൽ സിഗററു്, കൂടുതൽ ചീട്ടുകളി, കൂടുതൽ കണ്ടമാനച്ചെലവു്, ഒരു പക്ഷേ കൂടുതൽ സമ്പാദ്യം—ഇവയായിരിക്കും ഈ മഹാകാര്യങ്ങൾ! ഇവയിൽ ഏതുകൊണ്ടാണു് മനുഷ്യനു പ്രയോജനം? കൂടുതൽ ആഹാരം ഈ റേഷൻകാലത്തു കഴിച്ചാൽ ഒന്നുകിൽ

കാൺഗ്രസ്സ് പ്രമാണി എന്നു പേരുകിട്ടും, അല്ലെങ്കിൽ (റേഷൻ ആഹാരമാണ് കഴിക്കുന്നതെങ്കിൽ) വയറിളക്കം പിടിക്കും. സമ്പാദ്യംകൊണ്ടു പ്രയോജനമുണ്ടെന്നു ഞാനും സമ്മതിക്കുന്നു. പക്ഷേ, ശ്രുപ സമ്പാദിക്കുന്നതെന്തിനാ? ഉണ്ണാനും ഉടുക്കാനുമുള്ളതു കഴിഞ്ഞാൽ പിന്നെ ആഭരണങ്ങളും സാരികളും മററും വാങ്ങാനല്ലാതെ മറെറന്തുപയോഗമാണ് പണംകൊണ്ടു്? പണസമ്പാദനഭ്രമം എന്ന തിമിരത്തെയാണ് ഇന്നു ലോകത്തിൽനിന്നു നിഷ്കാസനം ചെയ്യേണ്ടതു്. പുരുഷൻെറ ഈ തിമിരത്തിനു ദൈവം നല്കിയിട്ടുള്ള ചെറിയ ഒരു പ്രതിവിധിയാണ് സ്ത്രീയുടെ സൌന്ദയ്യച്ചെലവുകൾ. ധനവാന്മാരുടേയും പിശുക്കന്മാരുടേയും ഇരുമ്പുപെട്ടികളിൽ പൂത്തു കിടക്കേണ്ട എത്ര ശ്രുപയാണ് അവരുടെ ഭാൎയ്യമാരും പുത്രിമാരും പരോക്ഷമായിട്ടു വിവിധതൊഴിലാളികളുടെ വിശപ്പടക്കുന്നതിന് എത്തിച്ചുകൊടുക്കുന്നതു്? ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയിൽ ഇന്നത്തെ സൌന്ദയ്യച്ചെലവുകൾ നിൎത്തുന്നതു തൊഴിലാളികളോടും ചെറുതരം വ്യാപാരികളോടും ചെയ്യുന്ന ഒരു ഭയങ്കര അനീതിയായിരിക്കുമെന്നാണ് എൻെറ ചെറിയ പെൺബുദ്ധിയിൽ തോന്നുന്നതു്.

പുടവയും റൌക്കയും പുളിയിലക്കരനേരിയതുംകൊണ്ടു തൃപ്തിപ്പെട്ടിരുന്ന സ്ത്രീകൾ ഒരു കാലത്തു നമ്മുടെ നാട്ടിലുണ്ടായിരുന്നു എന്നു് അദ്ദേഹം അനുസ്മരിക്കുന്നു. അതു ശരിയാണ്. ആ കാലത്തിനും മുമ്പു പുടവകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരുന്ന സ്ത്രീകളുമുണ്ടായിരുന്നു എന്നു ഞാനും പറഞ്ഞുകൊള്ളട്ടെ. അതിനും വളരെമുമ്പു പുടവകൂടിയില്ലാ

തെതന്നെ തൃപ്തിയടഞ്ഞിരുന്നുവെന്നു പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടു്. ഈ പുരോഗമനകാലത്തും പിന്തിരിഞ്ഞോടണമെന്നാണു് അദ്ദേഹം നിർദ്ദേശിക്കുന്നതെങ്കിൽ ആ ഓട്ടം പുടവ – റൌക്ക– പുളിയിലക്കരയൻമേൽക്കുററിവരെയാക്കി നിർത്തുന്നതെന്തിനാ, കുറേക്കൂടി പുറകോട്ടു് ഓടരുതോ എന്നൊരു ചോദ്യം ഉണ്ടാകുന്നതാണു്.

ഇതു നമ്മെ മൌലികമായ ഒരു പ്രശ്നത്തിലേയ്ക്കു കൊണ്ടുവരുന്നു. സ്ത്രീകൾ വസ്ത്രധാരണം ചെയ്യുന്നതു് എന്തിനാണു്? നഗ്നത മറയ്ക്കാനാണോ? ആണെങ്കിൽ നഗ്നതയുടെ അതിരുകൾ ഏവ? ഒരു ചാൺ മരവിരികൊണ്ടു കാട്ടുജാതിക്കാർ നഗ്നത മറയ്ക്കുന്നു. ഒററമുണ്ടോ പുടവയോ ഉടുത്താൽ നഗ്നത മറഞ്ഞതായി നമ്മുടെ നാട്ടിൽ അല്പകാലംമുമ്പുവരെ വിചാരിക്കപ്പെട്ടിരുന്നു. ഒരു റൌക്കകൂടി ഇട്ടാലേ നഗ്നത മറയൂ എന്നായി പിന്നീടുള്ള അഭിപ്രായം. വെളിയിലിറങ്ങുമ്പോൾ ഒരു മേൽമുണ്ടുകൂടി ഉണ്ടായാലേ ഇടത്തരക്കാൎക്കു നഗ്നത മറയുകയുള്ളു. ബ്ലൌസിനുള്ളിൽ ബാഡിയും സാരിക്കുള്ളിൽ പാവാടയും മററും മററും വേണം, ഇപ്പോൾ ഉള്ളവൎക്കു നഗ്നത മറയ്ക്കാൻ. മുസ്ലിംസ്ത്രീകൾക്കാകട്ടെ, ചുണ്ടും കവിളും കണ്ണും എല്ലാം മറച്ചു മൂടിയില്ലെങ്കിൽ നഗ്നതയുടെ ഒരു നാണം അവൎക്കുണ്ടാകുന്നു. ഇവരിൽ ആരാണു് ശരി? ഓരോരുത്തരും അവരവരുടെ സ്റ്റാൻഡാർഡനുസരിച്ചു ശരിതന്നെയല്ലേ? അതോ, ഏതെങ്കിലും ഒരു വര വരച്ചു്, അതിനപ്പുറമുള്ളതു തെററെന്നും ഇപ്പുറമുള്ളതു ശരിയെന്നും വെയ്ക്കാമോ?

സൌന്ദൎയ്യം, കല എന്നൊക്കെ എല്ലാവരും കേട്ടിട്ടി

ല്ലേ? അതു വെറും അസംബന്ധമല്ലെന്നും അതിൽ എന്തോ കുറച്ചു കാൎയ്യമുണ്ടെന്നും പരക്കെ സമ്മതമല്ലേ? അങ്ങനെയാണെന്നു് ആണുങ്ങൾ സമ്മതിക്കുമെങ്കിൽ, നഗ്നത മറയ്ക്കാനുള്ള വസ്ത്രധാരണം കലാപരമായി, സൌന്ദൎയ്യമയമായി, ചെയ്യണമെന്നുള്ള സ്ത്രീയുടെ ആഗ്രഹത്തെപ്പറ്റി അവർ കുററം പറയാൻ പാടില്ല. ചെയ്യാനുള്ളതു വേണ്ടവിധം, ഭംഗിയായി, ചെയ്യണം എന്നുള്ളതു സ്ത്രീസ്വഭാവമാണു്. എങ്ങനെയെങ്കിലും ചെയ്തെന്നു വരുത്തിക്കൂട്ടണം എന്നാണു് പുരുഷസ്വഭാവം. സ്ത്രീകളാൽമാത്രമല്ല, മഹാന്മാരായ പുരുഷന്മാരാലും വാഴ്ത്തപ്പെട്ടിട്ടുള്ള സ്ത്രീയുടെ ഈ മഹനീയപാരമ്പൎയ്യത്തെ ഇല്ലായ്മചെയ്യുന്നതിനോ കുറയ്ക്കുന്നതിനോ അധിക്ഷേപിക്കുന്നതിനോ ആരും പേന എടുക്കരുതേ, വായ് തുറക്കരുതേ എന്നു ഞാൻ വിനീതമായി പ്രാൎത്ഥിക്കുന്നു.

പുതച്ചുമൂടി നഗ്നത മറയ്ക്കുന്നതിൽ കലയുടെ അംശം ഒട്ടുമില്ല. മറയ്ക്കേണ്ട ഭാഗങ്ങൾ മറച്ചും, സുന്ദരമായ ഭാഗങ്ങൾ പ്രദൎശിപ്പിച്ചും ഒളിച്ചുകളിയാൽ കാണികളുടെ സൌന്ദൎയ്യബോധത്തെ കിക്കിളിയിട്ടു് ഉയൎത്തിപ്പറപ്പിക്കാൻ പൎയ്യാപ്തമായ ഭാഗങ്ങളെ ഒട്ടു കാണിച്ചും ഒട്ടു മറച്ചുവെച്ചും വസ്ത്രധാരണംചെയ്യേണ്ടതു കലാപോഷണത്തിനു് അത്യന്താപേക്ഷിതമാണു്.

നിഷ്കാമമായ കലാരാധനയ്ക്കുവേണ്ടിമാത്രമല്ല സ്ത്രീ അലങ്കാരംചെയ്യുന്നതെന്നു സമ്മതിച്ചുകൊള്ളട്ടെ. അവൾക്കു ചില ആവശ്യങ്ങളും നേടേണ്ടതായിട്ടുണ്ടു്. പ്രധാനം ഒരു പുരുഷനെ കസ്റ്റഡിയിലാക്കണമെന്നുള്ളതു്. അതിനാൽ

പുരുഷൻെറ മനസ്ഥിതിക്കനുസരിച്ച കുറെയൊക്കെ കളിക്കാതെ അവൾക്കു നിവൃത്തിയില്ല. സൌന്ദയ്യമില്ലെങ്കിലും, സൌന്ദയ്യബോധം കുറവാണെങ്കിലും, പുരുഷനു സൌന്ദയ്യഭ്രാന്തുണ്ടു്. ഈ സൌന്ദയ്യഭ്രാന്തിനെ ഇളക്കിവിട്ടാൽ മാത്രമേ അവനിൽനിന്നു് എന്തെങ്കിലും കായ്യം എളുപ്പത്തിൽ സാധിക്കുകയുള്ളു. സഹവിദ്യാത്ഥികളിൽനിന്നു നോട്ടുപുസ്തകം വാങ്ങിക്കാനായാലും, പ്രൊഫസറന്മാരിൽനിന്നു രണ്ടു മാക്ക് കൂടുതൽ തട്ടിക്കാനായാലും, ഒരു യുവാവിൽനിന്നു പ്രണയാത്ഥന ലഭിക്കാനായാലും, ട്രാൻസ്പോട്ടു ബസ്സിൽ ഒന്നിരിക്കാനായാലും സൌന്ദയ്യഭ്രാന്തിനെ കുന്നിളക്കിവിടാതെ തരമില്ല. അച്ഛനമ്മമാർ ധനവും കുടുംബസ്ഥിതിയും മററും പ്രധാനമായിക്കരുതിയാലും് ഒരു പുരുഷൻ പൂണ്ണസമ്മതത്തോടെ വിവാഹംചെയ്യുന്നതു് അയാൾക്കു സൌന്ദയ്യം ബോധിച്ച സ്ത്രീയെമാത്രമായിരിക്കും. അതുകൊണ്ടു പുരുഷനെ പ്രീണിപ്പിക്കുവാൻ—അവനെ വശീകരിക്കുവാനെന്നോ വട്ടംകറക്കുവാനെന്നോ ചില കുബുദ്ധികൾ പറയുമായിരിക്കാം—സ്ത്രീക്കു സുന്ദരീവേഷം ചമയേണ്ടതായി വന്നുകൂടുന്നു.

എന്തു വേണമെങ്കിലും ആവട്ടെ എന്നുവെച്ച സ്ത്രീകൾ സൌന്ദയ്യംചമയൽ തീരെ നിത്തി, തലമുതൽ കാൽവരെ മൂടിക്കെട്ടി ഘോഷാസ്ത്രീകളായി നടന്നാൽ പിന്നെ പുരുഷന്മാരുടെ സ്ഥിതി എന്തായിരിക്കും എന്നുകൂടി ഒന്നാലോചിക്കേണ്ടതാണു്. പൂക്കളുള്ള ആരാമത്തിൽനിന്നിറങ്ങി മരുഭൂമിയിൽ ചെല്ലുന്നതിനു തുല്യമായിരിക്കും അവരുടെ സ്ഥിതി. വിമൻസ്കാളേജിനു സമീപവും, വ

നിത്താഫോസ്സുകളെ പുറത്തിപ്പററിയും, ശേൾസ്സ്സ്ലകള്ള ടെ ശേററിനടുത്തും പുഞ്ചിരിയും സ്റ്റൈലും ഫലിതവുമായി കൂടുന്ന ആൺചിത്രശലഭങ്ങൾ നിരാശരായി ആത്മഹത്യചെയ്യുകയില്ലെന്നു് ആരറിഞ്ഞു? സന്ധ്യയ്ക്കു ക്ഷേത്രങ്ങളിലും ഞായറാഴ്ച പള്ളികളിലും ആളുകളില്ലാതെ വന്നു മതത്തിനുതന്നെ ഇടിവു തട്ടുകയില്ലേ? കണ്ണിനു കിട്ടുന്ന കുളർമ നഷ്ടപ്പെട്ടാൽ പുരുഷന്മാർക്കെല്ലാം ചെങ്കണ്ണു പിടിക്കുകയില്ലേ? ആൾസഞ്ചാരമില്ലാതെ പാർക്കിലും ബീച്ചിലും കൂടി പുല്ലുപിടിക്കുകയില്ലേ? തയ്യൽക്കാരുടേയും ടായ്‌ലെററു വില്ലനക്കാരുടേയും മടിശ്ശീലകൾമുതൽ ചിത്രമെഴുത്തുകാരുടെയും ഫലിതമെഴുത്തുകാരുടെയും കവികളുടെയും ഭാവന വരെ ഉണങ്ങി വരണ്ടു ശൂന്യമായി പോകയില്ലേ?

പുരുഷൻെറ സൌന്ദര്യഭ്രാന്തിനെപ്പററി ഞാൻ പറഞ്ഞല്ലോ. അതു് എത്ര വദ്ധിച്ചു കാടുകയറിയിട്ടുണ്ടെന്നുള്ളതിനു് ഒരു ലക്ഷ്യം ശ്രീ. ആനന്ദക്കുട്ടൻെറ ലേഖനത്തിൽത്തന്നെ കാണാൻ കഴിയും. സ്ത്രീ എന്തു ചെയ്താലും അതിൽ അവൻ 'ബ്യൂട്ടി'യാണു് ദശിക്കുന്നതു്. തല ചീകി മിനുക്കിയാൽ സ്ലിംബ്യൂട്ടി! തല ചീകാതെ പറ പറ ഇട്ടാൽ കെയർലസ്സ്ബ്യൂട്ടി! വിളറി വിളുത്തു ചടച്ച എല്ലുംകോലികൾ അങ്ങനെയിരിക്കുന്നതു് ആണുങ്ങളെ ഭ്രമിപ്പിക്കാനായി സ്ലിംബ്യൂട്ടിചമയുകയാണത്രേ! ഒരുത്തി ചക്കിൻകുററിപോലെ തടിച്ചുപോയാൽ അതു കെയർലെസ്സ്ബ്യൂട്ടിയായി? ആഭരണങ്ങളിട്ടാൽ അതും ബ്യൂട്ടി, ഇട്ടില്ലെങ്കിൽ അതു് അതിലേറെ ബ്യൂട്ടി! തലമുടി കെട്ടിയാലും ചുരുട്ടിയാലും നീട്ടിയാലും വെട്ടിയാലും എല്ലാം

ബ്യൂട്ടിതന്നെ! ബ്ളൌസിനു വട്ടക്കഴുത്തായാൽ ബ്യൂട്ടി, ഗോപിക്കഴുത്തായാൽ ബ്യൂട്ടി, രണ്ടും വേണ്ടെന്നുവെച്ച് വട്ടക്കഴുത്താക്കിയാലോ, അതു കലശലായ ബ്യൂട്ടി! പല നിറങ്ങൾ ഉപയോഗിച്ചാൽ അതൊരു ബ്യൂട്ടി, പൂവിനും ചെരിപ്പിനുമോ ബ്ളൌസിനും ബാർഡിനുമോ ഒരേ നിറമായിപ്പോയാൽ അതു സ്റ്റൈലൻബ്യൂട്ടി, ചുണ്ടുകൾ നഗ്നമായി കിട്ടിയാൽ ഹൃദയാവർജ്ജകമായ ബ്യൂട്ടി, ലിപ്സ്റ്റിക്കുകൊണ്ടു ഗോപനംചെയ്താൽ കരൾ കവരുന്ന ബ്യൂട്ടി! മയിലാഞ്ചിയിട്ടാൽ കൺട്രിബ്യൂട്ടി, ക്യൂട്ടക്സ് പുരട്ടിയാൽ സിവിലൈസ്ഡ് ബ്യൂട്ടി! വളകൾ ഇട്ടാൽ ഗ്രാമീണബ്യൂട്ടി, രിസ്റ്റുവാച്ച് കെട്ടിയാൽ അർബൻബ്യൂട്ടി! കുളിക്കാൻ പോയാൽ ബേതിംഗ്ബ്യൂട്ടി! ഉറങ്ങാൻ പോയാൽ സ്ലീപ്പിംഗ്ബ്യൂട്ടി, ഒന്നു തുമ്മിയാൽ സ്നീസിംഗ് ബ്യൂട്ടി! ഇങ്ങനെ എന്തു ചെയ്താലും ചെയ്യാതിരുന്നാലും എല്ലാം പെണ്ണുങ്ങളുടെ ബ്യൂട്ടിയാണ്, സ്റ്റൈലാണ്, അലങ്കാരഭ്രമമാണ് എന്നു പുരുഷലോകത്തിനു തോന്നിത്തുടങ്ങിയാൽ പെണ്ണുങ്ങൾ എന്തു ചെയ്യും? അവരെ കുററം പറകയും ആക്ഷേപിക്കുകയും ചെയ്യുന്നതുകൊണ്ട് എന്താണ് പ്രയോജനം? ഇതിലൊക്കെ ഭേദം ആണുങ്ങൾ ഈ പറഞ്ഞ സ്വന്തം സുഖക്കേടിനു ചികിത്സ നോക്കുകയല്ലേ? പക്ഷേ, സുഖമുള്ള ഒരു സുഖക്കേടാണല്ലോ ഇത്! പിന്നെ ആർക്കു വേണം ചികിത്സ?

സ്നേഹത്തിനും ലോക്യത്തിനും ഇങ്ങനെ സൌമ്യമായി പറഞ്ഞെന്നേ ഉള്ളൂ. എതിർക്കാനാണെങ്കിൽ ഒററയടിക്ക് എതിർക്കാം: "ഇതു ഞങ്ങളുടെ ഇഷ്ടമാണ്, അവ

കാശമാണ്. ഇതേപ്പററി ചോദ്യംചെയ്യാൻ പുരുഷനു് അധികാരമില്ല, അവകാശവുമില്ല" എന്നങ്ങു പറയും. പക്ഷേ അതൊന്നും എനിക്കിഷ്ടമില്ല. കാര്യമറിയാവുന്ന വരോടു കാര്യം പറഞ്ഞുതന്നെ ബോദ്ധ്യപ്പെടുത്താമല്ലോ. ഞാൻ പറഞ്ഞതിൻെറ സാരം, സ്ത്രീകളുടെ അലങ്കാരഭ്രമം വേണ്ടെന്നു വെയ്ക്കണമെന്നു പറയുന്നതു പുരുഷന്മാരെ സ്സംബന്ധിച്ചിടത്തോളം അത്ഥശൂന്യവും ആത്മഹത്യാപരവുമാണെന്നാണ്. അതു സ്ത്രീയുടെ സ്ത്രീത്വത്തിനും പുരുഷൻെറ പുരുഷത്വത്തിനും വിപരീതമാണ്.

## 3. സ്ത്രീകളും നിയമസഭാതിരഞ്ഞെടുപ്പും

സ്ത്രീകളുടെ ഭാവിയെ സാരമായി സ്പശിക്കുന്ന ചില പ്രധാനസംഗതികൾ സ്ത്രീകളുടെ സത്വരശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ കാൎയ്യമായി പറയുന്ന സംഗതികൾ സഗൌരവം വീക്ഷിക്കാതെ വെറുതെ ചിരിച്ചു തള്ളിക്കളയുകയാണു് പലരും പതിവെന്നു് അറിയാൻ ഇടയായിട്ടുണ്ടു്. ചക്കുകൊണ്ടു സ്വരാജ്യം ലഭിക്കുമെന്നു ഗാന്ധിജിയും, ഒച്ചപ്പാടുണ്ടാക്കി പാക്കിസ്ഥാൻ വാങ്ങാമെന്നു ജിന്നയും, രണ്ടു വിരലുകൾ V എന്ന ആകൃതിയിൽ കാണിച്ചു യുദ്ധം ജയിക്കാമെന്നു ചൎച്ചിലും, മതംമാററത്തേയും പള്ളിക്കൂടങ്ങളേയും തൊട്ടുകളിക്കാൻ ഒരുമ്പെടുന്നവരെ വെറുമൊരു വെന്തിങ്ങാകൊണ്ടു് എറിഞ്ഞു താഴെ ഇടാമെന്നു് അന്നാമ്മച്ചേട്ടത്തിയുടെ അടിച്ചുതളിക്കാരിപ്പെണ്ണും മററും പറഞ്ഞപ്പോൾ അവ കേട്ടിരുന്നവരിൽ പലരും അവയെ ചിരിച്ചുതള്ളിക്കളഞ്ഞിരുന്നു എന്നതു ഞാൻ അനുസ്മരിക്കുന്നു. സ്ത്രീകളുടെ നില അപകടത്തിലായിരിക്കുന്ന ഈ വിഷമഘട്ടത്തിലെങ്കിലും കളിയും ചിരിയും നിൎത്തി സകലരും ഉണൎന്നു പ്രവൎത്തിക്കണമെന്നു ഞാൻ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

അടുത്ത ആണ്ടിൽ പുതിയ നിയമസഭാതിരഞ്ഞെടുപ്പു നടക്കുമെന്നും പ്രായപൂൎത്തിവന്ന എല്ലാ സ്ത്രീപുരുഷന്മാൎക്കും വോട്ടുചെയ്യാമെന്നും പത്രങ്ങളിൽ കണ്ടതുകൂടാതെ

ഓമനക്കുട്ടൻറച്ഛനും പറഞ്ഞു. അപ്പോൾ, ആകെയുള്ളതിൻെറ പകുതി വോട്ടുകൾ സ്ത്രീകളുടെ കൈവശമാണു്. ഈ വോട്ടുകൾ പുരുഷന്മാൎക്കടിമപ്പെടുത്താതെ, സ്ത്രീകളുടെ നില ഉറപ്പിക്കുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും നാം ഉപയോഗിക്കണം. നിയമസഭയിലെ 51 ശതമാനം സീററുകളെങ്കിലും സ്ത്രീകൾ കരസ്ഥമാക്കണം. പുരുഷന്മാർമാത്രമുള്ള ഡിലിമിറേഷൻകമ്മിററി ഭൂരിപക്ഷമായ സ്ത്രീവൎഗ്ഗത്തെ ഒരു ന്യൂനപക്ഷമാക്കാൻ കുണ്ടാമണ്ടികൾ കാട്ടുന്നെങ്കിൽ, അവയെ എതിൎക്കുന്നതിനും, വേണ്ടിവന്നാൽ മണിബെൻപട്ടേലിൻെറയും മിസ്സിസ് വി. പി. മേനോൻെറയും അടുക്കൽ ഒരു ഡെപ്യൂട്ടേഷൻ പോകുന്നതിനും ഒരു വിജിലൻസ് കമ്മിററി ഉണ്ടാക്കണം. തിരഞ്ഞെടുപ്പിൽ ഗ്രഹപ്പിഴയ്ക്കു് അഞ്ചോ ആറോ സീററു കുറഞ്ഞുപോയി എന്നു വന്നാൽത്തന്നെയും വലിയ കുഴപ്പമൊന്നും ഉണ്ടാകാനില്ല. പറഞ്ഞാൽക്കേൾക്കുന്ന കുറെ പുരുഷന്മാൎക്കുവപ്പുളുക്കൾമുതൽ മന്ത്രിയുദ്യോഗങ്ങൾവരെ എന്തെങ്കിലും കൊടുത്താൽ ആ കൊച്ചുകുരങ്ങന്മാരെക്കൊണ്ടു നമുക്കാവശ്യമുള്ള സംഗതികൾ മാന്തിയെടുപ്പിക്കാം. പക്ഷേ നാം ഒരുമയോടുകൂടി സംഘടിച്ചു പ്രവൎത്തിച്ചെങ്കിൽമാത്രമേ എന്തെങ്കിലും സാധിക്കയുള്ളു.

സ്ത്രീകളുടെ വക ഒരു മന്ത്രിസഭ ഉണ്ടാകേണ്ട ആവശ്യകത ആദ്യമായി സ്ത്രീജനങ്ങളെ മനസ്സിലാക്കണം. ഓരോ വനിതാവോട്ടറേയും നാം സമീപിക്കണം. പുരുഷൻ ബലവാനും സ്ത്രീ അബലയുമാണെന്നുള്ള മിഥ്യാബോധത്തെ ഇല്ലായ്മചെയ്യണം. ഒരു സ്ത്രീമന്ത്രിസഭ എന്നതു്

ഒരു മരീചികയല്ലെന്നും സ്വല്പം ശ്രമംചെയ്താൽ കയ്യ നീട്ടി എടുക്കാവുന്ന ഒരു സാധനമാണെന്നും നാം ബോധ്യപ്പെടുത്തണം. സ്ത്രീമന്ത്രിസഭ സ്ത്രീകൾക്കുവേണ്ടി എന്തെല്ലാം ചെയ്യുമെന്നുള്ളതു് ഒരു പ്രകടനപത്രികമൂലം ആകർഷണീയമായി വിവരിക്കണം. പ്രകടനപത്രികയിൽ ചേർക്കേണ്ട കാര്യങ്ങളുടെ ഒരു സ്ഥൂലവിവരം ഞാൻ പ്രസ്താവിക്കാം:

1. പുരുഷന്റെ മേധാവിത്വത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്ന നിയമങ്ങൾ റദ്ദ്ചെയ്തു പുതിയ നിയമങ്ങൾ ഉണ്ടാക്കുക.

2. എല്ലാ ഗവമ്മെൻറുസ്ഥാപനങ്ങളിലും, തദ്വാരാ രാജ്യമൊട്ടുക്കും, ഒരു വനിതാന്തരീക്ഷം സൃഷ്ടിക്കുക. ഇതിന്റെ വിശദപരിപാടികൾ പ്രകടനപത്രികയിൽ ചേർക്കേണ്ട ആവശ്യമില്ല. ശ്രീമതി വിജയലക്ഷ്മി യു. പി.യിലെ മന്ത്രിയായപ്പോൾ ആദ്യമായി ചെയ്തതു തന്റെ ആഫീസ്സുമുറി പുഷ്പങ്ങളും മററുംകൊണ്ടു് അലങ്കരിക്കുകയായിരുന്നു. പുഷ്പങ്ങൾമുതൽ ചക്കമെടൽവരെയും കസവുടേപ്പുകളും ബാർഡർവെച്ച ഫൈലുകളും മററും തരാതരംപോലെ ഈ അന്തരീക്ഷരൂപീകരണത്തിനു നമുക്കു് ഉപയോഗിക്കാവുന്നതാണു്.

3. വിദ്യാഭ്യാസം വനിതസാൽക്കരിക്കുക. മെക്കാളിപ്രഭു സൃഷ്ടിച്ച ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനോദ്ദേശം ഗവമ്മെൻറാഫീസ്സുകളിൽ ക്ലാക്കന്മാരെ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണു്. സ്ത്രീകളെ സ്ത്രീകളായും

പുരുഷന്മാരെ സ്ത്രീകളുടെ ഭർത്താക്കന്മാരായും വളർത്തിക്കൊണ്ടുവരുന്നതിനു പര്യാപ്തമായ ഒരു വിദ്യാഭ്യാസപദ്ധതി സ്ത്രീമന്ത്രിസഭ നടപ്പിൽ വരുത്തുന്നതാണു്. രാജ്യത്തുള്ള ഗൃഹങ്ങളിൽ ആകമാനം പടൎന്നുപിടിച്ചിരിക്കുന്ന അസ്വാസ്ഥ്യങ്ങൾ ഇല്ലായ്മചെയ്യുന്നതിനുള്ള ഏകമാൎഗ്ഗം പുരുഷന്മാൎക്കു ശരിയായ തരത്തിലുള്ള വിദ്യാഭ്യാസം വനിതാന്തരീക്ഷമുള്ള സ്കൂളുകളിൽവെച്ചു നിൎബ്ബന്ധിതമായി കൊടുക്കുക എന്നുള്ളതാണു്.

4. വിവാഹക്കരിഞ്ചന്ത ഉന്മൂലനംചെയ്യുക. മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ അടുത്ത ദിവസം തന്നെ ഊൎജ്ജിതനടപടികൾ എടുക്കുന്ന ഒരു അടിയന്തരകാൎയ്യമാണു് ഇതു്. വിവാഹാലോചനയുംകൊണ്ടു ചെല്ലുമ്പോൾ, “പതിനായിരം തരാമോ?”, “ശീമയ്ക്കു് അയയ്ക്കാമോ?”, “ഉദ്യോഗം വാങ്ങിച്ചുതരാമോ?” എന്നും മററും ആവശ്യപ്പെടുകയും, “പഠിത്തം കഴിയട്ടെ”, “ജോലി കിട്ടട്ടെ”, “ഇപ്പോൾ വിവാഹം വേണമെന്നു വിചാരിക്കുന്നില്ല” മുതലായ വെറും ഒഴികഴിവുകൾകൊണ്ടു വില വൎദ്ധിപ്പിക്കുകയും ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കുന്നതാണു്. ഒരു അവിവാഹിതയായ സ്ത്രീ തന്നെ വിവാഹം കഴിക്കണമെന്നു് ഒരു അവിവാഹിതനായ പുരുഷനോടു് ആവശ്യപ്പെട്ടാൽ, തക്കതായ തടസ്സങ്ങളില്ലെങ്കിൽ, അയാൾ അതിനു വഴങ്ങിക്കൊടുക്കേണ്ടതാണു്. തടസ്സങ്ങൾ പറഞ്ഞാൽ കാൎയ്യം ഒരു വിവാഹക്കോടതിയുടെ തീരുമാനത്തിനു വിട്ടുകൊടുക്കുന്നതും കോടതിയുടെ തീരുമാനം അവസാനമായിരിക്കുന്നതുമാണു്. ഏററവും സത്യസന്ധതയും ന്യാ

യബോധവുമുള്ള സ്ത്രീകളെമാത്രമേ വിവാഹക്കോടതിയിലെ ജഡ്ജിമാരായി നിയമിക്കുകയുള്ളൂ.

5. സന്താനങ്ങളുടെ ജനനവും വളത്തലും നിയന്ത്രിക്കുക. സന്താനോല്പാദനവും ശിശുപരിപാലനവും മുഴുവൻ ദേശസാല്ക്കരിക്കണമെന്നും, അതല്ല, അവ വ്യക്തികളുടെ സ്വന്തമിഷ്ടത്തിനു വിട്ടുകൊടുക്കണമെന്നും, രണ്ടു ചിന്താഗതികളുണ്ടു്. രണ്ടിന്റേയും ഇടയ്ക്കുകൂടി പ്രയാണംചെയ്യുകയായിരിക്കും സ്ത്രീമന്ത്രിസഭയുടെ തല്ക്കാലത്തെ നയം. രാജ്യത്തിന്റെ ആവശ്യവും കഴിവുമനുസരിച്ചു് ജനനങ്ങളെ നിയന്ത്രിക്കും. പക്ഷേ ഈ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് തനിക്കിത്ര പ്രസവിക്കണമെന്നു നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ഓരോ സ്ത്രീക്കുമുണ്ടായിരിക്കും. അവളുടെ നിശ്ചയം ഗവമ്മെൻറു് അംഗീകരിച്ചുകഴിഞ്ഞതിനുശേഷം, ആ നിശ്ചിതഎണ്ണത്തിൽ കൂടുതൽ അവൾ പ്രസവിച്ചാൽ അവളുടെ ഭത്താവു ശിക്ഷാഹനായിത്തീരുന്നതാണു്. പ്രസവത്തിനു സകലസൌകയ്യങ്ങളുമുള്ള ആശുപത്രികൾ നാടുമുഴുവൻ സ്ഥാപിക്കുന്നതും പ്രസവച്ചെലവു് ഗവമ്മെൻറിൽനിന്നു വഹിക്കുന്നതുമാണു്. ശിശുപരിപാലനം ഗവമ്മെൻറു് ഏറെറടുക്കണോ, അതോ, അതിനുവേണ്ട ഗ്രാൻറും സാമഗ്രികളും വ്യക്തികളെയോ സഹകരണസംഘങ്ങളേയോ ഏല്പിച്ചാൽ മതിയോ എന്നും മററുമുള്ള കായ്യങ്ങൾ തീരുമാനിക്കാൻ ഒരു കമ്മിററിയെ നിയമിക്കുന്നതാണു്.

6. വേദനയില്ലാത്ത പ്രസവം നടപ്പാക്കുക. ഇതു് ഏററവും പ്രധാനമായ ഒരു കത്തവ്യമായി സ്ത്രീമന്ത്രിസഭ

കരുതുന്നതാണു്. റഷ്യയിൽ ഇതു കുറേശ്ശ നടപ്പുണ്ടെന്നു കേട്ടിട്ടുണ്ടു്. എന്തുതന്നെ ചെലവായാലും വേണ്ടില്ല, ഒരു കോടി രൂപാ കടം എടുത്താലും തരക്കേടില്ല, റഷ്യയിലെ വിദഗ്ദ്ധനെ ഒന്നിങ്ങോട്ടു വരുത്തുകയും ആ വിദ്യ ഇവിടെയുള്ളവരെക്കൂടി പഠിപ്പിക്കുകയും ചെയ്യുന്നതാണു്. ഔവ്വായുടെ കാലംമുതൽ സ്ത്രീകൾ അനുഭവിച്ചുവരുന്ന ഈ അവശത മാററുന്നതിനുള്ള ഏകമാർഗ്ഗം സ്ത്രീകൾ സ്ത്രീകൾക്കുവേണ്ടി അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുകമാത്രമാണു്.

7. പുരുഷന്മാരുടെ രാഷ്ട്രീയതമ്മിൽത്തല്ലുകൾ മാതൃസഹജമായ വിധത്തിൽ ഒതുക്കുക. നാം വോട്ടുപിടിക്കാൻ ഇറങ്ങുമ്പോൾത്തന്നെ പുരുഷന്മാരുടെ വിവിധസംഘടനകൾ നമ്മെ ചോദ്യങ്ങൾകൊണ്ടു് അലട്ടും. "നിങ്ങൾ കമ്യൂണിസ്ററുകാരെ വെടിവെച്ചു പുകയ്ക്കുമോ?" "പള്ളിക്കൂടങ്ങളിലെ അന്തരീക്ഷവിദ്യാഭ്യാസത്തിനു അനുകൂലിക്കുമോ?", "ദേവസ്വം ബില്ലു് അഴിച്ചുപണിയാൻ സമ്മതിക്കുമോ?", "വയസ്സുതിരുത്തൽകേസ്സുകൾ, പുനഃപരിശോധനചെയ്യുമോ?", "കൂടുതൽ സിമത്തേരികൾ അനുവദിക്കുമോ?", "ഹൈന്ദവഏകീകരണത്തിനു പിൻതുണനല്കുമോ?", "യാതനക്കാരെ ക്രിമിനൽനിയമങ്ങളിൽനിന്നു് ഒഴിവാക്കുമോ?", "പാഠപുസ്തകങ്ങളും പഞ്ചസാരകൺട്രാററുകളും ആർക്കെല്ലാം കൊടുക്കും?"—ഇതിനൊക്കെ മറുപടിപറയാൻ തുനിയുന്നതു് അപകടമാണു്. അക്കാര്യങ്ങളൊക്കെ തള്ളമാർ പിള്ളാരുടെ വഴക്കുകൾ തീർക്കുന്നതുപോലെ മാതൃസഹജമായ നിപുണതയോടെ സ്ത്രീമന്ത്രിസഭ ശരിപ്പെടുത്തുന്നതാണു്. വഷളത്തം കാണിക്കുന്നവരുടെ ചെവിക്കു തിരുമ്മും, തുടയ്ക്കു് അടിയും കിട്ടിയേയ്ക്കുമെ

ന്നു നേരത്തേ പറഞ്ഞേതെസ്സാം. എല്ലാക്കാൎയ്യങ്ങളിലും ന്യായമായ തീരുമാനങ്ങൾ ഉണ്ടാക്കി, പുരുഷന്മാരുടെ തമ്മിൽ ത്തല്ലുകൾ നിൎത്തി, സമാധാനവും സമൃദ്ധിയും കൈവരുത്തുന്നതിനു സ്ത്രീമന്ത്രിസഭയ്ക്കു കഴിയും എന്നുമാത്രം ഉറപ്പു തരാം.

ഇനിയും പല കാൎയ്യങ്ങൾ മന്ത്രിസഭ ചെയ്യുന്നതാണു്. പ്രകടനപത്രികയിൽ അതെല്ലാം വിവരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എക്സിക്യൂട്ടീവു് ആർഡറുകൾമൂലവും ആർഡറുകൾകൂടാതെതന്നെയും അവയൊക്കെ നടത്തിക്കൊള്ളാം. സമത്വസുന്ദരവും സ്വാതന്ത്ര്യമധുരവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീകൾക്കു സുലഭതയിലും ആനന്ദത്തിലും ജീവിക്കുവാൻ കഴിവുണ്ടാക്കുന്നതാണു്.

നാം നമ്മുടെ സൌന്ദൎയ്യത്തേയും പുരുഷന്മാരെ കറക്കാനുള്ള കഴിവുകളേയുംപററി പൊങ്ങച്ചംപറഞ്ഞു രസിച്ചുകൊണ്ടിരുന്നാൽ പോരെന്നും, അരയും തലയും മുറുക്കി പ്രവൃത്തിപഥത്തിലേയ്ക്കു് ഇറങ്ങണമെന്നും ഞാൻ സകല സ്ത്രീകളേയും ഉൽബോധിപ്പിച്ചുകൊള്ളുന്നു. പ്രസവിച്ചവളെന്നും പ്രസവിക്കാത്തവളെന്നും, വിവാഹിതയെന്നും അവിവാഹിതയെന്നും, കൊച്ചമ്മയെന്നും വേലക്കാരിയെന്നും, ഹിന്ദുവനിതയെന്നും ക്രിസ്ത്യൻവനിതയെന്നും മററുമുള്ള വ്യത്യാസങ്ങൾകൂടാതെ സ്ത്രീകളെല്ലാം ഒന്നാകണം. സകലസ്ത്രീകളേയും പ്രതിനിധീകരിക്കുന്ന ഒരു 'മങ്കമഹാമണ്ഡലം' ഉടൻതന്നെ രൂപീകരിക്കണം. നമ്മുടെ യോജി

പ്പും ബലവും നാം പരസ്യമായി പ്രകടിപ്പിക്കണം. ഊർജ്ജിതമായി പ്രവർത്തിക്കണം. നിയമസഭാതിരഞ്ഞെടുപ്പിൽ വിജയം നേടണം. നമ്മുടെ മന്ത്രിസഭ രൂപീകരിക്കണം. ഇക്കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനു കേരളത്തിലുള്ള എല്ലാ സ്ത്രീസംഘടനകളുടേയും പ്രതിനിധികളുടെ ഒരു യോഗം ഉടൻ വിളിച്ചുകൂട്ടേണ്ടതാണു്. അതിനു സകലവനിതകളുടേയും ഹൃദയപൂർവ്വമായ സഹകരണം ഉണ്ടാകണം. ആക്ഷേപമായി ചിരിച്ചു തള്ളിക്കളയാതെ ഞാൻ പറഞ്ഞതിനെ കാര്യമായി ഗണിക്കേണമെന്നു വനിതാനേതാക്കളോടും സംഘടനകളോടും ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

# 4. കൊച്ചമ്മചമയൽ

പുരുഷന്മാർ സ്ത്രീകളെ അധിക്ഷേപിക്കുകയും അവരുടെ അവകാശങ്ങളിൽ കൈവെയ്ക്കുകയും ചെയ്യുന്നതു് എന്നിൽ അമർഷമുണ്ടാക്കാറുണ്ടെങ്കിലും അത്ഭുതമുണ്ടാക്കാറില്ല. എന്നാൽ പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള എറണാകുളത്തുവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സ്ത്രീകളുടെ കൊച്ചമ്മചമയലിനെപ്പററി പറഞ്ഞിരുന്ന ഭാഗങ്ങൾ പത്രങ്ങളിൽ വായിച്ചപ്പോൾ "ബ്രൂട്ടസ്സേ, നീയും! എന്നാൽ സീസർ ചത്തോട്ടെ" എന്നു പണ്ടേതോ ഒരു സായിപ്പു പറഞ്ഞെന്നു് ഓമനക്കുട്ടൻറച്ഛൻ പറയാറുള്ളതുപോലെ ഞാനും പറഞ്ഞുപോയി. പ്രധാനമന്ത്രിയേയും മററും എതിർക്കാൻ ഒരുങ്ങുമ്പോൾ എൻെറ ചങ്കു പട പടാ ഇടിക്കുന്നു. എന്നാലും ആരുമൊന്നും മിണ്ടാതിരുന്നാൽ ഒക്കുകില്ലല്ലോ എന്നു വിചാരിച്ചു ധൈര്യംപിടിച്ചു പറയുകയാണു്.

പ്രധാനമന്ത്രിയുടെ ആക്ഷേപങ്ങൾ പ്രധാനമായി അഞ്ചു കാര്യങ്ങളെപ്പററിയാണു്: ഒന്നു്, തിരുവിതാംകൂർ ഡിവിഷനിൽ 25 രൂപാശമ്പളക്കാരുടെ ഭാര്യമാർ കൊച്ചമ്മ എന്നു വിളിക്കാനായി അഞ്ചും ആറും രൂപ കൊടുത്തു് ആളുകളെ നിയമിക്കുന്നു. രണ്ടു്, പൌഡറിനും മററും വേണ്ടി സ്ത്രീകൾ പ്രതിമാസം മൂന്നുനാലു രൂപാ ചെലവാക്കുന്നു. മൂന്നു്, ടിൻആഹാരങ്ങൾ ഉപയോഗിക്കുന്നു. നാലു്, കുട്ടികളെ വളർത്തുന്നതിനു് ആയമാരെ ഏല്പിക്കുന്നു. അ

41554

ഞ്ചു്, വരവിൽ കൂടുതൽ ചെലവുചെയ്യുന്നതിനാൽ ഒരു സമീകൃതകുടുംബബഡ്ജറ്റു് ഉണ്ടാകുന്നില്ല. ഇവയെല്ലാം ദുഷ്കൃത്യങ്ങളാണെന്നും ഇവയിൽനിന്നു് ഉടൻ വിരമിക്കണമെന്നുമാണു് അദ്ദേഹം സ്ത്രീകളെ ഉപദേശിക്കുന്നതു്.

25 രൂപാക്കാരുടെ ഭാര്യമാരെന്നും കൂടുതൽ വരവുള്ളവരുടെ ഭാര്യമാരെന്നും തിരുവിതാംകൂർഡിവിഷനിലെ ഭാര്യമാരെന്നും കൊച്ചിഡിവിഷനിലെ ഭാര്യമാരെന്നും ഭാര്യമാരെ തരംതിരിച്ചു് അവരുടെ ഐക്യമുന്നണിയിൽ ഒരു പിളൎപ്പുണ്ടാക്കാനുള്ള ശ്രമത്തെ ഞാൻ ആദ്യമായി പ്രതിഷേധിച്ചുകൊള്ളട്ടെ. ഭാര്യമാരുടെ ഭാര്യാത്വം ജാതിമതചിന്തകൾക്കും മുതലാളി_തൊഴിലാളിപരിഗണനകൾക്കും ധനസ്ഥിതിക്കും മററും വിധേയമല്ല. സ്ത്രീകളുടെ അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മന്ത്രിയുടെ ഭാര്യയും പ്യൂണിൻെറ ഭാര്യയും ലക്ഷം രൂപാക്കാരൻെറ ഭാര്യയും 25 രൂപാക്കാരൻെറ ഭാര്യയും തോളോടുതോൾ ചേൎന്നു്, മാറോടു പുറം ചേൎന്നു്, സമരം ചെയ്യും. ലക്ഷം രൂപാക്കാരൻെറ ഭാര്യയ്ക്കുള്ള സൎവ്വാവകാശങ്ങളും 25 രൂപാക്കാരൻെറ ഭാര്യയ്ക്കുമുണ്ടെന്നാണു് ഞങ്ങളുടെ മതം.

കൊച്ചമ്മസ്ഥാനം അവകാശപ്പെടുന്നതിനു മന്ത്രിമാരുടെ ഭാര്യമാരോടൊപ്പം സ്വാതന്ത്ര്യവും അവകാശവും 25 രൂപാക്കാരൻെറ ഭാര്യയ്ക്കുമുണ്ടെന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ ഞാൻ വിളിച്ചുപറയുന്നു. ഈ അവകാശത്തിൽ കൈവെയ്ക്കുന്നതു ജനകീയഭരണത്തിൻെറ അടി തോണ്ടുകയായിരിക്കും. പക്ഷേ, ഈ കൊച്ചമ്മവിളിക്കലിനുവേണ്ടി

അഞ്ചാറു രൂപ ചെലവാക്കുന്നതു് അഭിലഷണീയമാണോ എന്നാണു് പിന്നത്തെ ചോദ്യം. പണം കൊടുക്കാതെതന്നെ ചെയ്തുകിട്ടേണ്ട പല കാൎയ്യങ്ങൾക്കും പണം കൊടുക്കേണ്ടതായി പുരുഷന്മാൎക്കു വരാറില്ലേ എന്നു ഞാൻ ഒരു മറുചോദ്യം ചോദിക്കുന്നു. ഓരോ കച്ചേരികളിൽനിന്നു കാൎയ്യങ്ങൾ സാധിക്കാൻ, ഓരോ പ്രമാണികൾമുഖാന്തരം അഭീഷ്ടങ്ങൾ നേടാൻ, ഒരു റാത്തൽ പഞ്ചാര വാങ്ങിക്കാൻ, ഒരു പറ നെല്ലു വീട്ടിലെത്തിക്കാൻ, എന്നുവേണ്ട എത്രായിരം കാൎയ്യങ്ങൾ പുരുഷന്മാർ പണം കൊടുത്തു സാധിക്കുന്നു? സ്ത്രീകൾ നിരുപദ്രവകരമായ കൊച്ചമ്മവിളിക്കലിനുവേണ്ടി നാലഞ്ചു രൂപാ ചെലവാക്കുന്നെങ്കിൽ അതിലെന്താണിത്ര തെററു്? ഈ പണം കൊടുക്കലിനു് ഇടവരുത്താതെ, എല്ലാ ഭാൎയ്യമാൎക്കും കൊച്ചമ്മസ്ഥാനം നല്കുന്ന ഒരു നിയമം നടപ്പിൽ വരുത്തുകയാണു് മന്ത്രിസഭ ചെയ്യേണ്ടതു്. മന്ത്രിമാരുടേയും മററു പ്രമാണികളുടേയും ഭാൎയ്യമാർ ഈ നിയമത്തിനു പിൻതുണ നല്കുമെന്നു് എനിക്കു് ഉറപ്പുണ്ടു്. അഥവാ ആരെങ്കിലും എതിൎക്കുന്നതായാൽ അവരുടെ മേൽ അഖിലകേരളഭാൎയ്യാസംഘം കൎശനമായ അച്ചടക്കനടപടികൾ എടുക്കുന്നതാണു്.

പ്രധാനമന്ത്രിയുടെ രണ്ടാമത്തെ ആവലാതി പൌഡറിനുള്ള ചെലവിനെപ്പററിയാണു്. ഈ പൌഡർ എന്തിനു്, ആൎക്കുവേണ്ടി ഇടുന്നു എന്നൊന്നു് ആലോചിക്കണം. പുരുഷന്മാൎക്കുവേണ്ടിയാണു്. വീട്ടിനുള്ളിലിരിക്കുമ്പോൾ ഭൎത്താവിനുവേണ്ടി. വെളിയിലിറങ്ങുമ്പോൾ പുരുഷന്മാരുടെ കണ്ണിനു കുളൎമ്മയും കരളിനു് ആനന്ദവും ക-

ലാബോധത്തിനു സംതൃപ്തിയും പ്രദാനംചെയ്യാൻവേണ്ടി. പൌഡറിട്ടു മിനുക്കി വെളുപ്പിച്ച മുഖങ്ങളെ മിഴിച്ചുനോക്കിക്കൊണ്ടു് ആസ്വാദനത്തിൽ മയങ്ങിനില്ക്കുന്ന പുരുഷലോകം ഇക്കാര്യത്തിനു സ്ത്രീയെ കുററപ്പെടുത്തുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. സുഖമായി വല്ല നുണകളും പറഞ്ഞു രസിക്കാവുന്ന കുറെ മിനിട്ടുകൾ ഈ പൌഡറിടലിനായി ചെലവാക്കുന്ന സ്ത്രീ വാസ്തവത്തിൽ പുരുഷന്മാക്കുവേണ്ടി ത്യാഗവും യാതനയും അനുഭവിക്കുന്നവളാണു്. ഈ യാതനയുടെ പ്രതിഫലമായി ആസ്വാദ്യകരമായ ഒരു നോട്ടമോ പുഞ്ചിരിയോ മുഖസ്തുതിയോ എങ്കിലും കൊടുക്കാതെ പണം ചെലവാകുന്നു എന്നു പരാതി പറയുന്നതു മോശമാണു്. വ്യക്തികളുടെ കയ്യിൽനിന്നു് ഈ ചെലവു ചെയ്യേണ്ടിവരുന്നതു കഷ്ടമാണെന്നു ഞാനും സമ്മതിക്കുന്നു. അതിനുള്ള പരിഹാരം അതു ഗവമെൻ്റിൽനിന്നു നടത്തുക എന്നതാണു്. രാഷ്ട്രീയഭാഷയിൽ പറഞ്ഞാൽ പൌഡർച്ചെലവു ദേശീയമാക്കണം. സോഷ്യലിസത്തിൻെറ ആദ്യത്തെ പരിപാടിയാണു് ഇതു്. അടുത്ത തിരഞ്ഞെടുപ്പിനു് ഇതു വാഗ്ദാനംചെയ്യുന്ന കക്ഷിക്കു മാത്രമേ വനിതകളുടെ പിൻതുണയുണ്ടായിരിക്കു എന്നു വിനയപൂർവ്വം പ്രധാനമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഭാര്യമാരുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന മൂന്നാമത്തെ കുററം ടിന്നിലിട്ട വരവുസാധനങ്ങൾ ഉപയോഗിക്കുന്നു എന്നുള്ളതാണു്. കാപ്പി പോരാ ഓവൽടിൻ വേണം. രാത്രിയിൽ ഹോർലിക്സു് കുടിക്കണം. റൊട്ടി തി

ന്നാൻ ജാം വേണം.' എന്നൊക്കെ സായിപ്പു ചമയുന്നതു പുരുഷന്മാരാണെന്നു പരക്കെ സമ്മതമാണു്. അതിനാൽ പ്രധാനമന്ത്രി ഉദ്ദേശിക്കുന്നതു വേറൊന്നാണു്. എന്തിനു മറച്ചുവെയ്ക്കുന്നു? മുലപ്പാലു കൊടുക്കുന്നതിനു പകരം കുഞ്ഞുങ്ങൾക്കു ലാക്ടോജനും ഓസ്റ്റർമിൽക്കും കൌ ആൻറ് ഗേറ്റും മററും കൊടുക്കുന്നതിനെയാണു് അദ്ദേഹം അപലപിക്കുന്നതു്. ഈ പരിഷ്കാരത്തിൻേറയും ചുവടു് എവിടെയാണെന്നു് അന്വേഷിക്കേണ്ടിയിരിക്കുന്നു. "പാലു തീരെയില്ല, എന്തു ചെയ്യാനാ?" എന്നു നിരപരാധിത്വം അഭിനയിച്ചു ഭാൎയ്യയോ, അപരാധഭാവവും കാട്ടിക്കൊണ്ടുമായി ഭത്താവോ പറയുന്ന മുടന്തൻസമാധാനം ആരും വിശ്വസിക്കാത്തതുകൊണ്ടു ഞാൻ പറയുന്നില്ല. താൻ നൊന്തു പ്രസവിച്ച കുഞ്ഞിനു തൻെറ പാലു കൊടുക്കാൻ തള്ളയ്ക്കു സന്തോഷമേ ഉണ്ടാകയുള്ളൂ. പിന്നെ കൊടുക്കാതിരിക്കുന്നെങ്കിൽ അതു ഭത്താവിൻെറ ആഗ്രഹവും ആവേശവും പ്രേരണയും പ്രക്ഷോഭണവും മററുംകൊണ്ടു ഗതികെട്ടിട്ടാണു്. പ്രക്ഷോഭണത്തിനു് ഇടം കൊടുക്കാതെ ഭത്താവിൻെറ മനസ്സറിഞ്ഞു ദീൎഘദൃഷ്ടിയോടെ പ്രവത്തിക്കുന്ന ബുദ്ധിശാലിനികളും ഉണ്ടായിരിക്കാം. പുറത്തുവിടാൻ പാടില്ലാത്ത ദാമ്പത്യരഹസ്യങ്ങളെപ്പററി കൂടുതൽ വിശദീകരിക്കാൻ തുനിയുന്നില്ല. ഈ ശീലം മാററണമെന്നു മന്ത്രിസഭ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള പ്രചരണം നടത്തേണ്ടതു സ്ത്രീകളുടെ ഇടയിലല്ലെന്നും പുരുഷന്മാരുടെ ഇടയിലാണെന്നും മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

കുട്ടികളെ നോക്കുന്നതിനു് ആയമാരെ ആക്കുന്നതു

തെററാണെന്നതാണ് നാലാമത്തെ പോയൻറ്. നയതന്ത്രകശലതയോടുകൂടി സ്ത്രീസ്വാതന്ത്ര്യത്തിൻെറ വേരറുക്കാനുള്ള ഒരു ശ്രമമാണ് ഞാൻ ഇതിൽ ദശിക്കുന്നതു്. ഗവമ്മേണ്ടാഫീസ്സുകളിലും കോടതികളിലും സ്കൂളുകളിലും മററുമുള്ള സ്ത്രീകളെ വീണ്ടും അടുക്കളയിലേയ്ക്കോടിക്കാനുള്ള ഉദ്യമമല്ലേ ഇതു്? അതോ, ആഫീസ്സുകളിലും കോടതികളിലും സ്കൂളുകളിലും മററും കുഞ്ഞുങ്ങളെ വളത്തുന്നതിനുള്ള സൌകയ്യങ്ങൾ സ്ത്രീകൾക്കുണ്ടാക്കിക്കൊടുക്കുവാൻ ഗവമ്മേണ്ടു് ആലോചിക്കുന്നുണ്ടോ? അതുമല്ല, ആയകളെ ആക്കുന്നില്ലെങ്കിൽ സ്ത്രീസമത്വതത്വമനുസരിച്ചു കുട്ടികളെ നോക്കേണ്ട ചുമതല ഭായ്യയും ഭത്താവും സമാസമം ഏറെറടുക്കേണ്ടതല്ലേ? സക്കാരുജോലിയില്ലാത്ത സ്ത്രീകൾ പകൽസമയം കുട്ടികളെ നോക്കുന്നെങ്കിൽ അവരുടെ ഭത്താക്കന്മാർ രാത്രിസമയം കുട്ടികളെ നോക്കേണ്ടതാണു്. കുട്ടികൾക്കു് ഒരു വയസ്സുവരെ പാൽ കൊടുക്കണമെങ്കിൽ ആദ്യത്തെ ആറുമാസം അമ്മ കൊടുക്കുകയും അടുത്ത ആറുമാസം പാൽപ്പൊടി കലക്കിക്കൊടുക്കേണ്ട ചുമതല അച്ഛൻ ഏറെറടുക്കുകയും ചെയ്യേണ്ടതാണു്. ഇവയെപ്പററിയൊന്നും വ്യവസ്ഥചെയ്യാതെ, കുട്ടികളെ നോക്കാൻ ആരേയും ആക്കരുതെന്നു ചുമ്മാതങ്ങു പറഞ്ഞാൽ പെണ്ണുങ്ങൾ കണ്ണുമടച്ചു് അതനുസരിക്കുന്ന കാലമല്ല ഇതു്! റഷ്യയിൽ പെണ്ണുങ്ങൾക്കു പ്രസവിക്കേണ്ട ഭാരമേ ഉള്ളു. കുട്ടികളെ സക്കാരു വളത്തിക്കൊള്ളുമെന്നാണു് പറയുന്നതു്. അതുമാതിരി വല്ലതും ഇവിടെയും നടപ്പിൽവരുത്താൻ നോക്കുകയാണു് പ്രധാനമന്ത്രി ചെയ്യേണ്ടതു്.

വരവിൽ കൂടുതൽ ചെലവുചെയ്യുന്നു എന്നും കുടുംബ

ത്തിൽ ഒരു സമീകൃതബഡ്ജററു രൂപവൽക്കരിക്കുന്നില്ലെന്നു മാണ് അഞ്ചാമത്തെ ആക്ഷേപം. കുടുംബത്തിൽ പുരുഷൻെറ സ്വേച്ഛാഭരണം നടക്കുന്ന കാലത്തോളം ഈ കുഴപ്പങ്ങൾക്കു സ്ത്രീയെ കുററപ്പെടുത്തുന്നതിൽ അത്ഥമില്ല. കുടുംബത്തിൽ ഉത്തരവാദഭരണം ഏപ്പെടുത്തി, ഭരണം സ്ത്രീകളെ ഏല്പിക്കുന്നതിനാണ് ഗവമ്മേണ്ടു് ആദ്യമായി തുനിയേണ്ടതു്. ഉത്തരവാദഭരണം കിട്ടിയാലുടൻ പുരുഷൻെറ കാപ്പികുടി, സിഗററുവലി, ഷേവിംഗ്, ആഡംബരപരമായ ഡ്രസ്സ് മുതലായ പാഴ്ച്ചെലവുകൾ വ്യയന്യൂനീകരണാത്ഥം നിത്തലാക്കുകയും സാരിസംഭരണം, ആഭരണങ്ങൾ അഴിച്ചുപണിയൽ മുതലായ ഐശ്വയ്യകരങ്ങളായ പ്രവത്തനങ്ങൾ ഏററവും ആധുനികരീതിയിൽ നടത്തുകയും ചെയ്യുന്നതാണ്. പക്ഷേ, വരവിൽ കവിഞ്ഞു ചെലവുചെയ്യരുതെന്നുള്ള പഴഞ്ചൻപ്രമാണത്തെ സ്വീകരിക്കാൻ ഞങ്ങൾ തയ്യാറില്ല. ധനകായ്യമന്ത്രിക്കറിയാം, അതിൻെറ കായ്യം. ഭീമപദ്ധതികളും കടംവായ്പകളുമില്ലാത്ത ബഡ്ജററു കാലസ്ഥിതിക്കു യോജിച്ചതല്ല. ഇംഗ്ലണ്ടിനു വമ്പിച്ച ഒരു പൊതുക്കടമുണ്ടെന്നുള്ളതിൽ ഇംഗ്ലീഷുകാക്ക് അഭിമാനമാണുള്ളതെന്നു് ഓമനക്കുട്ടൻറച്ഛൻ പറഞ്ഞിട്ടുണ്ടു്. ഇംഗ്ലീഷുകാരെ കണ്ടു പലതും പഠിക്കുന്ന നമ്മൾ ഇതുമാത്രം പഠിച്ചില്ലെങ്കിൽ കഷ്ടമാണ്. ഓരോ കുടുംബവും അവസ്ഥയ്ക്കനുസരിച്ചു കടം വാങ്ങിക്കേണ്ടതും കടം കിട്ടുന്നതു തങ്ങളോടുള്ള വിശ്വാസത്തിൻെറ ലക്ഷ്യമായി കണക്കാക്കി അഭിമാനംകൊള്ളേണ്ടതുമാണ്. പുതിയ പുതിയ ആഭരണങ്ങൾ പണിയിക്കുക മുതലായ കാപ്പിററൽച്ചെലവുകൾക്കും ലേററസ്റ്റ്ഫാഷൻ സ്വീകരിക്കുക

മുതലായ കുടുംബോദ്ധാരണച്ചെലവുകൾക്കും കടംവാങ്ങണ മെന്നാണ് ആധുനികസാമ്പത്തികവിദഗ്ദ്ധകളുടെ അഭി പ്രായം. ഓരോ പ്രസവത്തിനും സ്ത്രീകൾ അനുഭവിക്കുന്ന യാതനകൾ പറഞ്ഞുകേൾപ്പിക്കേണ്ടതില്ലല്ലോ. ഈ യാ തനയ്ക്കു പരിഹാരമായി കൊടുക്കേണ്ട സൌജന്യങ്ങൾക്കും കടംവാങ്ങുന്നതിൽ തെററില്ലെന്നാണ് എൻെറ വ്യക്തി പരമായ അഭിപ്രായം.

കൊച്ചമ്മചമയലിനെപ്പററിയുള്ള പ്രധാനമന്ത്രിയു ടെ എറണാകുളംപ്രസംഗം വെളിവാക്കുന്ന മുഖ്യസംഗതി രണ്ടോ മൂന്നോ പ്രസവിച്ച ഒരു സ്ത്രീയെ മന്ത്രിസഭയിൽ എടുക്കേണ്ടതിൻെറ അത്യാവശ്യമാണ്. സ്ത്രീകളുടെ കാ ര്യ്യങ്ങളെപ്പററി പ്രസംഗിക്കുന്നതിനും തീരുമാനങ്ങൾ ചെ യ്യുന്നതിനും മന്ത്രിസഭയിലെ സ്ത്രീമെമ്പർമാൎക്കുമാത്രമേ അ വകാശമുള്ളു എന്നൊരു വ്യവസ്ഥ ഭരണഘടനയിലില്ലാ ത്തതും ശോചനീയമാണ്. ഈ രണ്ടു കാൎയ്യങ്ങളും സാധി ക്കുന്നതിനായി ഒരു പ്രക്ഷോഭണം നടത്തുന്നതിനു വനിത കളെ ഞാൻ ആഹ്വാനംചെയ്യുന്നു.

# 5. പേററനോവുസാഹിത്യം

[സുപ്രസിദ്ധപേററുനോവുകലാകാരികളായ കുഞ്ചിയമ്മ, കുഞ്ഞങ്ങേലി, അന്നാമ്മചേട്ടത്തി മുതലായവർക്കുടി തയ്യാറാക്കിയ പ്രകടനപത്രികയിലെ ചില ഭാഗങ്ങൾ.]

ലോകത്തിലെ ജനസംഖ്യ 300 കോടി, പ്രതിവഷമു ള്ള ജനനനിരക്ക് ആയിരത്തിനു 40, ഒരു പ്രസവവേദനയുടെ ശരാശരി ദൈഘ്യം 3 മണിക്കൂർ—ഈ കണക്കുകൾ വെച്ചുനോക്കുമ്പോൾ ഏതൊരു നിമിഷത്തിലും 40,000 സ്ത്രീകൾ പ്രസവവേദന അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുള്ള ദാരുണമായ വാസ്തവം വെളിവാകുന്നതാണ്. ജീവനുള്ളപ്പോൾ അനുഭവിക്കേണ്ടിവരുന്ന വേദനകളിൽവെച്ച് ഏററവും കഠിനതമവും അസഹ്യവുമായതു പ്രസവവേദനയാണെന്നു പുരുഷന്മാരും സമ്മതിച്ചിട്ടുണ്ട്. പക്ഷേ, ജീവൻ പണയംവെച്ചുകൊണ്ട് 40,000 സ്ത്രീകൾ ഇടതോരാതെ പുറപ്പെടുവിക്കുന്ന ദയനീയരോദനങ്ങൾ പുരുഷലോകത്തിൻെറ ചെവികളിൽ കയറുന്നതേയില്ല. അഥവാ ഹൃദയശൂന്യരായ അവർ കൃത്രിമമായ ശബ്ദകോലാഹലങ്ങളുണ്ടാക്കി ഈ രോദനങ്ങളെ അവയിൽ മുക്കിത്താഴ്ത്തുന്നു. മതം, സാമുദായികസംഘടന, രാഷ്ട്രീയമീമാംസ, സാമ്പത്തികസംവിധാനം, വ്യവസായപുരോഗതി, മുതലാളിത്തവ്യവസ്ഥിതി, സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങി നൂറായിരം ഉമ്മാക്കികളേയും ഉപായങ്ങളേയും പൊക്കിക്കാണിച്ചു മനുഷ്യർക്കു ചിന്താക്കുഴപ്പം സൃഷ്ടിച്ചു വനിതാലോക

ത്തിൻെറ യഥാൎത്ഥപ്രശ്നമായ പേററുനോവിൽനിന്നു ശ്രദ്ധയെ വ്യതിചലിപ്പിക്കുകയാണു് അവർ ചെയ്യുന്നതു്. ഈ 'പുരുഷപാസി'ച്ചെപ്പടിവിദ്യകളിൽ മയങ്ങി സ്ത്രീകളും ഉണരാതെയിരിക്കുന്നതാണു് അത്ഭുതം. ബുദ്ധിജീവികളായ സാഹിത്യകാരികളെങ്കിലും ഇക്കാൎയ്യത്തിൽ തങ്ങൾക്കുള്ള കൎത്തവ്യം നിൎവ്വഹിക്കുമെന്നു കരുതിപ്പോന്നു. പക്ഷേ അവരിൽ ഒരു കൂട്ടർ ഈശ്വരസ്തോത്രങ്ങളും ദേവന്മാരുടേയും രാജാക്കന്മാരുടേയും ചരിത്രങ്ങളും രചിച്ചുകൊണ്ടിരിക്കുമ്പോൾ മറുകൂട്ടർ പട്ടിണിയുടേയും വ്യഭിചാരത്തിൻേറയും കഥകളും, ഇങ്കിലാബു് വിളിച്ചുകൊണ്ടുള്ള മാർക്സിസ്റ്റു് കോലംതുള്ളലുകളുംകൊണ്ടു നേരംപോക്കുന്നു. ഇരുകൂട്ടരും പുരുഷൻെറ മയക്കുവിദ്യയിൽ അകപ്പെട്ടു്, 40,000 സ്ത്രീകളുടെ ഇടതോരാതുള്ള രോദനങ്ങളെ ഹൃദയശൂന്യതയോടെ അവഗണിച്ചുകൊണ്ടു് ഒരുതരം 'പ്രൈററിപുരുഷപാസി'കളായി കഴിഞ്ഞുകൂടുകയാണെന്നുള്ളതാണു് പരിതാപകരമായ വാസ്തവം. അവരുടെ കലാസൃഷ്ടികൾ കണ്ടാൽ തോന്നും, ലോകം പേററുനോവിൽനിന്നു വിമുക്തമായിരിക്കുന്നു എന്നു്. എന്നാൽ ഈ ബുദ്ധിജീവികളിൽ ഒരു നല്ല പങ്കിൻെറ ശ്രദ്ധയെ യഥാൎത്ഥപ്രശ്നമായ പേററുനോവുപ്രശ്നത്തിലേയ്ക്കു തിരിച്ചുവിടുവാനും സാഹിത്യത്തിനെ പേററുനോവുപാതയിലൂടെ തിരിക്കാനും ഞങ്ങൾക്കു് ഏറെക്കുറെ സാധിച്ചിട്ടുണ്ടെന്നുള്ളതു ചാരിതാൎത്ഥ്യജനകമാണു്. ഇതിനിടയിൽ ലക്ഷ്യത്തിൻെറ പേരിലല്ലെങ്കിലും പരിപാടിയുടെ പേരിൽ ഞങ്ങളുടെ ഇടയിൽ കുഞ്ചിയമ്മച്ചേരിയെന്നും കുഞ്ഞങ്ങേലിച്ചേരിയെന്നും മററും ഭിന്നിപ്പുണ്ടായതു

തെററായിരുന്നു എന്നു ക്ഷമാപണപൂർവ്വം ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങളുടെ മഹത്തായ കത്തവ്യത്തെക്കുറിച്ചുള്ള ബോധവും മുൻകാലങ്ങളിൽ ഞങ്ങൾക്കു ലഭിച്ചിട്ടുള്ള പാഠങ്ങളും ഭാവിയിൽ ഞങ്ങൾക്കു മാർഗ്ഗദർശകമായിരിക്കുമെന്നു വിശ്വാസമുണ്ടു്.

## കലയും പേററുനോവും

കല അനുഭൂതിയുടെ ശാസ്ത്രമാണു്. അനുഭൂതിയുടെ മാതാവും പിതാവും ജീവനാണു്. ജീവൻെറ മാതാവാണു് പ്രസവവേദന. അതിനാൽ പേററുനോവു് കലയുടെ അത്യുന്നതസ്ഥാനം വഹിക്കുന്നു എന്നു പറയാവുന്നതാണു്. പേററുനോവുസത്യങ്ങൾ കലയിൽ പ്രതിഫലിക്കുന്നു. പ്രസവവേദനയുടെ സംഘട്ടനങ്ങളും വികാസവും വളർച്ചയും കലയിൽ പ്രതിഫലിച്ചേ തീരൂ. അതുപോലെതന്നെ വേദനയില്ലാത്ത പ്രസവത്തിൻെറ ശാസ്ത്രീയമായ ഒരു രൂപം കലാകാരിക്കു് ഉണ്ടായിരിക്കണം. അതിനാൽ പ്രസവത്തേയും പ്രസവവേദനയേയും അവയുടെ സംഘട്ടനങ്ങളേയും വേദനയില്ലാത്ത പ്രസവത്തിൻെറ അടിസ്ഥാനതത്വങ്ങളേയും ശാസ്ത്രീയമായിക്കാണാതെ യഥാർത്ഥസൃഷ്ടി അസാദ്ധ്യമായിത്തീരുന്നു. ശാസ്ത്രീയമായ ഒരു വീക്ഷണഗതി അങ്ങനെ കലാകാരിക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നു വന്നുകൂടുന്നു. ശൃംഗാരവുമായി ബന്ധമില്ലാത്ത ഗർഭത്തേയോ, ഗർഭവുമായി ബന്ധമില്ലാത്ത പ്രസവവേദനയേയോ, പ്രസവവേദനയുമായി ബന്ധമില്ലാത്ത സ്ത്രീജനത്തേയോ, വേദനയില്ലാത്ത പ്രസവവുമായി ബന്ധപ്പെടാ

ത്ത സൌഭാഗ്യജീവിതത്തേയോ നമുക്ക കണ്ടെത്താൻ കഴിയുന്നില്ല. ഇവയെപ്പററിയെല്ലാം അറിയാതെ നമുക്ക പേററുനോവുരഹിതമായി വളരാൻപോകുന്ന തലമുറയെപ്പററി സങ്കല്പം നടത്തുവാനും സാദ്ധ്യമല്ല.

## വശീകരണശക്തികഠം

സ്ത്രീയുടെ സൎവ്വതോമുഖമായ വളൎച്ചയെ ഇല്ലാതാക്കുകയും കലയേയും സംസ്കാരത്തേയും അപകടത്തിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിനാശകരമായ ശക്തികഠം ഇന്നു ആയിരം രൂപത്തിൽ തലയുയൎത്തുന്നുണ്ടു്. കുറെ ലക്ഷംപുരുഷന്മാരെ കൊല്ലുന്നതിനു രണ്ടാംലോകമഹായുദ്ധത്തിനു കഴിഞ്ഞു. പക്ഷെ, അവർ പ്രതിനിധീകരിക്കുന്ന ചിന്താഗതികഠം ഇന്നും സ്ത്രീകഠക്കു നാശമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. കുതിരയ്ക്കു കൊമ്പുകൊടുത്താലത്തെപ്പോലുള്ള ആപത്താണു് സ്ത്രീയുടെ പ്രസവവേദന ഇല്ലാതാക്കുന്നതു് എന്ന സംഭ്രാന്തമായ അഭിപ്രായമാണു് പുരുഷനു് ഇന്നും എന്നുമുള്ളതു്. പ്രസവവേദന ലോകത്തിൽ ഒന്നിനൊന്നു വൎദ്ധമാനമായിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ഇടയിൽ ഇന്നു വല്ലാത്ത ഒരസ്വസ്ഥത കാണുന്നുണ്ടു്. ജീവിതം വേദനാമയമാണെന്നും, ജീവിതം പ്രസവവേദനയോടെ അവസാനിക്കുമെന്നും അവർ ഭയപ്പെടുന്നു. എന്നാൽ അതോടൊപ്പം ഒരു പുതിയ പ്രസവരീതിയുടെ പിറവിക്കുവേണ്ടി പോരാടുവാനുള്ള വിപ്ലവശക്തികഠം പൂൎവ്വാധികം വളൎച്ച പ്രാപിച്ചിട്ടുണ്ടു്. ഈ പേററുനോവുവിപ്ലവപരിതസ്ഥിതി കലാകാരികഠ കാണുന്നുണ്ടു്.

## സാംസ്കാരികമണ്ഡലം

പേററുനോവനുഭവിക്കുന്ന ജനതയുടെ ചുമലിൽ നിക്ഷിപ്തമായിരിക്കുന്ന ഭാരമേറിയ ചുമതലകളുടെ വ്യാപ്തിയും പ്രാധാന്യവും ഞങ്ങൾ മനസ്സിലാക്കുന്നു. പുരുഷമേധാവിത്വത്തിൻെറ നെടുംതൂണിൽ കെട്ടിയുറപ്പിച്ചിരിക്കുന്ന ഇന്നത്തെ പ്രസവക്രമത്തിൻെറ അസ്ഥിവാരമിളക്കുവാനുള്ള ചരിത്രപരമായ കത്തവ്യം പേററുനോവനുഭവിക്കുന്ന ജനവിഭാഗങ്ങളുടേതാണ്. ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന എല്ലാററിനേയും പുതുജീവൻ നല്കി നിലനിത്താൻ ജ്വരംപിടിച്ച യത്നിച്ചുകൊണ്ടിരിക്കുന്ന പുരുഷാധിപത്യശക്തികൾ സ്ത്രീകളുടെ വർഗ്ഗപരമായ ചേരിത്തിരിവും ഏകീകരണവും വേദനാരഹിതമായ പ്രസവത്തെപ്പററിയുള്ള ബോധവും തങ്ങളെ നേരിടുന്ന ഏററവും വലിയ വിപത്താണെന്നു ബോധപൂവ്വം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അന്ധവിശ്വാസങ്ങളെ ഊജ്ജസ്വലമായി നിലനിത്താനും മതപരവും ജാതീയവും സാമുദായികവും വിപ്ലവാത്മകവുമായ നവോത്ഥാനത്തിൻെറ പേരിൽ സ്ത്രീയുടെ സമരവീയ്യത്തെ നശിപ്പിക്കുവാനും, അങ്ങനെ പുരുഷമേധാവിത്വം നിലനിത്തുവാനുമാണ് ഇന്നു പരിശ്രമം നടക്കുന്നത്. പുരോഗമനമെന്ന പേരിൽ ആനക്കൊമ്പുഗോപുരത്തിൻെറ ഏഴാംനിലയിൽ കയറിയിരുന്നുകൊണ്ടു യഥാത്ഥപ്രശ്നമായ പേററുനോവുപ്രശ്നത്തെ കാണുന്നില്ലെന്നു നടിച്ച്, മാർക്സിസ്റ്റ് വിപ്ലവപ്രേമഗാനം പാടുകയും ഈ പരിപാടികളിൽപ്പെടുന്നു. ബോധപൂവ്വം നാം ഈ വിപത്തുകളെ നേരിടേണ്ടിയിരിക്കുന്നു. അധികാരത്തിൽ കടി

ച്ചുതുങ്ങിക്കിടക്കുന്ന പൌരുഷശക്തികൾക്കെതിരായി പേ ററുന്നോവനുഭവിക്കുന്ന ജനലക്ഷങ്ങൾ നടത്തുന്ന ജീവിതമ രണസമരത്തിൻെറ വളച്ച്ചയെ സഹഷം സ്വാഗതംചെയ്യു വാൻ തയാറുള്ള ഒരു സ്ത്രീസമുദായത്തെ സൃഷ്ടിക്കുന്ന കാ ര്യത്തിൽ കലാകാരികൾക്കു സാരമായ ചുമതല വഹിക്കു വാനുണ്ട്. സാംസ്കാരികമണ്ഡലത്തിൽ വളരെ അധികം വളച്ച്ചയ്ക്കും വികാസത്തിനും നാം വഴിയൊരുക്കേണ്ടിയിരി ക്കുന്നു.

## വിപ്ലവത്തിൽ ദൃഷ്ടി

ഇന്നത്തെ വേദനാജനകമായ പ്രസവരീതി തകന്നു കൊണ്ടിരിക്കുന്നതു ഞങ്ങൾ കാണുന്നുണ്ട്. അതോടൊ പ്പംതന്നെ ഒരു പുതിയ പ്രസവരീതി രൂപംപൂണ്ടുവരുന്നതു ഞങ്ങൾക്കറിവുള്ളതാണ്. ഈ തകച്ച്ചയേയും വളച്ച്ചയേയും ശാസ്ത്രീയബോധത്തോടെ ഞങ്ങൾ അപഗ്രഥിച്ചു പഠിക്കു ന്നുണ്ട്. തലയിലെ പേനിനെപ്പോലെ സ്ത്രീകളെ ചൂഷണം ചെയ്തു കഴിഞ്ഞുകൂടുന്ന പുരുഷന്യൂനപക്ഷത്തിൻെറ സംര ക്ഷണത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള പുരുഷപ്രാസിസംസ്കാര ത്തിൽനിന്നു സ്ത്രീകളെ മോചിപ്പിക്കുവാനുള്ള പാവനമാ യ കത്തവ്യത്തിലാണ് നാം ഭാഗഭാക്കുകളാകുന്നതു്. സ്ത്രീ ഭൂരിപക്ഷത്തെ മട്ടിച്ചൊതുക്കി, സാരിഭ്രമവും ആഭരണഭ്രമ വും വളത്തി, അസൂയയും കുശുമ്പും സൌന്ദയ്യപ്പിണക്കവും പടത്തിയല്ലാതെ നിലനില്ക്കുവാൻ കഴിവില്ലാത്ത പുരു ഷപ്രാസിസംസ്കാരത്തെ നന്നാക്കിയെടുക്കാമെന്നുള്ള വ്യാമോ ഹം ഞങ്ങൾക്കില്ല. പേററുന്നോവനുഭവിക്കുന്ന ലക്ഷക്കണ

ക്കിനുള്ള സ്ത്രീകളിൽ അന്തർല്ലീനമായി കിടക്കുന്ന അളവി ല്ലാത്ത ചിന്താശക്തിയും സമരശേഷിയും കലാസൃഷ്ടികളി ലൂടെ ഉണർത്തിവിടുകയാണ് ഞങ്ങളുടെ ഇന്നത്തെ കർത്ത വ്യം. അവർക്ക് സാംസ്കാരികനേതൃത്വം നല്കേണ്ടതു ബു ദ്ധിജീവികളായ ഞങ്ങളാണെന്നു ഞങ്ങൾ കരുതുന്നു. പു തിയ വ്യവസ്ഥിതിയെ ഓജസ്സോടെ വളർത്തുകയും പഴയ വ്യവസ്ഥിതിയുടെ തകർച്ചയെ ത്വരിതപ്പെടുത്തുകയുമാണ് ഞങ്ങളുടെ ലക്ഷ്യം. പേറുനോവുവിപ്ലവത്തിൽ ദൃഷ്ടിയു റപ്പിച്ചുകൊണ്ടാണ് ഞങ്ങൾ കലാസൃഷ്ടിചെയ്യുന്നതു്.

## രൂപവും ഭാവവും

ഈ ലക്ഷ്യത്തോടുകൂടി കലാസൃഷ്ടി ചെയ്യുമ്പോൾ ഞ ങ്ങൾ കലാസൌന്ദര്യത്തെ അങ്ങേയററം മാനിക്കുന്നു. ഭാ വവും രൂപവും സമഞ്ജസമായി സമ്മേളിച്ചേ കലയാകൂ. പേറുനോവിനെ വിസ്മരിച്ചുകൊണ്ടുള്ള കലാകാരിയുടെ അഭ്യാസപ്രകടനങ്ങൾ ഫാർമലിസമായി ഞങ്ങൾ തിര സ്കരിക്കുന്നു. അതുപോലെ പേറുനോവുകാര്യം എങ്ങ നെ ആവിഷ്കരിച്ചാലും മതി എന്ന സിദ്ധാന്തത്തെയും ഞ ങ്ങൾ എതിർക്കുന്നു.

## കലാകാരിയുടെ പ്രശ്നങ്ങൾ

കലാകാരിക്ക് ഇന്നു് ഒട്ടേറെ വൈഷമ്യങ്ങളുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. നിലവിലിരിക്കുന്ന വ്യവസ്ഥി തിക്കും അതു നിലനിർത്തുന്ന പുരുഷപാസിഭരണത്തിനും എ തിരായി പോരാടുന്ന ശക്തികൾക്ക് ഉത്തേജനം നല്കുന്ന

കലാകാരിയോടു പുരുഷപാസികളുടെ സ്വാഭാവികമായ അനാസ്ഥയും അവഹേളനവും അക്ഷന്തവ്യമായിത്തീൎന്നിട്ടുണ്ടു്. പേററുനോവുസാഹിത്യംവഴിയായി പ്രചരിക്കേണ്ട സംസ്കാരത്തെ പുതിയ തലമുറയുടെ ശ്രദ്ധയിൽനിന്നു ബോധപൂൎവ്വം അകററിനിൎത്തുവാനാണു് ഇന്നത്തെ പുരുഷപാസിസക്കാരും സൎവ്വകലാശാലക്കാരും ശ്രമിക്കുന്നതെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. വാസനയുള്ള പേററുനോവുകലാകാരികൾ ഈ സാഹചൎയ്യത്തിൽ ഈ രംഗം വിട്ടുപോകുവാൻതന്നെ നിൎബ്ബന്ധിതരായിരിക്കുകയാണു്. ഈ സംഘടിതചൂഷണത്തെ നമുക്കു സംഘടിതമായിത്തന്നെ നേരിടേണ്ടിയിരിക്കുന്നു.

## ഞങ്ങൾ പ്രഖ്യാപിക്കും!

പുരുഷത്വത്തിൻെറയും സ്ത്രീദ്രോഹത്തിൻെറയും അട്ടഹാസങ്ങളല്ല, സംസ്കാരത്തിൻെറയും സ്ത്രീസ്നേഹത്തിൻെറയും ഗാനങ്ങളാണു് കലാകാരി മുഴക്കുന്നതു്. വേദനയുടെയും രോദനങ്ങളുടെയും വൈതാളികത്വം വഹിക്കുകയല്ല, പ്രസവസംബന്ധമായ സുഖത്തിൻെറയും സമാധാനത്തിൻെറയും ശക്തികൾക്കുവേണ്ടി പോരാടുകയാണു് കലാകാരി ചെയ്യുന്നതു്.

സ്ത്രീയുടെ പ്രാഥമികാവശ്യങ്ങൾ നിഷേധിക്കപ്പെടുകയും സ്ത്രീയുടെ എല്ലാ സാംസ്കാരികനേട്ടങ്ങളും അവഗണിക്കപ്പെടുകയും ചെയ്യുന്ന ഇന്നത്തെ സമൂഹക്രമത്തിൻെറ തകൎച്ചയിൽനിന്നു നാളത്തെ സുഖപ്രദമായ പ്രസവത്തെ കലാകാരി വാൎത്തെടുക്കുകയാണു്. ചരിത്രത്തിൻെറ

കടിഞ്ഞാൺ നിയന്ത്രിക്കുന്ന പുരുഷപ്രാസിശക്തിദുർഗ്ഗത്തെ ഞങ്ങൾ നേരിടുന്നു. സ്ത്രീത്വത്തിൻെറ നിധികുംഭങ്ങളായ പേററുനോവനുഭവിക്കുന്ന സ്ത്രീലക്ഷങ്ങളുടെ ശക്തിസമുദ്രം അണകെട്ടി അടച്ചിരിക്കുന്നു. ഈ അണകൾ ഇടിച്ചു പൊളിക്കുകയാണു് ഞങ്ങളുടെ കത്തവ്യം. 40,000 വനിതകൾ അനുനിമിഷം നിലവിളിച്ചുകൊണ്ടിരിക്കുമ്പോൾ അതിനൊരു പരിഹാരം കാണാതെ ക്ലാസിക്മട്ടിലോ പുരോഗമനമട്ടിലോ സാഹിത്യപരിശ്രമം നടത്തുന്നതു മഹാപാപവും പാതകവുമാണെന്നു ഞങ്ങൾ പ്രഖ്യാപിക്കും. മനുഷ്യസ്നേഹികളായ കലാകാരികൾക്കുള്ള ഏകമാർഗ്ഗം പേററുനോവുസാഹിത്യകലാസൃഷ്ടിയിൽ ഏപ്പെടുന്നതാണെന്നു ഞങ്ങൾ പ്രഖ്യാപിക്കും. ഞങ്ങളുടെ ശുഭാപ്തിവിശ്വാസം പൊലിയുകയില്ല. ഞങ്ങളുടെ കാലുകൾ പതറുകയില്ല. ഞങ്ങളുടെ ദൃഷ്ടികൾ വ്യതിചലിക്കുകയില്ല. സ്ത്രീത്വം മൊട്ടിട്ടുനില്ക്കുന്ന ഒരു നവലോകം നമ്മെ മാടിവിളിക്കുന്നു. വേദനയില്ലാത്ത പ്രസവത്തിൻെറ അനന്തമായ രാജവീഥി നാം കാണുന്നു. വിപ്ലവത്തിൻെറ തീപ്പന്തമുയത്തിപ്പിടിച്ചുകൊണ്ടു നമുക്കു മുന്നോട്ടു നീങ്ങാം.

(ക്ഷമാപണസഹിതം)

# 6. ബഡ്ജററനിരൂപണം

തിരു-കൊച്ചിബഡ്ജററിനെപ്പററി നിരൂപണംചെയ്യ ണമെന്നൊരു വിചാരം കുറെ ദിവസമായി തുടങ്ങിയിട്ട്. കാൺഗ്രസ്സ്പാർട്ടി ചീഫ്വിപ്പിനെപ്പോലെ ഞാനും അ ഭിമുഖസംഭാഷണത്തിനു് ആരും വരുന്നില്ലല്ലോ, എന്താ ണു് വേണ്ടതു് എന്നു വിഷമിക്കുകയായിരുന്നു. ഏതായാ ലും ഇപ്പോൾ അങ്ങു വന്നതു വളരെ സന്തോഷമായി. കു ളിക്കാൻ വെളിച്ചെണ്ണ ഉച്ചിയിൽ പൊത്തിയിരിക്കുകയാ ണെങ്കിലും അങ്ങയെ പറഞ്ഞയച്ചിട്ടേ കുളിക്കുന്നുള്ളു എ ന്നു വെയ്ക്കാം.

മുപ്പതു ലക്ഷം രൂപയുടെ ഒരു കമ്മിബഡ്ജററു് അവ തരിപ്പിച്ചതിനു ഞാൻ ആദ്യമായി ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊള്ളട്ടെ. കുടുംബത്തിൽ സമീകരണബ ഡ്ജററുണ്ടാക്കാത്തതു സ്ത്രീകളുടെ കുററമാണെന്നും മററും പ റഞ്ഞു് ഒരു ഗിരിപ്രസംഗം നടത്തിയ ചീഫ്മിനിസ്റ്റർക്കു് ഏററവും കുറിക്കുകൊള്ളുന്ന ഒരു മറുപടിയാണു് ധനകാ ര്യമന്ത്രിയുടെ ബഡ്ജററു്. ക്യാബിനററിലുണ്ടായിരുന്ന ഏ കവനിതയെക്കൂടി പുറംതള്ളിയിട്ടു പുരുഷന്മാർമാത്രം ഇരു ന്നുണ്ടാക്കിയ ബഡ്ജററാണു് ഇതു്. എന്നിട്ടും മുപ്പതു ലക്ഷം കമ്മി! യുദ്ധാനന്തരപുനസ്സംവിധാനഫണ്ടിൽനിന്നും മററു ഫണ്ടുകളിൽനിന്നും പണമെടുത്തു മാററിമറിച്ചിട്ടില്ലായി രുന്നുവെങ്കിൽ ഈ കമ്മി എത്രയോ കൂടുമായിരുന്നു. ചീഫ് മന്ത്രിയെക്കണ്ടാൽ എനിക്കൊന്നു ചോദിക്കണമെന്നുണ്ടു്,

ഏതു സ്ത്രീയാണ് ഇതിനു് ഉത്തരവാദി എന്നു്. ചിരി ക്കാതെ എന്തു ചെയ്യും? സമീകരണബഡ്ജറ്റും ഒന്നും ഇ ക്കാലത്തിനു യോജിച്ചതല്ലെന്നു ഞാൻ അന്നേ പറഞ്ഞ താണു്. പെണ്ണുങ്ങളുടെ വാക്കും പുതുനെല്ലിക്കയും ആ ദ്യം കയ്ക്കും, പിന്നെ മധുരിക്കും എന്നോ മറേറാ അല്ലയോ ഒരു പഴഞ്ചൊല്ലുള്ളതു്?

ഇതു പാവപ്പെട്ടവൻെറ ബഡ്ജററാണു് എന്നു മന്ത്രി മാരും പണക്കാരൻെറ ബഡ്ജററാണു് എന്നു് എതിർപക്ഷ വും പറയുന്നതു കേട്ടിട്ടുണ്ടു്. അതു രണ്ടും ശരിയായിരി ക്കാം, ശരിയല്ലായിരിക്കാം. പക്ഷേ, ഇതു പണക്കാരിയു ടേയോ പാവപ്പെട്ടവളുടേയോ ബഡ്ജററാണെന്നു് ആരും പറഞ്ഞിട്ടില്ല, പറയുകയുമില്ല. വനിതകളെ നിശ്ശേഷം അവഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജററാണു് ഇതെന്നു നി സ്സന്ദേഹം പറയാം. വെറും പുരുഷൻെറ ബഡ്ജററു്! ഈ ബഡ്ജററു മുഴവനോടെ തള്ളിക്കളയാൻ ഒരു ഉപക്ഷേപം ഹാജരാക്കാതെയിരുന്ന വനിതാ എം. എൽ. എ.മാരുടെ അധൈര്യത്തെപ്പററി ഞാൻ അനുശോചിക്കുന്നു.

ബഡ്ജററിനെപ്പററി കൂലങ്കഷമായ ഒരു നിരൂപണം കുളിക്കാൻ പോകുന്നതിനുമുമ്പു സാദ്ധ്യമല്ല. ബഡ്ജററിലെ അക്കങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചാൽ തല ചുററുന്നതു പോലെ തോന്നും. ഓമനക്കുട്ടൻെറച്ഛനോടു ചോദിച്ചപ്പോൾ അദ്ദേഹത്തിനും ശരിയായിട്ടു് അറിയാൻ വയ്യെന്നു പറ ഞ്ഞു. ഇതൊന്നും പഠിക്കാതെങ്ങനാ അടുത്ത പ്രാവശ്യം എം. എൽ. എയ്ക്കു നില്ക്കാൻ പോകുന്നതെന്നു ചോദിച്ച

പ്പോൾ പറയുകയായിരുന്നു, വല്ലോം പത്തുപന്ത്രണ്ടു പേരൊഴിച്ചാൽ ഒരു പുരുഷനാനും ഇതൊന്നും അറിഞ്ഞുകൂടെന്നു്. പൂരുഷന്മാർക്കുടി നാലു ക്ലാസ്സു പഠിച്ചിരിക്കണമെന്നു നിർബ്ബന്ധമുള്ളപ്പോൾ എം. എൽ. ഏ.മാർക്കു് അതുകൂടി വേണ്ടെന്നു്! ഏതായാലും പട്ടവും കെ. പി.യും മററും ബഡ്ജററൊക്കെ പഠിച്ചു് അഭിപ്രായം പറഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ പ്രത്യേകം പറയേണ്ട ആവശ്യവുമില്ല. ബഡ്ജററു നോക്കാതെതന്നെ പറയുവാൻ കഴിയുന്ന ചില കാര്യങ്ങൾമാത്രമേ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നുള്ളു.

വെറും പുരുഷൻെറ ബഡ്ജററു് എന്നു ഞാൻ പറയുന്നതിൻെറ അത്ഥം-പുരുഷന്മാരുടെ താല്പര്യങ്ങൾ അതിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും സ്ത്രീകളുടെ താല്പര്യങ്ങൾ പുറംതള്ളപ്പെട്ടിരിക്കുന്നു എന്നുമാണു്. എൻെറ വാദം അത്ഥശൂന്യമാണെന്നു പാവങ്ങളെ തെററിദ്ധരിപ്പിക്കുവാൻ ധനകാര്യമന്ത്രി ചോദിക്കുമായിരിക്കാം, രാജ്യക്ഷേമകരങ്ങളായ ചെലവുകളുടെ ഗുണം പുരുഷനും സ്ത്രീക്കും ഒരുപോലെ അല്ലയോ എന്നു്. ഇന്നാളു ചീഫ്സിക്രട്ടറിയാണു് പറഞ്ഞതു് ഒമ്പതരക്കോടിയിൽ ഏഴു കോടിയും, അതായതു് 80 ശതമാനം, ചെലവു ശമ്പളച്ചെലവാണെന്നു്. ഈ ശമ്പളത്തിൻെറ 95 ശതമാനവും, അതായതു ബഡ്ജററിൻെറ 76 ശതമാനം, പുരുഷന്മാക്കല്ലേ കൊടുക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ബാക്കിയുള്ള 24 ശതമാനത്തിൻെറ പ്രയോജനത്തിൻെറ പകുതി ശരിക്കു സ്ത്രീക്കു കിട്ടുന്നില്ല. ഉദാഹരണമായി, റോഡുകൾ, പാലങ്ങൾ മുത

ലായവസ്തു നീക്കിവെച്ചിരിക്കുന്ന തുകകൊണ്ടു് അടുക്കളയിൽ പുകയുമേററു കണ്ണും നീറിയിരിക്കുന്ന ബഹുഭൂരിപക്ഷം സ്ത്രീകൾക്കു് എന്താണു് പ്രയോജനം?

വലിയ ഒരു സംഖ്യ ചെലവാക്കുന്ന ഡിപ്പാർട്ടുമെണ്ടാണു് വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടു്. 'ശംഖോ ചക്രമോ?' കളിക്കുമ്പോൾ രാമനക്കുട്ടൻ അമ്മിണിക്കുട്ടിയെ പറഞ്ഞു കളിപ്പിക്കുന്നതു കേൾക്കാം, "ശംഖു വീണാൽ ഞാൻ ജയിക്കും. ചക്രം വീണാൽ നീ തോല്ക്കും" എന്നു്. അതുപോലെയാണു് ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടുള്ള പ്രായോഗികഫലം. വിദ്യാഭ്യാസം ലഭിച്ച പുരുഷനു വൈവാഹികകമ്പോളത്തിൽ വില വർദ്ധിക്കും. വിദ്യാഭ്യാസം ലഭിച്ച സ്ത്രീ വാങ്ങാൻ ആളില്ലാത്ത ഒരു കലാശില്പമായി വൈവാഹികകമ്പോളത്തിൽ ഇരുന്നുപോകും. വിവാഹം കഴിഞ്ഞാൽത്തന്നെ സ്ത്രീക്കു ചുമതലയേറിയ പല കാർയ്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. ഇവയിൽ കുറെയെല്ലാം ചെയ്യുന്നതിനും ബാക്കി ഭർത്താവിനെക്കൊണ്ടു ചെയ്യിക്കുന്നതിനും അവളെ പഠിപ്പിച്ചുവിടണമെന്നുള്ളതാണു് വിദ്യാഭ്യാസത്തിൻെറ പ്രാഥമികകർത്തവ്യം. ഇതു നിർവ്വഹിക്കാത്ത ഇന്നത്തെ വിദ്യാഭ്യാസത്തിനുള്ള ഗ്രാൻറിൽനിന്നു് ഒരു രൂപാ വെട്ടിക്കുറയ്ക്കണമെന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെടുന്നു.

പോലീസ് ഡിപ്പാർട്ടുമെണ്ടിലെ താണ പടികളിൽ മാത്രമേ സ്ത്രീകൾക്കു പ്രവേശനമുള്ളു എന്നു വെച്ചിരിക്കുന്നതു വിഡ്ഢിത്തമാണു്. വിഡ്ഢിത്തം എന്ന വാക്കു പാർലിയമെൻററിയല്ലെങ്കിൽ അതു ഞാൻ പിൻവലിച്ചുകൊള്ളു

ന്നു. ഫയൽമാന്മാരും ഗുസ്തിക്കാരുമാണു് പോലീസ്സിൽ വേണ്ടവർ എന്നുള്ള പഴഞ്ചൻപ്രമാണം ഇന്നു വിലപ്പോക യില്ല. കള്ളത്തരങ്ങൾ കണ്ടുപിടിക്കാനുള്ള ബുദ്ധിയും സാമത്ഥ്യവുമാണു് പോലീസിലെ ഉന്നതോദ്യോഗസ്ഥന്മാ ക്കു് ആവശ്യം. ഇവ സ്ത്രീക്കു പുരുഷനേക്കാൾ വളരെ കൂ ടുമെന്നു്, മോഷ്ടാക്കളായ വേലക്കാരും, കണ്ണും കരളുംകൊ ണ്ടു കവച്ചു നടത്തുന്ന ഭത്താക്കന്മാരും സമ്മതിക്കുന്നതാ ണു്. പോലീസിന്റെ ഉപരിതലങ്ങൾ 'വനിതസാൽക്ക രിക്കു'ന്നതിന്റെ ആവശ്യം ചൂണ്ടിക്കാണിക്കുന്നതിനായി മുക്കാൽ രൂപാ വെട്ടിക്കുറക്കണമെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

മെഡിക്കൽവകുപ്പിന്റെ മന്ത്രിയോടു് എനിക്കൊന്നു ചോദിക്കുവാനുണ്ടു്: ഈ സംസ്ഥാനത്തു പ്രസവിക്കാൻ കഴിവുള്ള പ്രായത്തിൽ എത്ര സ്ത്രീകളുണ്ടു്? എത്ര പ്രസ വാശുപത്രികളുണ്ടു്? ഈ ആശുപത്രികളിലെല്ലാംകൂടി ഒരു വഷം എത്ര സ്ത്രീകൾക്കു പ്രസവിക്കാൻ സൌകര്യമുണ്ടു്? അത്രയും സ്ത്രീകൾമാത്രമേ പ്രതിവഷം ഇവിടെ പ്രസവി ക്കാവു എന്നാണോ ഗവമ്മേണ്ടിന്റെ നയം? ആണെ ങ്കിൽ, പ്രസവം ഇതനുസരിച്ചു നിയന്ത്രിക്കുന്നതിനു ഗവ മ്മേണ്ടു് എന്താണു് ചെയ്തിട്ടുള്ളതു്? ബഡ്ജററിന്റെ ഏതു ഭാഗത്തു് എത്ര രൂപാ ഇതിനായി കൊള്ളിച്ചിട്ടുണ്ടെന്നു ദയവായി കാണിച്ചുതരുമോ? ഗവമ്മേണ്ടിന്റെ ഉദ്ദേശം ഇതല്ലെങ്കിൽ, ഈ നാട്ടിലെ സ്ത്രീകൾക്കു പ്രസവത്തിനാവ ശ്യമുള്ളത്ര ആശുപത്രികൾ ഉണ്ടാക്കിത്തരേണ്ടതു ഗവമ്മേ

ണ്ടിൻെറ പ്രാഥമികകത്തവ്യമാണെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

പിന്നീടൊന്നു പറയുവാനുള്ളതു സ്ത്രീകൾക്കു സ്ത്രീസഹജമായ ചില രോഗങ്ങൾ പിടിപെടാറുണ്ടെന്നുള്ളതാണു്. സഹിക്കവെയ്യാത്തവണ്ണം അധികമാകുന്നതുവരെ അവർ ഈ വിവരങ്ങൾ അമ്മയെയോ ഭത്താവിനെയോപോലും അറിയിക്കുക പതിവില്ല. അറിയിച്ചുകഴിഞ്ഞാൽ പിന്നെ ആൺഡാക്കരെ കാണിക്കണമെന്നും, അതു വയ്യെന്നും പറഞ്ഞുള്ള വഴക്കിൽ കുറെയധികംനാൾ പോകും. ഡാക്കരെ കാണിച്ചാൽ നാണംകൊണ്ടു് ഉള്ള കാൎയ്യങ്ങൾ മറച്ചുവെയ്ക്കുകയും, കള്ളങ്ങൾ പറയുകയുംകൂടി ചെയ്തുപോകും. ഇതിൻെറയെല്ലാം ഫലമായി എത്രയോ സ്ത്രീകളുടെ ആരോഗ്യം നശിക്കുന്നു! ഇവരെ കുററപ്പെടുത്താൻ എളുപ്പം കഴിയും. പക്ഷേ കുററപ്പെടുത്തൽകൊണ്ടു കാൎയ്യം ഒരിഞ്ചുപോലും മുന്നോട്ടു പോകുകയില്ല. വനിതാഡാക്ടർമാർ വീടുതോറും കയറി നിബ്ബന്ധിതപരിശോധന ചെയ്യുന്നതിനു ഗവമ്മെണ്ടു് ഏപ്പാടുചെയ്യണമെന്നു ഞാൻ നിദ്ദേശിക്കുന്നു. ഈ പറഞ്ഞ കാൎയ്യങ്ങൾ ഗവമ്മേണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഒന്നര രൂപാ വെട്ടിക്കുറയ്ക്കണമെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു. നർസന്മാരും ലേഡീഡാക്ടർമാരും പൂവു ചൂടിക്കൂടാ എന്നും നർസന്മാർ വിവാഹം കഴിച്ചുകൂടാ എന്നും നിരോധനങ്ങളുണ്ടെങ്കിൽ അവ ഉടൻ പിൻവലിക്കേണ്ടതാണു്. അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചാൽ വെട്ടിക്കുറയ്ക്കുന്ന തുക ഒന്നരയിൽനിന്നു് ഒന്നേകാൽ ആക്കാൻ ഞാനും സമ്മതി

ക്കാം. അതിനു തയാറില്ലെങ്കിൽ മന്ത്രിമാർ അഞ്ചു വഷം ഭാര്യയിൽനിന്നു വേർപെട്ടു താമസിക്കേണ്ടതാണെന്നു് ഒരു ഉപദേശം സർദാർ പട്ടേലിനെയോ വി. പി. മേനോനേയോകൊണ്ടു മന്ത്രിസഭയ്ക്കു തരുവിക്കാൻ സാധിക്കുമോ എന്നു ഞാനും ഒന്നു നോക്കട്ടെ.

നീതിന്യായവകുപ്പിനെപ്പററി പ്രത്യേകിച്ചു് എനിക്കൊന്നും പറയാനില്ല. പക്ഷേ, ചില വലിയ നിയമനങ്ങൾ ചില വലിയ ആളുകളുടെ ഭാര്യമാരുടെ ബന്ധം നോക്കിയാണു് ചെയ്തിട്ടുള്ളതെന്നു പ്രതിപക്ഷത്തുനിന്നു ചില ആരോപണങ്ങൾ ഉണ്ടായതായി കേട്ടു. നേരിട്ടു സ്വാധീനശക്തിചെലുത്തത്തക്കവണ്ണം സ്ത്രീകൾ അർഹിക്കുന്ന പ്രാതിനിധ്യം അവക്കില്ല എന്നു മാത്രമല്ല, ക്യാബിനററിൽ പ്രാതിനിധ്യമേ ഇല്ല എന്നാണു് ഇന്നത്തെ സ്ഥിതി! പരോക്ഷമായിട്ടെങ്കിലും വല്ല സ്ത്രീകൾക്കും സ്വാധീനശക്തി ചെലുത്താൻ സാധിക്കുന്നെങ്കിൽ അതിനെക്കൂടി ഞെക്കിക്കൊല്ലുന്നതിനുള്ള പ്രതിപക്ഷശ്രമത്തെ ഞാൻ കഠിനമായി എതിക്കുന്നു. ഈ വകുപ്പിനുള്ള തുകയിൽനിന്നു 1 രൂപ ആരെങ്കിലും വെട്ടിക്കുറച്ചാൽ എൻെറ കയ്യിൽനിന്നു 1 രൂപാ ഗവമ്മേണ്ടിനു കൊടുക്കുന്നതാണു്!

ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെണ്ടിനെപ്പററി എം. എൽ. എ. മാരും പത്രങ്ങളും കുറുക്കൻ കൂവുന്നമാതിരിയിലുള്ള കൂട്ടവിമശനങ്ങൾ നടത്തുന്നുണ്ടു്. അജ്ഞതയുടെ അടിത്തട്ടു് എന്നല്ലാതെ ഈ വിമശനങ്ങളെപ്പററി എന്താണു് ഞാൻ പറയേണ്ടതു്? മൂന്നുനാലുമാസം മാസക്കുളി ഇല്ലാതിരിക്കു

ന്ന സ്ത്രീകൾ ട്രാൻസ്പോർട്ടുബസ്സിൽ കയറി 40 മൈൽ അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്താൽ അവൎക്കു മാസക്കുളി ഉണ്ടാകുമെന്നു പലൎക്കും അനുഭവപ്പെട്ടിട്ടുള്ളതായി ആളുകൾ പറയുന്നുണ്ടു്. ഇതു ശരിയാണെങ്കിൽ, പുരോഹിതന്മാരുടെയും യാഥാസ്ഥിതികന്മാരുടെയും എതിൎപ്പിനു് ഇടംകൊടുക്കാതെ ഈ പദ്ധതി എത്രയും കൌശലത്തോടുകൂടി ആസൂത്രണംചെയ്ത ട്രാൻസ്പോർട്ടുമന്ത്രിയെ ഞാൻ ഹൃദയംഗമമായി അഭിനന്ദിച്ചുകൊള്ളുന്നു. പക്ഷേ ഈ സംഗതിക്കു വേണ്ട വിധത്തിൽ പരസ്യം നല്കിയിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ചില പത്രങ്ങളിൽ ചില മരുന്നുകളെപ്പറ്റി കാണാറുള്ളതുപോലെ എല്ലാ പത്രങ്ങളിലും പരസ്യം ചെയ്യണം:—

"നിന്നുപോയ ആൎത്തവം! ഏതുകാരണംകൊണ്ടുള്ളതായാലും ഈ ബസ്സുകളിൽ യാത്രചെയ്താൽ ശരിപ്പെടുത്താം. സാധാരണക്കു് 40 മൈൽ. കൂടുതൽ പഴക്കമുള്ളതിനു് 70 മൈൽ. മുന്നറിയിപ്പു്:—ഗർഭകാലത്തു് ഇതിന്റെ ഉപയോഗം കഠിനമായി നിരോധിച്ചിരിക്കുന്നു."

ട്രാൻസ്പോർട്ടുവകുപ്പിനുള്ള തുകയിൽ ഒരു കാശുപോലും കുറയ്ക്കാൻ ഞാൻ സമ്മതിക്കുകയില്ല. നേരെമറിച്ചു്, ഒരു രൂപാ കൂട്ടണമെന്നു് ഒരു ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു. ഇതു നിയമാനുസൃതമല്ലെന്നു പറഞ്ഞു് പട്ടവും കെ. പി. യും മററും എതിൎത്താലും, ആശ്രിതവത്സലനും പൂജ്യഹൃദയനുമായ പ്രസിഡണ്ടു് എനിക്കു് അനുകൂലമായ റൂളിംഗ് നല്കണമെന്നു ഞാൻ രഹസ്യമായി അഭ്യൎത്ഥി

ക്കുകയും, നല്ലമെന്നു് ആത്മാത്ഥമായി ആശിക്കുകയും ചെയ്യുന്നു.

ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ ഓരോ വകുപ്പിനെപ്പററിയും ഓരോന്നു പറയാൻ കാണും. കുളി കഴിഞ്ഞു വന്നിട്ടു വേണം കുഞ്ഞിനു പാലു കൊടുക്കാൻ. അതുകൊണ്ടു സ്ത്രീകളുടെ ആവശ്യങ്ങൾ പൊതുവേ ഒന്നു ചൂണ്ടിക്കാണിക്കുകമാത്രമേ ഞാൻ ഇപ്പോൾ ചെയ്യുന്നുള്ളു. ഒരു രാജ്യത്തിൻെറ അഭിവൃദ്ധിയുടെ മാനദണ്ഡം അതിലെ സ്ത്രീകളുടെ അഭിവൃദ്ധിയാണു് എന്നു മഹാന്മാരായ പല പുരുഷന്മാരും പ്രസ്താവിച്ചിട്ടുണ്ടു്. സ്ത്രീകളുടെ ആവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുക എന്നതു് എല്ലാ പരിഷ്കൃതഗവമ്മേണ്ടുകളുടേയും കത്തവ്യമാണു്. പൌഡറു്, ലിപ്സ്റ്റിക്കു്, സ്നോ, മേലോട്ടു് എടുത്തുവെച്ചുകെട്ടുന്ന ബാഡി മുതലായ ചില്ലറ ആവശ്യങ്ങളെങ്കിലും ഗവമ്മേണ്ടിൽനിന്നു സപ്ലൈചെയ്തുകൊടുക്കാവുന്നതാണു്. വിവാഹാലോചനകളിലെ കരിഞ്ചന്തക്കച്ചവടം നിയന്ത്രിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. റഷ്യയിൽനിന്നായാലും തരക്കേടില്ല, ഒരു വിദഗ്ദ്ധനെ വരുത്തിയിട്ടു വേദനയില്ലാത്ത പ്രസവം നടപ്പാക്കണം. അതിൻെറ സാദ്ധ്യതകളെപ്പററി ഗവേഷണങ്ങൾ നടത്തണം. റഷ്യയിലെപ്പോലെ കുഞ്ഞുങ്ങളെ ദേശസാൽക്കരിക്കണം. അല്ലെങ്കിൽ ശിശുപരിപാലനം ഭത്താക്കന്മാക്കു നിർബ്ബന്ധിതമാക്കണം. തലമുടി വളരാനും, വണ്ണം കുറയ്ക്കാനും, തൊലി വെളുപ്പിക്കാനും, നെഞ്ചിൻെറ ആകൃതിയും വലിപ്പവും ശരിപ്പെടുത്താനും, സൌന്ദയ്യം വദ്ധിപ്പിക്കുവാനും ഗവേഷണകേന്ദ്രങ്ങൾ ഏപ്പെടുത്തണം. സാ

രിയിടൽ, ബാഡ്മിന്റൺ, അന്നനട, ചില്ലിചില്ലാട്ടം മുതലായ ലളിതകലകളെ പ്രോത്സാഹിപ്പിക്കണം. ജനസംഖ്യാനുപാതക്കണക്കനുസരിച്ച് 50 ശതമാനം സീറ്റുകൾ നിയമസഭയിലും മന്ത്രിസഭയിലും സ്ത്രീകൾക്കു ലഭിക്കണം. ഒരു ഇടക്കാലപദ്ധതി എന്ന നിലയിൽ, പ്രസവിച്ചിട്ടുള്ള രണ്ടു സ്ത്രീകൾക്ക് ഉടൻതന്നെ മന്ത്രിസഭയിൽ സ്ഥലം കൊടുക്കണം.

കുഞ്ഞ് ഉണർന്നുതുടങ്ങിയെന്നാ തോന്നുന്നത്. ദാ പിന്നേ! അവനെ ഒന്നു നോക്കിക്കോണേ! ഞാൻ കുളിച്ചിട്ട് ഇപ്പോൾ വന്നേയ്ക്കാം! ശരി, എന്നാലാകട്ടെ. ചിലപ്പോഴൊക്കെ ഇങ്ങോട്ടു കടക്കണേ. നമസ്തേ!

# 7. സിനിമയിലെ കുചഭ്രമം

ഈ ജനകീയയുഗത്തിൽ പത്രങ്ങൾക്കുള്ള സ്ഥാനം അദ്വിതീയമാണു്. പത്രങ്ങളിൽ സിനിമാപംക്തിക്കുള്ള സ്ഥാനവും അദ്വിതീയംതന്നെ. ചോദ്യോത്തരങ്ങളും തൂലികാചിത്രങ്ങളും നക്ഷത്രഫലങ്ങളും ചെറുകഥകളും എന്നപോലെ സിനിമാക്കുറിപ്പുകളും ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരാവശ്യമായിത്തീൎന്നിട്ടുണ്ടു്. വല്ലപ്പോഴുമൊക്കെ അതു വായിക്കാനും രസമാണു്. നോട്ടീസുകളിലെപ്പോലെ പകുതിക്കുവെച്ചു നിൎത്താതെ സിനിമകളിലെ കഥകൾ നേരേ ചൊവ്വേ പറഞ്ഞാൽ വായിക്കാൻ സുഖമുണ്ടെന്നുതന്നെയല്ല, സിനിമ കാണുമ്പോൾ സഹായകരവുമായിരിക്കും. പക്ഷേ അതൊക്കെ പറയുന്നതു് ഇപ്പോൾ അന്തസ്സിനു കുറവാണെന്നു തോന്നുന്നു. ഓരോ ചിത്രങ്ങളുടെയും ആക്ടറുകാരുടെയും പേരു പറഞ്ഞു്, ഓരോ കുററങ്ങളും കുറവുകളും തോണ്ടിയെടുത്തു വായനക്കാരുടെ മുമ്പിൽവെയ്ക്കുകയാണു് സാധാരണ പതിവു്. എനിക്കു് ഈ ആക്ടറുകാരെയും ആക്ടറുകാരികളെയും ആരെയും അറിയാൻ പാടില്ല. അവരുടെ പേരുപോലും പറയാൻ അറിഞ്ഞുകൂടാ. അതിനാൽ അവരെ എത്ര ശകാരിച്ചാലും എനിക്കൊന്നുമില്ല. പക്ഷേ, ഇതെല്ലാം തിരിഞ്ഞുമറിഞ്ഞു സാധുവനിതാലോകത്തിൻെറ തലയിൽ വന്നടിക്കുന്നതാണു് നാം ഇന്നു കാണുന്നതു്. 'സെക്സ് അപ്പീൽ' എന്ന പേരിൽ സിനിമാമാസികയുടെ ഓണംവിശേഷാൽപ്രതിയിൽ ശ്രീ.

കെ. ആർ. രാമകൃഷ്ണൻ എഴുതിയിരുന്ന ലേഖനവും അതേ ആശയത്തിൽ മററു ചില പത്രഗ്രന്ഥങ്ങളിൽ കണ്ട കുറി പ്പുകളും വായിച്ചപ്പോഴാണു് എനിക്കു ദേഷ്യം വന്നതു്.

സെക്സ്് അപ്പീൽ എന്നുവെച്ചാൽ എന്താണെന്നു പറഞ്ഞുതരാൻ ഞാൻ കാമനകുട്ടൻറച്ഛൻറടുക്കൽ അപേ ക്ഷിച്ചു. അതു പറഞ്ഞറിയിക്കാൻ വലിയ വിഷമമാണെ ന്നും, അനുഭവിച്ചാലേ അറിയാവൂ എന്നും പറഞ്ഞു് അ ദ്ദേഹം ചിരിച്ചു തള്ളുകയാണുണ്ടായതു്. പക്ഷേ ലേഖന ങ്ങൾ വായിച്ചപ്പോൾ കാര്യം ഏകദേശം മനസ്സിലായി. ഉള്ളതും ഇല്ലാത്തതുമായ കുചങ്ങൾ ചില സിനിമാക്കാരി കൾ ആകർഷകമായി പ്രദർശിപ്പിക്കുന്നു എന്നും, ചിലരുടെ കാലുപൊക്കലും മററു ചിലരുടെ അരവെട്ടിക്കലും മററും അപലപനീയമാണെന്നുമാണു് ആരോപണം. ഇതു കാ ണിക്കുന്നതു്, പാവം പുരുഷന്മാരുടെ കയ്യിൽനിന്നു പണം പിടുങ്ങുന്നതിനും, അവരുടെ സന്മാർഗ്ഗബോധത്തെ അധഃ പതിപ്പിക്കുന്നതിനും അവരുടെ കലാബോധത്തെ തേജോ വധംചെയ്യുന്നതിനുമാണെന്നാണു് പരാതി. പുരുഷന്മാർ പേരുവെച്ചും, പേരുവെയ്ക്കാതെയും ഇങ്ങനെയെല്ലാം എഴു തുകയും, സിനിമാക്കാരികളുടെ ഈ പ്രയോഗങ്ങളിൽ നീ രസം നടിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഞാൻ മൂ ക്കേൽ വിരൽവെച്ചുപോകുന്നു.

എൻെറ പ്രായത്തിലുള്ളവരാരും സാധാരണയായി ഈ പറയുന്ന സെക്സ്് അപ്പീലിനു പോകാറില്ല. ഞങ്ങളു ടെ ആവുന്നകാലത്തു് ഇങ്ങനെയൊന്നും കാണിക്കുവാൻ കാ

രണവന്മാർ അമ്മതിച്ചിരുന്നുമില്ല. ഞങ്ങളുടെ പുത്രിമാരും പൌത്രിമാരും ഈ സെക്സ് അപ്പീലിനെ ആശ്ലേഷിക്കണമെന്ന് എനിക്ക് അഭിപ്രായവുമില്ല. ഇതിനെ വല്ല വല്യമ്മമാരും ശകാരിച്ചാൽ അതിൽ ഞാൻ അരിശംകൊള്ളുകയുമില്ല. പക്ഷേ, തൻെറ കുചങ്ങൾ ഏതാകൃതിയിൽ വെച്ചു കെട്ടണമെന്നും എത്ര ശതമാനം മൂടാതിരിക്കണമെന്നും കാലിൻെറ മുട്ടിൻെറ മേൽവശം എത്ര ഇഞ്ചുസ്ഥലം കാററുകൊള്ളിക്കണമെന്നും ദേഹത്തിൻെറ ഓരോ ഭാഗങ്ങൾ എപ്രകാരം ചലിപ്പിക്കണമെന്നും മററും നിശ്ചയിക്കാനുള്ള സ്ത്രീയുടെ മൌലികാവകാശത്തിൻെറ മേൽ ചൂഷൺവിദഗ്ദ്ധരായ പുരുഷന്മാർ കൈവെയ്ക്കാൻ ഒരുമ്പെടുന്നതിനെ ചോദ്യംചെയ്യാതെ വിടാൻ സാധിക്കുന്നതല്ല.

ആക്ഷേപത്തിൻെറ ആഴം ഒന്നു നോക്കണേ! മാറിടത്തിൻെറ ദയനീയത മറയ്ക്കുവാൻ ഒരു സ്കൂൾമിസ്ട്രസ്സ് ബലൂൺ വെച്ചുകെട്ടിയെന്നും ഈ പ്രയോഗംകൊണ്ടു് ഒരു യുവസഹാദ്ധ്യാപകനെ മയക്കിയെന്നും വല്ലാത്ത ഒരു സന്ദർഭത്തിൽ സമ്മർദ്ദമേററു ബലൂൺ പൊട്ടിപ്പോയെന്നും മററും ഒരു പുരുഷൻ എഴുതിയ കഥയെ അനുസ്മരിച്ചു സുഖിച്ചുകൊണ്ടാണു് സിനിമാമാസികയിലെ ലേഖകൻ ലേഖനം ആരംഭിക്കുന്നതു്. സിനിമയിലെ സ്ഥിതി ഇതിലേറെ കഷ്ടമാണത്രേ. ഒന്നു തുമ്മിയാൽ മതി, തിരശ്ശീലയിൽ പെണ്ണുങ്ങളുടെ കുമ്പാരംകൂടി നില്ക്കുന്ന സകല കുററങ്ങളും പൊട്ടിത്തെറിച്ചു തീയേററർ അപകടത്തിലാകുമത്രേ! സിനിമാസ്തനങ്ങളുടെ വലിപ്പം വർദ്ധിച്ചുവരികയാണത്രേ! ഇൻഡ്യൻചലച്ചിത്രങ്ങൾ ചിയാങ്ങ്കൈഷക്കു

കണ്ടിരുന്നെങ്കിൽ ബയണററിനു പകരം ഒരു നവീനസമരായുധംകൂടി അയാൾ സഫലമായി പ്രയോഗിക്കുമായിരുന്നത്രേ!

അഖിലകേരളഭാര്യാസംഘത്തിൻെറ സി. ഐ. ഡി. ശാഖയിലെ രേഖകളിൽപ്പോലും ഇമ്മാതിരി ഒരു ബലൂൺ പ്രയോഗത്തെപ്പററി ഒന്നും കണ്ടിട്ടില്ല. നിവൃത്തിയില്ലാതെ വന്ന അവസരത്തിൽ വല്ല മാററിടത്തേയും സങ്കല്പിച്ചുകൊണ്ടു വല്ല ചെറുകഥാകൃത്തും ബലൂൺപ്രയോഗം നടത്തിക്കാണുമായിരിക്കാം. അഥവാ, പുരുഷന്മാരുടെ ഇടയിൽ ഒരു അടിയന്തരോപായമായി ഇതു പ്രചാരത്തിലിരിക്കുന്നുമുണ്ടാവാം. ഓമനക്കുട്ടൻറച്ഛനോട് ഇതിനെപ്പററി ചോദിച്ചപ്പോൾ അദ്ദേഹം എസ്സും നോയും പറയാതെ ഒരു കള്ളസ്സമ്പ്രദായത്തിൽ വിഷയം മാററുകയാണുണ്ടായതു്. അഥവാ, ഒരു സ്കൂൾമിസ്ട്രസ്സ് അങ്ങനെ ചെയ്തു എന്നുതന്നെ വിചാരിക്കുക. കണ്ണില്ലാത്തവക്കു കണ്ണു വെയ്ക്കാം; പല്ലില്ലാത്തവക്കു പല്ലു വെയ്ക്കാം; മുടിയില്ലാത്തവക്കു തിരിപ്പൻവെയ്ക്കാം. അതിനൊന്നും ആക്കും ആക്ഷേപമില്ല. പിന്നെ ഇതിനുമാത്രം എന്തിനു് ആക്ഷേപം? കുചഭ്രാന്തന്മാരെ ഒരു നല്ല പാഠം പഠിപ്പിക്കാനായി ആ മിസ്ട്രസ്സ് അങ്ങനെ ചെയ്തതായിരിക്കണമെന്നാണു് എൻെറ വിശ്വാസം. പക്ഷേ ആ ഹാസ്യത്തിൻെറ അത്ഥംകൂടി മനസ്സിലാക്കാൻ കഴിയാതെ അതും ഒരു ഭൂഷണമായി നിനച്ചു കൊട്ടിഘോഷിക്കുന്ന പുരുഷന്മാരുടെ തൊലിക്കട്ടിക്കു് ഒരു നമസ്കാരം നല്കുകയല്ലാതെ എന്താണു് ചെയ്യുക?

കുമ്പാരംകൂടി നില്ക്കുന്നതെല്ലാം ഒന്നു തുമ്മിയാൽ

പൊട്ടിത്തെറിച്ച് അപകടമുണ്ടാകുമെങ്കിൽ രാജ്യരക്ഷാ നിയമപ്രകാരം ഒന്നുകിൽ ഈ കുമ്പാരങ്ങളെയോ അല്ലെങ്കിൽ തുമ്മലുകളെയോ നിരോധിക്കേണ്ടതാണ്. കുമ്പാരം പൊട്ടി അപകടം പിണയും എന്നു ഭയപ്പെടത്തക്കവണ്ണം അത്ര ബലഹീനമാണ് പുരുഷന്മാരുടെ മനസ്സെങ്കിൽ അതിനെ ബലപ്പെടുത്തുന്നതിനു വല്ല ടോണിക്കും അന്വേഷിക്കേണ്ടതാണ്. പിന്നെ സിനിമയിലെ കുചങ്ങൾ വല്ലതായിവരുന്നതായി പുരുഷന്മാക്കു തോന്നുന്നെങ്കിൽ അതിൽ അവക്കിത്ര പരിഭ്രമം വരത്തക്കതായി എന്താണുള്ളതെന്നു മനസ്സിലാകുന്നില്ല. ചിയാങ്ങ്കൈഷക്കിനു ബയണററായി ഉപയോഗിക്കാനെങ്കിലും ഒരുപയോഗം കുചങ്ങൾക്കുണ്ടെന്നു ലേഖകൻ സമ്മതിച്ചതു ഭാഗ്യംതന്നെ.

ഇത്രയൊക്കെ അരിശംകൊണ്ടു പറഞ്ഞതിനുശേഷം ലേഖകൻ പറയുകയാണ്, "സ്തനങ്ങൾ ഭംഗിയുള്ള വസ്തുക്കളാണെന്നു ഞാനും സമ്മതിക്കുന്നു!" മുലയും തലയുമില്ലാത്ത പെൺപിള്ളാരെ വീട്ടിൽ കല്യാണം കഴിച്ചു കൊണ്ടുവരരുതെന്ന് അമ്മമാർ പറയാറുള്ളത് ഉയന്ന സൌന്ദയ്യബോധംകൊണ്ടാണെന്നും അദ്ദേഹം സമ്മതിക്കുന്നു. പിന്നെവിടെയാണ് കുഴപ്പം? ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ദേവാലയത്തിൽ നില്ക്കുമ്പോഴും അമ്മ മരിക്കുമ്പോഴും സ്തനങ്ങൾതന്നെ കാണണം—കാണിക്കണം—എന്നു വന്നാൽ അതു കുറെ കഷ്ടമാണെന്നാണ് അദ്ദേഹത്തിൻെറ പരാതി. ഓന്തിനു നിറംമാറാൻ സാധിക്കുന്നതുപോലെ ഒരു സ്ത്രീക്കു തൻെറ സ്തനങ്ങളുടെ ആകൃതിയും വലിപ്പവും ഇഷ്ടംപോലെ മാററാൻ സാധിക്കുമായിരുന്നെങ്കിൽ ഈ

പരാതിക്കു കഴമ്പുണ്ടാകുമായിരുന്നു. പക്ഷേ, ലേഖകൻ ആരാധിക്കുന്നമാതിരി ഭംഗിയുള്ള സ്തനങ്ങളുള്ള ഒരുവൾക്ക് ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ദേവാലയത്തിൽ നില്ക്കുമ്പോഴും അമ്മ മരിക്കുമ്പോൾത്തന്നെയും അവ അതുപോലെ ഇരിക്കും എന്നുള്ളതു് പ്രകൃതിയുടെ നിയമമാണു്. കാണേണ്ടാത്ത സമയങ്ങളിൽ നോക്കാതിരിക്കുകയാണു് ഇതിനുള്ള ഏകപ്രതിവിധി. ദേവാലയത്തിൽ നില്ക്കുമ്പോഴും അമ്മ മരിക്കുമ്പോൾപോലും അവയെ നോക്കാതെ കണ്ണുകൾ നിയന്ത്രിക്കാൻ സാധിക്കാത്ത പുരുഷന്മാർ സിനിമാപ്പെണ്ണുങ്ങളെ കുററംപറഞ്ഞു് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതു വൃഥാതന്നെ.

ശാലീനവും സൌമ്യവുമായ സ്ത്രീസൌന്ദര്യം പുരുഷലോകത്തിനു് ആരാധനീയമായിരിക്കുമെങ്കിലും ഞെട്ടിത്തെറിപ്പിക്കുന്ന സൌന്ദര്യധോരണി സാമൂഹ്യവ്യവസ്ഥിതിക്കുതന്നെ ഹാനികരമാണെന്നു് അദ്ദേഹം താക്കീതുചെയ്തിട്ടു്, "ഭാര്യാ രൂപവതീ ശത്രുഃ" എന്നൊരു പ്രമാണം ഉദ്ധരിക്കുന്നു. മധുരം മാത്രം തിന്നു ജീവിക്കുന്ന ഉത്തരേന്ത്യക്കാരനു പുളിശ്ശേരി കൊടുത്താൽ അയാൾ എരുവുകൊണ്ടു ചാടും. മുളകുപൊടി കുഴച്ചുകൂട്ടുന്ന തെലുങ്കനു് പുളിശ്ശേരി പച്ചവെള്ളംപോലെ സൌമ്യമാണു്. ഒരാൾക്കു രൂക്ഷമെന്നു തോന്നുന്ന സ്ത്രീസൌന്ദര്യം മററൊരാൾക്കു സൌമ്യമായി തോന്നാം. വെറും രുചിഭേദം എന്നേ ഉള്ളൂ. ഉത്തരേന്ത്യക്കാരൻ അധികാരസ്ഥാനത്തു വന്നു പുളിശ്ശേരിനിരോധനം നടപ്പാക്കണമെന്നു പറയുന്നതുപോലെയിരിക്കുന്നു ലേഖകൻെറ അഭിപ്രായം. "ഭാര്യാ രൂപവതീ ശത്രുഃ" എന്ന പ്രമേയം സ്വീകരിക്കുവാൻ ശ്രീ. രാമകൃഷ്ണൻെറ ക്ഷു

ടെ പുരുഷന്മാർ, പ്രത്യേകിച്ച ചെറുപ്പക്കാർ, ആരും കാണു കയില്ലെന്നു ഞാൻ ധൈയ്യമായി പറയുന്നു. വിരൂപക ളെന്നു തങ്ങൾക്കും ലോകക്കും ഒന്നുപോലെ മൂന്നുതരം ബോ ദ്ധ്യംവന്നിട്ടുള്ള അഞ്ചാറു സ്ത്രീകൾമാത്രമേ അദ്ദേഹത്തി ൻെറ ചേരിയിൽ വോട്ടുചെയ്യുവാൻ കാണുകയുള്ളു.

ലേഖകൻ വെറും ആക്ഷേപംകൊണ്ടു തൃപ്തിപ്പെടാ തെ കാര്യമായിട്ടു ചില നിർദ്ദേശങ്ങൾ നല്കുന്നുണ്ടു്. പെ ണ്ണുങ്ങളെ ബനിയൻ ഇടുവിച്ച രംഗത്തുകൊണ്ടുവരലും നടികൾ ഇറുക്കമുള്ള ട്രൌസറും ധരിച്ച സ്ററൂളിന്മേൽ കാലുംപൊക്കിവെച്ചുകൊണ്ടുള്ള ആ നിൽപ്പും ഭരതനാട്യ ത്തിലെ നെഞ്ചുകുലുക്കവും അരയുരുട്ടലും മററും നിർത്തി യാൽ ഏറെക്കുറെ ആശ്വാസം ലഭിക്കുമെന്നാണു് അദ്ദേഹ ത്തിൻെറ ആശയം. ബനിയൻകൂടി ഇടീക്കാതെ പെണ്ണു ങ്ങളെ രംഗത്തു കൊണ്ടുവരുന്നതാണു് പുരുഷന്മാക്കു് ഇ ഷ്ടമെന്നു് എനിക്കറിയാമെങ്കിലും ലേഖകൻ അങ്ങനെയാ ണുദ്ദേശിക്കുന്നതെന്നു ഞാൻ പറയുന്നില്ല. പത്തുമുപ്പതു കൊല്ലം മുമ്പുവരെ നമ്മുടെ നാട്ടിലെ യുവതികളിൽ ഭൂരി ഭാഗവും ബനിയൻകൂടി ഇടാതെയാണു് നടന്നിരുന്നതെ ന്നു കുറച്ചു പ്രായമായവക്കു് അറിയാവുന്നതാണു്. ഇപ്പോ ഴും വീട്ടിലിരിക്കുമ്പോൾ ബനിയൻപോലൊരു ജമ്പറോ ചട്ടയോ മാത്രമേ മിക്കവരും ധരിക്കാറുള്ളു. പഞ്ചാബിക്കാ രികളും ആംഗ്ലോ-ഇന്ത്യൻവനിതകളും ഇറുകിപ്പിടിച്ച ഉടു പ്പിനുമീതെ ഒന്നുമിട്ടു മൂടാറില്ല. ഒറീസ്സയിൽ ഒന്നുമിടാതെ വെറും സാരി ചുററുകയാണു് സാധാരണ പതിവു്. ഇവ കൊണ്ടൊന്നും തൃപ്തിവരാതെ തുളച്ചുതുളച്ചുകയറുന്ന നോട്ട

ങ്ങൾ നോക്കുന്ന പുരുഷന്മാർ ബനിയനിടലിൽ അശ്ലീലം കാണുന്നെങ്കിൽ പാലാക്കാർ ആകാശത്തു കന്യകമറിയത്തിനെ കണ്ടതിൽ അത്ഭുതപ്പെടാനില്ല. ട്രൌസറിൻെറ കാര്യമാണെങ്കിൽ, അതു ധരിച്ചു് ആഫീസുകളിലും കമ്പോളത്തിലുംകൂടി കാൽപൊക്കി നടക്കാറുള്ള പുരുഷന്മാർ ആദ്യം സ്വയം പരിഷ്കരിക്കാൻ ശ്രമിക്കട്ടെ. പിന്നെ, ഭരതനാട്യമെന്നു പറയുന്നതു പ്രാചീനവും സാർവ്വത്രികമായി അഭിനന്ദിക്കപ്പെടുന്നതുമായ ഒരു കലയാണു്. അതിൻെറ അങ്ങുമിങ്ങും മുറിച്ചുകളയാൻ പറയുന്നതു സാഹസമാണു്. ഈ സുന്ദരകലയിലും പുരുഷൻ കാണുന്നതു വെറും നെഞ്ചുകുലുക്കലും അരയുരുട്ടലും മാത്രമോ? ഹര! ഹരോ! ഹര !

ഒരു നല്ല സാധനം കണ്ടാൽ അതു തനിക്കു ലഭിക്കണമെന്നു് ഒരാശ ഉണ്ടാകുന്നതു പുരുഷസാധാരണമാണു്. അതു തനിക്കു ലഭിക്കുകയില്ലെന്നു വന്നാൽ, ആരോടെന്നില്ലാത്ത ഒരു ദേഷ്യവും കൂടുതൽ കൂടുതലായുള്ള ആശയും ഉണ്ടാകുന്നു. അതിനെപ്പററി നിരൂപണങ്ങൾ ചെയ്തുകൊണ്ടിരുന്നാൽ ആ ആശയ്ക്കു തൃപ്തിയും ദേഷ്യത്തിനു ശമനവും ഉണ്ടാകും. സിനിമയിലെ കുചഭ്രമത്തെപ്പററി സിനിമ കാണുന്ന പുരുഷന്മാരെല്ലാം സംസാരിക്കുന്നതിൻേറയും നിരൂപണംചെയ്യുന്നതിൻേറയും പശ്ചാത്തലം ഇതാണു്. അവക്കു് ആ കുചസ്മരണകൊണ്ടു സുഖം ലഭിക്കുന്നു. "അധികസ്യ അധികം ഫലം." പാട്ടും അഭിനയവും സംഭാഷണചാതുര്യവുമില്ലാത്ത ഒരു തമിഴസിനിമാതാരം മുലകൊണ്ടുമാത്രം അഭിനയിച്ചു്—അതിൻെറ നിഴൽമാത്രം കാണിച്ചു്—തിരു-കൊച്ചിസംസ്ഥാനത്തിൻേറയും മുത

ലെടുപ്പുണ്ടാകുന്നു എന്നു ശ്രീ. രാമകൃഷ്ണൻ സമ്മതിക്കു മ്പോൾ, പുരുഷലോകത്തിന്റെ കുചഭ്രമത്തിന്റെ ആഴവും വിസ്താരവും വെളിപ്പെടുന്നതിനോടൊപ്പം അവരുടെ നിരൂപണങ്ങളുടെ കഴമ്പില്ലായ്മയും വെളിവാകുന്നു.

പുരുഷന്മാരോട് ഇങ്ങനെയൊക്കെ പറഞ്ഞാലും ഈ കുചപ്രദർശനപ്രസ്ഥാനത്തെ നിയന്ത്രിക്കേണ്ട വഴികൾ സ്ത്രീകളുടെ ഗാഢമായ ആലോചനയ്ക്കു വിഷയമാകേണ്ട താണെന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെടുന്നു. ആയതിലേയ്ക്കു വനിതകളുടെ ശ്രദ്ധയെ സവിനയം ക്ഷണിക്കു കയും ചെയ്യുന്നു.

# 8. ദാമ്പത്യസൌഭാഗ്യം

മനോരമ ആഴ്ചപ്പതിൻെറ ആദ്യത്തെ കുറെ ലക്കങ്ങളിൽ എം. എസ്സും. മിസ്സ്. തങ്കമ്മ മാത്യു ബി. എസ്സ്. സി. യും ദാമ്പത്യസൌഭാഗ്യത്തെക്കുറിച്ച് എഴുതിയിരുന്ന ലേഖനങ്ങളിൽ ചിലതു വായിക്കാൻ ഇടയായി. അവയിൽ പല കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. എങ്കിലും തെററിദ്ധാരണകൾക്ക് ഇടംകൊടുക്കുന്നവയും ഭാര്യമാർക്കു സ്വീകാരയോഗ്യമല്ലാത്തവയുമായ ഒന്നുരണ്ടു പ്രസ്താവനകളെപ്പററിമാത്രം രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ.

എം. എസ്സ്. ഒരു പുരുഷനോ സ്ത്രീയോ, ഭർത്താവോ ഭാര്യയോ എന്ന് എനിക്ക് അറിയാൻ പാടില്ല. അങ്ങനെയുള്ള ഒരാൾ തരുന്ന ഉപദേശങ്ങളെല്ലാം ഭാര്യമാർ അങ്ങനെയങ്ങു വിഴുങ്ങുന്നതു സൂക്ഷിച്ചു വേണം.

ആണ്ടിൽ രണ്ടുദിവസങ്ങൾ (ഭാര്യയുടെ ജന്മനക്ഷത്രവും വിവാഹത്തീയതിയും) ഭർത്താവിൻെറ സ്മരണയിൽ ഉണ്ടായിരിക്കണം എന്നുള്ള എം. എസ്സിൻെറ നിർദ്ദേശത്തിൽ ഒരു ഭർത്താവിൻെറ കൌശലം നിഴലിച്ചുകാണാം. ഒരു സാധനത്തിനു് ഇന്ന വിലയിൽ കൂടാൻ പാടില്ല എന്നു ഗവൺമെൻറു നിശ്ചയിച്ചാൽ അതിൻെറ പ്രായോഗികഫലം, ആ സാധനം ആ വിലയിൽ കുറഞ്ഞു കിട്ടുകയില്ല എന്നായിരിക്കും. എം. എസ്സിൻെറ നിർദ്ദേശത്തോടു ഭാര്യമാർ അനുകൂലിച്ചാൽ പിന്നെ നമ്മുടെ ഓണവും വിഷുവും

തിരുവാതിരയും ക്രിസ്തുമസ്സും ഈസ്റ്ററും ബക്രീദും എല്ലാം ഭർത്താക്കന്മാർ കണ്ണുമടച്ചു മറന്നുകളയും. ഈ സൂത്രമൊന്നും ഭാര്യമാരോട്ട് എടുക്കേണ്ട.

ഒരു ഭാര്യ ഭർത്താവിനോടു ദേഷ്യപ്പെട്ടു വീട്ടിൽനിന്നു് ഇറങ്ങിപ്പോയതായും ഭർത്താവു് അനങ്ങാതെ ഇരുന്നതിനാൽ ഒടുവിൽ അവർ നിരുപാധികമായി കീഴടങ്ങി പശ്ചാത്താപം പ്രകടിപ്പിച്ചതായും പറഞ്ഞു ഭാര്യമാരുടെ ഉള്ളിൽ ഒരു ഭീതി ഉണ്ടാക്കാൻ എം. എസ്സ്. ശ്രമിക്കുന്നു. ഭാര്യ വീടുവിട്ടു് ഓടിയതു നയതന്ത്രപരമായ ഒരു തെററായിരുന്നു. അതിനാലാണു് തോൽവി പററിയതു്. ഭാര്യ ഒരിക്കലും ഭർത്താവിനെ വിട്ടുപിരിയാൻ പാടില്ല. അട്ടയെപ്പോലെ ഭർത്താവിൻെറ മേൽ കടിച്ചുപിടിച്ചിരുന്നുകൊണ്ടു വേണം തന്ത്രങ്ങൾ പ്രയോഗിക്കാൻ. അപ്പോൾ കാണാം, ഇരുമ്പുലക്കപോലെ ഉറപ്പുള്ള ഭർത്താവു വളഞ്ഞു മുട്ടുകുത്തുന്നതു്. പിന്നെ, എം. എസ്സ്. പറയുന്നതു കേട്ടാൽ തോന്നും, ദേഷ്യപ്പെട്ടു് ഇറങ്ങിപ്പോകുന്ന ഭർത്താക്കന്മാരും തിരിച്ചുകേറിവരാറേയില്ലെന്നു്! നാരായണ, നാരായണ!

മിക്ക പുരുഷന്മാരും ആഗ്രഹിക്കുന്നതു തങ്ങളെ ഭരിക്കാൻ പ്രാപ്തിയും തൻേറടവുമുള്ള ഭാര്യമാരെ ലഭിക്കുന്നതിനല്ല, പ്രത്യുത, അവരെ പരിചരിക്കുന്നവരെ ലഭിക്കുന്നതിനാണു് എന്നു ലോസ് ഏഞ്ചലിസിലെ വിവാഹകാര്യാലയത്തിൻെറ കാര്യദർശി പറയുന്നതായി മിസ്സ് തങ്കമ്മ പ്രസ്താവിക്കുന്നു. അതു ശരിയാണു്. എന്നാൽ അതിനു നമ്മൾ എന്തു വേണം? മനുഷ്യരുടെ ആഗ്രഹങ്ങൾക്കു് അതിരു വല്ലതുമുണ്ടോ? ഭാര്യമാത്രമല്ല, ഈരേഴുപതിനാലുലോകത്തിലു

ള്ളവരെല്ലാം തൻെറ ആജ്ഞയ്ക്കു വിധേയരായി തന്നെ ആരാധിച്ചുകൊണ്ടു പരിചരിക്കുന്നതിനു പുരുഷൻ ആഗ്രഹിക്കുന്നുണ്ടാവും. പുരുഷൻെറ ആഗ്രഹത്തിനു നമ്മൾ വഴിപ്പെടണമെങ്കിൽ നമ്മുടെ ആഗ്രഹത്തിനു പുരുഷന്മാരും വഴിപ്പെടേണ്ടേ? നമ്മളെ ഭരിക്കാൻ ശക്തിയുള്ള ഭർത്താക്കന്മാരെയല്ല, പ്രത്യുത, നമ്മുടെ ആജ്ഞകൾ അനുസരിക്കുന്നതിനും അഭിലാഷങ്ങൾ സാധിച്ചുതരുന്നതിനും ത്രാണിയും മനസ്സുമുള്ള ഭർത്താക്കന്മാരെയാണ് ഭാര്യമാക്ക് ആവശ്യമുള്ളതു് എന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ ഞാൻ വെളിപ്പെടുത്തിക്കൊള്ളുന്നു. ഈ ആഗ്രഹനിവൃത്തിക്കു പുരുഷൻ തുനിയണം. അതാണു് ദാമ്പത്യസൌഭാഗ്യത്തിൻെറ അടിസ്ഥാനക്കല്ലു്.

ഭംഗിയായി വസ്ത്രധാരണംചെയ്യുന്നതിലും മോടിയായി നടക്കുന്നതിലും ഒരു സ്ത്രീ ചെയ്യുന്ന ശ്രമങ്ങളിൽ പുരുഷൻ കണ്ണടച്ചുകളയുന്നതു ശരിയല്ല എന്നു ലേഖക പറയുന്നു. “ഒരു പുരുഷനും ഒരു സ്ത്രീയും മറെറാരു പുരുഷനേയും സ്ത്രീയേയും വഴിയിൽവെച്ചു കാണുന്നു എന്നു വിചാരിക്കുക. സ്ത്രീകൾ ഇരുവരും അപരപുരുഷനിലല്ല, അന്യോന്യമായിരിക്കും ദൃഷ്ടികൾ പതിപ്പിക്കുന്നതു്. അവരുടെ സവ്വശ്രദ്ധയും കേന്ദ്രീകരിക്കുന്നതു് അപരയുടെ വേഷവിധാനങ്ങളിലായിരിക്കും” എന്നു സത്യത്തിൻെറ ഒരു ഭാഗം മാത്രം പറഞ്ഞു് അവർ നിത്തിയിരിക്കുന്നു. മറുഭാഗം, അതായതു് പുരുഷൻെറ ശ്രദ്ധ, എവിടെ ആയിരിക്കുമെന്നു പറയാൻ അവർ മടിക്കുന്നു. എനിക്കു മടിയൊന്നുമില്ല. ഞാൻ പറയാം. വേദാന്തങ്ങളും രാജ്യകാര്യങ്ങളും സം

സാരിക്കുന്നതിനിടയ്ക്കു് അവരുടെ ശ്രദ്ധ അപരസ്ത്രീയിൽ കേന്ദ്രീകരിച്ചിരിക്കും. അവരുടെ കണ്ണുകൾ അപരസ്ത്രീയുടെ മുഖസൌന്ദര്യത്തിലും ആകാരസുഷമയിലും ജാഗരൂകങ്ങളായിരിക്കും. സ്വന്തം ഭാര്യയുടെ കാര്യത്തിലല്ലാതെ അന്യയുവതികളുടെ വേഷസംവിധാനങ്ങളിൽ പുരുഷന്മാർ ഒരിക്കലും കണ്ണടച്ചുകളയാറില്ല. പുരുഷന്മാരുടെ ഈ സുഖക്കേടിനുകൂടി മരുന്നു വല്ലതും ചെയ്യേണ്ടതാണു്.

"ഭർത്തൃമതികളേ, നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരെ ശകാരിക്കുകയോ ഭർത്സിക്കുകയോ ചെയ്യരുതു്" എന്ന മിസ്സ്. തങ്കമ്മ മാത്യുവിൻെറ ഉപദേശം കേൾക്കുമ്പോൾ ഞാൻ നടുങ്ങിപ്പോകുന്നു. ഭർത്താക്കന്മാരുടെ യാഥാർത്ഥ്യങ്ങൾ ഭാര്യമാരേ അറിയൂ. മിസ്സുകളുടെ മുമ്പിൽ പുഞ്ചിരിതൂകി, വിനയം നടിച്ചു്, സേവാതല്പരരായി, മര്യാദരാമന്മാരായി നില്ക്കുന്ന പുരുഷന്മാർ എപ്പോഴും അങ്ങനെയാണെന്നു തെററിദ്ധരിക്കരുതു്. ഒരൊററ ഭാര്യയെങ്കിലും ആത്മാർത്ഥതയോടെ ലേഖകയുടെ അഭിപ്രായത്തോടു യോജിക്കുവാൻ കാണുകയില്ല. കുട്ടികളെ അടിക്കരുതു്, വേലക്കാരെ ദേഷ്യപ്പെടരുതു് എന്നൊക്കെ പറയുന്നതുപോലെയാണു് ഇതു്. അങ്ങനെ സാധിക്കുമെങ്കിൽ നല്ലതുതന്നെ. പക്ഷേ, അതു പ്രയോഗത്തിൽ വരുത്താൻ നോക്കുമ്പോൾ കാണാം, അവർ നമ്മുടെ തലയിൽ കയറി നിരങ്ങുന്നതു്. ഭർത്താക്കന്മാർ പെണ്ണന്മാരായ കുട്ടികളാണു്. അന്തസ്സുള്ള വേലക്കാരാണു്. അതുകൊണ്ടു് അത്യാവശ്യത്തിനുള്ള ശകാരവും ഭർത്സനവും ഓരോ ഭാര്യയും കരുതിവെയ്ക്കേണ്ടതാണെന്നു് ഞാൻ ഭാര്യമാരെ ഉദ്ബോധിപ്പിക്കുകയും

മിസ്സുകൾക്കു മുന്നറിവു നല്കുകയും ചെയ്തുകൊള്ളുന്നു.

മിസ്സസ് ലിങ്കൺ, ചക്രവർത്തിനി മേരി, ടാൾസ്റ്റോയിയുടെ ഭാര്യ മുതലായ ഭാര്യാരത്നങ്ങളെ മിസ്സ് തങ്കമ്മ വെറുതെ കുററപ്പെടുത്തുന്നു. വലിയ വലിയ ആളുകളുടെ ഭാര്യമാരായാലുള്ള തകരാറാണിതു്. എങ്കിലും അവരുടെ ഭാഗംകൂടി കേൾക്കാതെ അങ്ങനെയങ്ങു കുററം പറയാമോ? ലിങ്കൻെറ ജീവിതം നരകമാക്കിയതു ഭാര്യയായിരുന്നു എന്നു പറയുമ്പോൾ തോന്നും, ഭാര്യയുടെ ജീവിതം സ്വർഗ്ഗമായിരുന്നു എന്നു്! അവരുടെ ജീവിതം നരകമാക്കിയതു ലിങ്കണായിരുന്നു എന്നു പറയുന്നതും ശരിയല്ലേ? ഭാര്യ ഒരു കപ്പു തിളയ്ക്കുന്ന കാപ്പി അദ്ദേഹത്തിൻെറ നേരേ എറിഞ്ഞെന്നും ഒടുവിൽ വേലക്കാരി വന്നാണു് മുഖം തുടച്ചതെന്നും ഭാര്യയുടെ കുററമായി ,ലേഖക പറയുന്നു. വേലക്കാരിക്കു് എത്ര വയസ്സുണ്ടായിരുന്നു, കണ്ടാൽ എങ്ങനെയുള്ളവളായിരുന്നു എന്നൊന്നും ആലോചിക്കേണ്ടേ? ലിങ്കൻെറ മുഖം തുടയ്ക്കാൻ അവൾ ധൈര്യപ്പെട്ടതു് എന്തുകൊണ്ടു്? തൻെറ മുഖം തലോടാൻ, അതും പബ്ളിക്കായിട്ടു്, ഭാര്യയുടെ മുമ്പിൽവെച്ചുതന്നെ, വേലക്കാരിയെ ലിങ്കൺ അനുവദിച്ചതു് എന്തുകൊണ്ടു്? അവളുടെ കയ്യുകൊണ്ടു തുടയ്ക്കാനായി അദ്ദേഹം കാത്തിരുന്നതല്ലേ? ഞാൻ ചോദിക്കട്ടെ, നമ്മുടെ ആരുടെയെങ്കിലും ഭർത്താവിൻെറ മുഖം ഒരു വേലക്കാരിപ്പെണ്ണു ചെന്നു തുടച്ചു തലോടിയാൽ അവളുടെ പല്ലു മുപ്പത്തിരണ്ടും അപ്പോൾ താഴെക്കിടക്കുകയില്ലേ? പാവം മിസ്സസ്സ് ലിങ്കൺ മിണ്ടാതിരുന്നിട്ടും കുററം കിട്ടിയതു് അവൾക്കു്! ചൂടുള്ള കാപ്പിക്കു പുറമെ ചാണക

KOTTAYAM PUBLIC LIBRARY KOTTAYAM.

വെള്ളവും ചൂല്ലുംകൊണ്ടൊരു പ്രയോഗംകൂടി അവർ ലീക്കണ കൊടുത്തിരുന്നെങ്കിൽക്കൂടി അതു ക്ഷന്തവ്യമായിരുന്നേനേ എന്നാണു് ഞാൻ പറയുന്നതു്.

ഡിസ്റേലി തൻെറ 35-ാംവയസ്സിൽ 50 വയസ്സുകാരിയായ മേരി ആനെ വിവാഹം ചെയ്തു സുഖമായി ജീവിച്ചു. അതു വെറുതെയല്ല. അദ്ദേഹം അവളെ വിശ്വാസിനിയായ സഹകാരിണിയും ഉപദേഷ്ടാവുമായി ഗണിച്ചിരുന്നു. അദ്ദേഹം അവളെ ഒരിക്കലും പഴിച്ചിരുന്നില്ല. തനിക്കു പ്രഭുസ്ഥാനം കരസ്ഥമാകുന്നതിനുമുമ്പു് അദ്ദേഹം വിക്ടോറിയാമഹാരാജ്ഞിയെ നിർബ്ബന്ധിച്ചു് അവളെ പ്രഭ്വിയാക്കി. ഇതുപോലെയൊക്കെ നമ്മുടെ ഭർത്താക്കന്മാരും പ്രവർത്തിച്ചാൽ അവർക്കും സുഖമായിട്ടുതന്നെ ഇരിക്കാം. നമ്മുടെ നാട്ടിൽ മന്ത്രിമാരാകാൻ കാത്തിരിക്കുന്നവർ അവരുടെ ഭാര്യമാരെ നേരത്തേതന്നെ മന്ത്രിപത്നീപദവിയിലേക്കു് ഉയർത്താൻ എന്താണു് ചെയ്യുന്നതു്?

ഡിസ്റേലിയുടെ ഭാര്യയുടെ കഥ നമ്മുടെ ഇന്നത്തെ ഏററവും വിഷമംപിടിച്ച ഒരു സാമുദായികപ്രശ്നത്തിനു് ഒരു പോംവഴി കാട്ടിത്തരുന്നുണ്ടു്. നമ്മുടെ നാട്ടിൽ എല്ലാ സമുദായങ്ങളിലും അവിവാഹിതകളായ യുവതികൾ അങ്ങനെതന്നെ ഇരുന്നു നിരാശ പൂണ്ടു വാദ്ധക്യം പ്രാപിക്കുന്നതു് ഏററവും പരിതാപകരമായ ഒരവസ്ഥയാണല്ലോ. മേരി ആനും ഈവിധത്തിൽ 50 വർഷം കഴിച്ചുകൂട്ടിയെങ്കിലും അതിനുശേഷം അവർ 15 വയസ്സു പ്രായം കുറഞ്ഞ ഒരു ചെറുക്കനെ പിടിച്ചു കല്യാണം കഴിച്ചു ദാമ്പത്യസുഖം അനുഭവിച്ചു. നമ്മുടെ യുവതികൾ 50 വയ

സ്സുവരെ കാത്തിരിക്കാതെതന്നെ പത്തോ പതിനഞ്ചോ വയസ്സു കുറഞ്ഞിട്ടുള്ള പിള്ളാരെ ഉടൻതന്നെ തേടിപ്പിടിച്ചു കല്യാണമങ്ങു കഴിക്കണം. അതിനു കുറച്ചിലൊന്നും വിചാരിക്കാനില്ല. പിള്ളാരല്ലേ? പറഞ്ഞാൽ കേൾക്കുകയും ചെയ്യും.

"പുരുഷൻെറ സൌകര്യത്തെ ഉദ്ദേശിച്ചുമാത്രം ഏപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു നാട്ടുനടപ്പല്ല ദാമ്പത്യം. പുരുഷനും സ്ത്രീക്കും ഇതിൽ തുല്യനിലയാണുള്ളതു" എന്നു മിസ്സ് തങ്കമ്മ മാത്യു പറയുന്നതു വെറും ഒരാഗ്രഹമാണ്, യാഥാത്ഥ്യമല്ല. തൻെറ ആഹാരാദിചതുഷ്ടയങ്ങൾ നിറവേററുന്നതിന് ഏററവും സൌകര്യമുള്ള ഒരു ഉപകരണമായിട്ടുമാത്രമേ പുരുഷൻ ഭാൎയ്യയെ കരുതുന്നുള്ളു. പച്ചക്കറിക്കാരൻെറ കുട്ടയിൽനിന്നു കുമ്പളങ്ങ തിരഞ്ഞെടുക്കുന്നതുപോലെയാണ് അവർ യുവതീലോകത്തുനിന്ന് ഒരു ഭാൎയ്യയെ തിരഞ്ഞെടുക്കുന്നതു്. കഠിനതടവുശിക്ഷ ലഭിച്ചു ജയിൽപ്പുള്ളികളും ജയിലർമാരും തമ്മിലുള്ള സമത്വമാണ് ഭാൎയ്യയും ഭത്താവും തമ്മിലുള്ളതു്. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും ചിലപ്പോൾ ഭാൎയ്യക്കു പ്രസവിക്കാതെ നിവൃത്തിയില്ല. ദൈവമേ! പ്രസവവേദനയുടെ കാൎയ്യം ഓക്കുമ്പോൾ ദാമ്പത്യവും വേണ്ട, ഒരു തേങ്ങാക്കുലയും വേണ്ട എന്നു തോന്നിപ്പോകും. ഒരു കുഞ്ഞുണ്ടായിക്കഴിഞ്ഞാലും അതിനെ രാത്രിയിൽ ഒന്നുറക്കാനോ, ഇററു കുറുക്കിയതു കൊടുക്കാനോ, ഒന്നു ചമതിപ്പിക്കാനോ മറേറാ ഭത്താവു വരുമോ? അതില്ലതാനും. പ്രജായത്തഭരണസമ്പ്രദായത്തിൽ കോട്ടയത്തെ ലക്ഷപ്രഭുവും ചേത്തലയിലെ കയറു പിരി

ക്കാരിയും സമത്വമാണെന്നു പറയുന്നതുപോലെയാണു് ദാമ്പത്യബന്ധത്തിലുള്ള സമത്വവും. യഥാൎത്ഥസമത്വം നീതിപരമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കണമെന്നാണു് എൻെറ സഹോദരി പറയുന്നതെങ്കിൽ എല്ലാ ഭാൎയ്യമാരും അതിനെ പിൻതാങ്ങുന്നു.

ഭാൎയ്യമാരോടും ഭാൎയ്യമാരാകാൻപോകുന്നവരോടും എനിക്കു് ഒരു കാൎയ്യം പറയാനുണ്ടു്: നിങ്ങൾ നമ്മുടെ രാഷ്ട്രീയനേതാക്കന്മാരിൽനിന്നു് ഒരു പാഠം പഠിച്ച പ്രവൃത്തിരൂപത്തിൽ കൊണ്ടുവരണം. പരസ്യമായി നിങ്ങൾ ഐക്യം, മൎയ്യാദ, സേവനം, ക്ഷമ, നിസ്വാൎത്ഥത മുതലായതെല്ലാം ദാമ്പത്യസുഖത്തിനു് അത്യാവശ്യമാണെന്നു പ്രസംഗിക്കണം. ദാമ്പത്യസംഘടനയ്ക്കകത്തുള്ള മത്സരത്തിൽ സ്വന്തതാൽപൎയ്യങ്ങൾ പുലൎത്തുന്നതിൽ എന്തു തത്വങ്ങൾ ചവുട്ടിമെതിച്ചാലും എള്ളിട പുറകോട്ടു മാറരുതു്. ദാമ്പത്യസംഘടന ഭാൎയ്യയുടെ പിടിയിൽ ഇരിക്കണം. അതാണു് നമ്മുടെ ദാമ്പത്യസൌഭാഗ്യത്തിൻെറ മൌലികമായ അടിസ്ഥാനം.

# 9. ഒരു അഭിമുഖസംഭാഷണം

(സ്വന്തം ലേഖകൻ)

കാലത്തു് എഴുന്നേററപ്പോഠംതന്നെ തുടങ്ങിയതാണു് വല്ലാത്ത ഒരു ദാഹവും ഒരു ഇൻററർവ്യൂ നടത്തണമെന്നൊരു മോഹവും. ആരെയാണു് ഇൻററർവ്യൂ ചെയ്യേണ്ടതെന്നറിയാതെ കുറച്ചുനേരം കുഴങ്ങിയപ്പോഠം പണ്ടൊരു കാൺഗ്രസ്സ്നേതാവു തീവണ്ടിയിൽവെച്ചു നടത്തിയ ഇൻററർവ്യൂ ഓമ്മ വന്നു. തീവണ്ടി അടുത്തെങ്ങും ഇല്ലാതിരുന്നതിനാൽ റോഡിലൂടെ പോയ്ക്കൊണ്ടിരുന്ന കുതിരവണ്ടികളിലും കാറുകളിലും ബസ്സുകളിലും വല്ല നേതാക്കന്മാരും ഇൻററർവ്യൂവിന്നു കാത്തിരിക്കുന്നുണ്ടോ എന്നു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. മൂന്നുനാലു പേർ കൊള്ളാവുന്നവരായി തോന്നി. എങ്കിലും ഡ്രൈവറന്മാരുടെ അവിവേകം നിമിത്തം വണ്ടികഠം പോയ്ക്കളഞ്ഞു. പിന്നെ, ഗ്രാൻറു് സ്കൂഠംഅദ്ധ്യാപകന്മാരേയും പീക്കിരിപ്പിള്ളാരേയും വീട്ടുവേലക്കാരികളേയും മററും ഡെമോക്രാററുപ്രതിനിധി ബുക്കു ചെയ്യുകയും ചെയ്തിരിക്കുന്നു. ദാഹത്തിനു കുറച്ചു ചായ കിട്ടുകയും ഇൻററർവ്യൂ നടക്കുകയുംകൂടി വേണമെങ്കിൽ ശ്രീമതി കുഞ്ചിയമ്മയെത്തന്നെ ഇൻററർവ്യൂ ചെയ്യണമെന്നു് എനിക്കു് അപ്പോളാണു് തോന്നിയതു്. ഡെമോക്രാററുപ്രതിനിധി അവിടെ എത്തുന്നതിനുമുമ്പു് എത്തണമെന്നുള്ള വാശിയിൽ ഞാൻ ധിറുതിവെച്ചു നടന്നു.

ഞാൻ പടി കയറിയപ്പോൾ ശ്രീമതി കുഞ്ചിയമ്മ വരാന്തയിൽ പടിഞ്ഞിട്ട് ഇരുന്നു മുരിങ്ങയില ഉരുക്കുക യായിരുന്നു. ഒരുമാതിരി മുഷിഞ്ഞ മുണ്ടും ബ്ലൗസുംമാ ത്രമേ ശ്രീമതി ധരിച്ചിട്ടുണ്ടായിരുന്നുള്ളൂ. ജോലിയ്ക്കിടയിൽ ഇടയ്ക്കിടയ്ക്കു നാക്കുകൊണ്ടു ചുണ്ടു നനയ്ക്കുകയും ചുണ്ടുകൊ ണ്ടു പല്ലു മൂടുകയും ചെയ്തിരുന്നു. അടുത്തൊരു മുറത്തിൽ ചെള്ളു കുത്തിയ കുറെ ഗോതമ്പ് ഉണക്കാൻ വെയിലത്തു വെച്ചിരുന്നു. നനച്ച ഒരു മുണ്ടു വെയിലത്തു കിടന്ന് ഉ ണങ്ങുന്നുണ്ടായിരുന്നു.

അമ്മിണിക്കുട്ടിയുടെ കയ്യിലുണ്ടായിരുന്ന ഒരു ബ ലൂൺ പൊട്ടിയ ശബ്ദം കേട്ടുകൊണ്ടു പുറകോട്ടു നോക്കിയ പ്പോഴാണ് കുഞ്ചിയമ്മ എന്നെ കണ്ടതു്. ഉടൻതന്നെ അവർ ചാടിയെഴുന്നേററു മുണ്ടിൻെറ തുമ്പെടുത്തു മാറത്തേ യ്ക്കു വലിച്ചുവെച്ചുകൊണ്ടു സമന്ദസ്മിതം ചോദിച്ചു:

"ഇൗ നാട്ടിലൊക്കെയുണ്ടോ? ഈയിടെയായി ഇ ങ്ങോട്ടെങ്ങും കാണാറേ ഇല്ലല്ലോ! എന്താ വിശേഷം?"

"ഞാൻ അത്യാവശ്യമൊരു കാൎയ്യത്തിനായിട്ട് ഓടി വന്നതാണു്."

"അരിക്കും പഞ്ചസാരയ്ക്കുമാണെങ്കിൽ യാതൊരു നി വൃത്തിയുമില്ല. മറെറന്തു വേണ്ണെങ്കിലും ഉള്ളതുപോലെ എ ടുക്കാം."

ചായ കുടിക്കാമെന്നുള്ള എൻെറ ആശ അസ്തമിച്ചു. പഞ്ചസാരയില്ലാത്ത ചായ കുടിക്കാൻ ഞാനാളല്ല.

"ഹെയ്! അതിനൊന്നുമല്ല. ഒരു ഇൻറർവ്യൂയ്ക്കായിട്ടാ

ണ്ട് വന്നതു്. പല പ്രധാനകാൎയ്യങ്ങളെപ്പററിയും എനിക്കു ചോദിക്കാനുണ്ടു്."

"ഇരുന്നാട്ടെ! ഇൻറർവ്യൂസ്റ്റിടയ്ക്കു ഞാൻ മുരിങ്ങേലക്കൂടി ഒരുക്കുന്നതിനു വിരോധമില്ലല്ലോ?"

ഞാൻ പടിയിന്മേൽ ഇരുന്നു; കുഞ്ചിയമ്മ നിലത്തും.

"ഈ ആണ്ടത്തെ ഓണം എങ്ങനെയായിരുന്നു?" ഞാൻ ചോദിച്ചു.

"ഓണം, ഓണം എന്നു പറയുന്നതു് ഒരു വലിയ വഞ്ചനയാണു്. ഇല്ലാത്ത സമൃദ്ധിയും ഐശ്വൎയ്യവും ഉണ്ടെന്നു തോന്നിപ്പിച്ചു മഹാബലിയെ വഞ്ചിക്കുകയായിരുന്നു ഇതുവരെ ജനങ്ങൾ ചെയ്തുവന്നതു്. പട്ടേലും നെഹ്റുവും മററും വരുമ്പോൾ നമ്മുടെ നേതാക്കന്മാരും ഇപ്രകാരം ചെയ്തിരിക്കാമെങ്കിലും മഹാബലിയോടു് ഇങ്ങനെയുള്ള വഞ്ചന ചെയ്യാതെ, ജനങ്ങളുടെ യഥാൎത്ഥസ്ഥിതി അദ്ദേഹത്തിനു കാണിച്ചുകൊടുത്തതിൽ അവരെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു. 'സത്യമേവ ജയതി' എന്നുള്ള പ്രമാണം ഇവിടെമാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളു."

"പക്ഷേ ഈ ദാരിദ്ര്യം കാണുന്നതു മഹാബലിക്കു വളരെ സങ്കടകരമായിരിക്കുകയില്ലേ?" ഞാൻ ചോദിച്ചു.

"മഹാബലി ഇന്നും നാടു വാണിരുന്നെങ്കിലുള്ള സ്ഥിതി എന്തായിരുന്നിരിക്കും? മഹാവിഷ്ണുവിൻെറ അവതാരമായ വാമനൻ മൂന്നടി ഭൂമി ചോദിച്ചതിനു പകരം പട്ടേലിൻെറ പ്രതിനിധിയായ വി. പി. മേനോൻ മൂന്നു് ഒപ്പു വാങ്ങിക്കുമായിരുന്നു. കാൎയ്യവും ക്ലോസ്. ആത്മാഭിമാന

ത്തോടെ ആദ്യത്തെ തിരുനാൾ ആഘോഷിക്കാൻ കേരള ത്തിനു വെളിയിൽ പോകേണ്ടിയും വന്നേനെ. അങ്ങനെ യുള്ള ആളിനു സങ്കടം വന്നാൽ ജനകീയസർക്കാരിന്നു കുന്തമാ!"

"എങ്കിലും ഓണത്തിനു പട്ടിണി കൊള്ളാമോ? ഈ ഭക്ഷണപ്രശ്നം സോൾവ് ചെയ്യുന്നതെങ്ങനെ?" ഞാൻ തുടന്നു ചോദിച്ചു.

"ഭക്ഷണപ്രശ്നം സോൾവ് ചെയ്യാനുള്ള ഏകമാർഗ്ഗം അരി വാങ്ങിക്കുക എന്നുള്ളതാണു്. അരി വാങ്ങിക്കുവാനുള്ള മാർഗ്ഗം പൈസ ഉണ്ടാക്കുകയാണു്. പൈസ ഉണ്ടാക്കുവാനുള്ള മാർഗ്ഗം മാറിമാറി വന്നുകൊണ്ടിരിക്കും. കാൺഗ്രസ്സിൻെറ ഇലക്ഷൻഏജൻറായി നേരത്തേ പേരു കൊടുത്തു പ്രസംഗം ഉരുവിടാനാണു് ഞാൻ ഓമനക്കുട്ടൻറച്ഛനോടു് ഉപദേശിച്ചിരിക്കുന്നതു്. അദ്ദേഹം അങ്ങനെ ചെയ്താൽ ഞങ്ങളുടെ ഭക്ഷ്യപ്രശ്നം തൽക്കാലത്തേയ്ക്കു സോൾവ് ചെയ്യും."

"പക്ഷേ, കാൺഗ്രസ്സ് തോററുപോകുന്ന കക്ഷിയല്ലേ? നെയ്യാററിൻകരയും നെടുമങ്ങാട്ടും കണ്ടില്ലേ?"

"അല്ല. ചക്ഷുശ്രവണൻ എവിടെയോ പറഞ്ഞതുപോലെ, നെയ്യാററിൻകരയും നെടുമങ്ങാട്ടും കൂടെ ഒന്നിച്ചുനോക്കിയാൽ കാൺഗ്രസ്സിനു വമ്പിച്ച വിജയമാണു് ഉണ്ടായതു്. കണക്കൊന്നും ശരിയായിട്ടു് ഓർക്കുന്നില്ലെങ്കിലും പട്ടത്തിനു 11-ം മന്നത്തിനു 13-ം കാൺഗ്രസ്സിനു 18-ം ആയിരംവീതം വോട്ടു കിട്ടിയെന്നാണു് പറയുന്നതു്. പിന്നെ, ആരു ജയിച്ചാലും തോററാലും കാൺഗ്ര

സ്സിൻെറ ഇലക്ഷൻ ഏജൻറന്മാക്ക് വമ്പിച്ച വിജയംതന്നെയായിരുന്നു എന്നു കുഞ്ഞങ്ങേലി തീൎത്തുപറഞ്ഞു.”

“ഗ്രാൻറുസ്കൂളദ്ധ്യാപകന്മാരുടെ ശമ്പളക്കാൎയ്യത്തെപ്പററി എന്താണു് അഭിപ്രായം?”

“മുൻജന്മത്തിലെ കൎമ്മഫലമനുസരിച്ചാണു് ഓരോരുത്തരും ഓരോ പരിതസ്ഥിതികളിൽ ജനിക്കുകയും ജീവിക്കേണ്ടിവരികയും ചെയ്യുന്നതു്. കഴിഞ്ഞ ജന്മം കരിഞ്ചന്തയും കള്ളക്കച്ചവടവും നടത്തി പണം സമ്പാദിച്ചിട്ടു നാലു കാശുപോലും ദൈവത്തിനു കൊടുക്കാതിരുന്നവരായിരിക്കണം ഈ ജന്മം ഗ്രാൻറുസ്കൂളദ്ധ്യാപകന്മാരായിരിക്കുന്നതു്. അവർ കഷ്ടപ്പെടണമെന്നുള്ളതു ദൈവനിശ്ചയമാണു്. അവരുടെ സ്ഥിതി നന്നാക്കാൻ ശ്രമിക്കുന്നതു ദൈവനിശ്ചയത്തെ തകിടംമറിക്കുവാൻ ശ്രമിക്കുകയാണു്. അതു മഹാപാപമാണെന്നുള്ള വൈദികാഭിപ്രായത്തോടു മതഭക്തിയുള്ള സകലരും യോജിക്കേണ്ടതാണു്. ഈ മൌലികതത്വത്തെ വിസ്മരിക്കാതെ വേണം 80 ശതമാനം കൊടുക്കാനും മററും ഉപദേശിക്കാൻ.”

“ഈ തീയറിയനുസരിച്ചു കരിഞ്ചന്തയിലും കള്ളയാതനയിലും മററുംകൂടി പണക്കാരാവുന്നവർ അങ്ങനെ സുഖിക്കണമെന്നുള്ളതും ദൈവനിശ്ചയമല്ലേ? അവക്കു് ഉപദ്രവകരമായ നിയമങ്ങൾ ഉണ്ടാക്കുന്നതും പാപകരമല്ലേ?” ഞാൻ അത്ഭുതത്തോടെ ചോദിച്ചു.

“എന്താണിത്ര സംശയം?” കുഞ്ചിയമ്മ ഉശിരോടെ മറുപടി പറഞ്ഞു: “ഉള്ളവനു കൂടുതൽ കൊടുക്കുക, ഇല്ലാത്തവൻെറ കയ്യിൽനിന്നു് ഉള്ളതുകൂടി എടുക്കുക എന്നാ

ണ് ദൈവത്തിൻെറ ആജ്ഞ എന്നു് അന്നാമ്മച്ചേട്ടത്തിയും പറഞ്ഞിട്ടുണ്ടു്. ദൈവത്തിലും ദൈവത്തിൻെറ ദല്ലാളികളിലും വിശ്വസിക്കുന്ന ഗവമ്മെണ്ടു് ഈ തത്വത്തെ ആദരിക്കേണ്ടതാണു്. ഉള്ളവൻെറ കയ്യിൽനിന്നെടുത്തു കൂടുതലുള്ളവനു കൊടുക്കുക എന്നതു സ്വല്പം ന്യായീകരിക്കാവുന്നതാണു്. എന്നാൽ ഉള്ളവരുടെ കയ്യിൽനിന്നെടുത്തു് ഇല്ലാത്തവക്കു കൊടുക്കുക എന്നു പറയുന്നവൻ മതദ്രോഹിയും വിപ്ലവകാരിയും പേപ്പട്ടിയെപ്പോലെയോ കമ്യൂണിസ്റ്റുകളെപ്പോലെയോ തല്ലിക്കൊല്ലപ്പെടാൻ അഹ്തയുള്ളവനുമാണു് എന്നു മതാചാര്യന്മാർ അഭിപ്രായപ്പെടുന്നു."

"വല്ലാതൊന്നും തോന്നുകയില്ലെങ്കിൽ ഒരു പദ്ധതിയെപ്പററിക്കൂടി ചോദിക്കണമെന്നുണ്ടു്." ഞാൻ സ്വല്പം സങ്കോചത്തോടെ അറിയിച്ചു.

"രാഷ്ട്രീയത്തിലിറങ്ങുന്നവക്കു് എന്തു വല്ലാതെ തോന്നാനാ? എന്താ വേണ്ടതെന്നു വെച്ചാൽ ചുമ്മാ ചോദിച്ചു കൊള്ളണം."

"മൂത്രസംഭരണപദ്ധതിയെപ്പററി എന്താണു് അഭിപ്രായം?" ഞാൻ ചോദിച്ചു.

"അതൊരു നല്ല പദ്ധതിയാണു്. ഒരാളിൻെറ മൂത്രത്തിനു് ആണ്ടിൽ എട്ടു രൂപാ വില വരുമെന്നാണല്ലോ നിശ്ചയിച്ചിരിക്കുന്നതു്. കുട്ടികൾക്കു പകുതി നിരക്കായാലും ആണ്ടിൽ ഇരുപതിരുപത്തഞ്ചു രൂപാ ഞങ്ങൾക്കുതന്നെ കിട്ടണം. മൂത്രജാമ്യത്തിന്മേൽ ആളൊന്നിനു 6 രൂപ

വീതം ലോൺ തരണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പക്ഷേ ഈ പദ്ധതിയിൽ ചില അനീതികളുണ്ടു്. മുററത്തും റോഡിലും മൈതാനത്തും സകലിടത്തും സമൃദ്ധിയായി കിട്ടുന്ന പുരുഷമൂത്രത്തിൻെറ വിലമാത്രമാണു് മററുള്ളവരുടേതിനു വെച്ചിരിക്കുന്നതു്. മൂത്രമൊഴിക്കുമ്പോഠം യാതനയനുഭവിക്കേണ്ടിവരുന്ന ജനങ്ങഠക്കു കൂടുതൽ പ്രതിഫലം കൊടുക്കേണ്ടതല്ലേ?"

"എല്ലാവക്കും ഇത്ര വളരെ ത്രുപ കൊടുക്കുവാൻ ഗവമ്മേണ്ടിനു സാധിക്കുമോ?" ഞാൻ തുടന്നു ചോദിച്ചു.

"എന്താ സാധിക്കാത്തതു്?" കുഞ്ചിയമ്മ തിരിച്ചു ചോദിച്ചു: "അറിയാൻ വയ്യെങ്കിൽ ഞാൻ ഒരു രഹസ്യ സംഗതി പറഞ്ഞുതരാം. മൂത്രത്തിൽനിന്നു പഞ്ചസാര എടുക്കാനുള്ള ഒരു രഹസ്യപദ്ധതികൂടി ഉണ്ടെന്നാണു് അറിവു്. അതിനാൽ പ്രമേഹമുള്ളവർ വെറും 8 ത്രുപയ്ക്കു തങ്ങളുടെ മൂത്രം കൊടുക്കുന്നതു നഷ്ടമാണു്. 12 ത്രുപയിൽ കുറഞ്ഞ നിരക്കിനു് ഒരു തുള്ളിപോലും കൊടുക്കരുതെന്നു് ഓമനക്കുട്ടൻറച്ഛനോടു ഞാൻ പറഞ്ഞിട്ടുണ്ടു്."

"വ്യഭിചാരനിരോധനബില്ലിനെപ്പററി എന്താണു് പറയാനുള്ളതു്?"

"തൽക്കാലം ഒന്നുമില്ല. ഒന്നര മാസമായി ഞാൻ പത്രങ്ങളൊന്നും വായിക്കാറില്ല. അതു വായിച്ചതിനുശേഷം അഭിപ്രായം പറയാം. മുരിങ്ങേല തീന്നല്ലോ. ഞാനൊന്നു് അടുക്കളവരെ പോയിട്ടു വരട്ടെ?"

"മി. മേനോൻ എവിടെ? കണ്ടില്ലല്ലോ." ഞാൻ അന്വേഷിച്ചു.

"അതിലും സ്വല്പം രാഷ്ട്രീയമുണ്ടു്. ഹൈക്കോടതി എറണാകുളത്തേയ്ക്കു മാററിയതു് എന്തൊരു ദ്രോഹമാണെന്നറിയാമോ? അവിടെ പോയി വീടു വാടകയ്ക്കെടുത്തു താമസിക്കുവാൻ ഞങ്ങൾക്കു സാധിക്കുമോ? ഇവിടെ നക്കാപ്പിച്ച കിട്ടിക്കൊണ്ടിരുന്നതും ഇല്ലാതായി. നിങ്ങളോടു വാസ്തവം പറയാമല്ലോ. അദ്ദേഹത്തിനു് ഒററമുണ്ടേയുള്ളു. അതു നനച്ചു ഞാൻ ഉണങ്ങാൻ ഇട്ടിരിക്കുകയാണു്. ഉണങ്ങിക്കഴിഞ്ഞാലേ വെളിയിലേയ്ക്കു വരൂ."

ഞാൻ നടുങ്ങിപ്പോയി: "പണസംബന്ധമായി ഇത്ര വൈഷമ്യമാണോ ഇപ്പോൾ? അതു ഞാൻ അറിഞ്ഞില്ലല്ലോ!"

"ഹരിശ്ചന്ദ്രനെപ്പോലെ കാൺഗ്രസ്സൊന്നുമില്ലാതിരുന്നാൽ എല്ലാവക്കും ഇങ്ങനെയാ സ്ഥിതി. അതാണു് കാൺഗ്രസ്സിൽ ചേന്നു കുറെ പ്രസംഗങ്ങൾ ചെയ്യണമെന്നു ഞാൻ അദ്ദേഹത്തെ നിബ്ബന്ധിക്കുന്നതു്. എൻെറ ഇന്നത്തെ ഇൻറർവ്യൂയിൽത്തന്നെ സാധാരണയിൽനിന്നൊരു മാററം വന്നിരിക്കുന്നതു നിങ്ങൾ നോട്ടുചെയ്തില്ലേ? ആദശം വെച്ചുംകൊണ്ടു് എന്നും പട്ടിണി കിടക്കാൻ വയറു സമ്മതിക്കുമോ? ഇനി കുറച്ചു രാഷ്ട്രീയവും വൈദികവും കാൺഗ്രസ്സും ഒക്കെയാകട്ടെ. അല്ലാതെന്തു ചെയ്യാനാ? എന്താ, തരക്കേടുണ്ടോ?"

കുഞ്ചിയമ്മ മുറവും മുരിങ്ങേലയുമായി എഴുന്നേററു. ഞാനും പടിയിൽനിന്നെഴുന്നേററു വഴിമാറിക്കൊടുത്തു.

"സ്വല്പം ചായ കുടിക്കുന്നോ? പഞ്ചാരയില്ല" അവർ എന്നെ ക്ഷണിച്ചു.

"താങ്ക്സ്! വേണ്ട!" ഞാൻ യാത്ര ചോദിച്ചു.

"ഒരു കപ്പു ചായകൂടി തരാതെ അയച്ചതിൽ സങ്കടമുണ്ട്. കാൺഗ്രസ്സ് പ്രസാദിച്ച് അടുത്ത പ്രാവശ്യം വരുമ്പോൾ ഇഡ്ഡലീം കാപ്പീം ഒക്കെ തരാം. ആട്ടെ, വന്ദനം!"

"വന്ദനം!"

# 10. എഴുത്തുകാർ എങ്ങോട്ട്?

മാന്യ എഴുത്തുകാരേ,

നിങ്ങളൊക്കെ ഇപ്പോൾ വലിയ ആളുകളായിരിക്കുകയാണെന്ന് എനിക്ക് അറിയാം. വലിയ ആളുകളെന്നു പറയുമ്പോൾ പൊക്കവും വണ്ണവും കൂടിയവരെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്! നിങ്ങളോടു ലേഖനങ്ങൾ ആവശ്യപ്പെടാൻ കുറെ വാരികകളും വിശേഷാൽപ്രതികളും, നിങ്ങൾ എഴുതുന്നതു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്താൻ ഒരു എൻ. ബി. എസ്സും, എഴുതുന്നതെല്ലാം പൈസ കൊടുത്തും കൊടുക്കാതെയും വായിക്കാൻ കുറെ വായനക്കാരും ഉണ്ടായിട്ടുള്ളതുകൊണ്ടു നിങ്ങളുടെ വയറിന്റെ ചുളിവുകൾ മാറി നിങ്ങൾക്കു പൊക്കവും വണ്ണവുംകൂടി കൂടിക്കാണ്ടേയ്ക്കാം. ഇല്ലെന്നു ഞാൻ പറയുന്നില്ല. നിങ്ങൾക്കു നാലു കാശോ, അല്ലെങ്കിൽ അതിനുപകരം അര ഔൺസു മുഖസ്തുതിയോ വല്ലപ്പോഴും കിട്ടുന്നുണ്ടെങ്കിൽ എനിക്ക് അതിൽ സന്തോഷമേയുള്ളൂ. ഏതു വിധത്തിലായാലും നിങ്ങൾ വലിയവരായിവരുന്നതു കാണാൻ എനിക്കു സന്തോഷംതന്നെ. പക്ഷേ, വലിയവരായാൽ എന്തും ചെയ്യാം എന്നുള്ള അഹംഭാവം കൊള്ളരുത്, അതു നല്ലതിനല്ല, അതു നിത്തണം എന്ന അഭിപ്രായക്കാരിയാണ് ഞാൻ. വെറും ഊപ്രീസുകളായിരുന്ന കാലത്തു നിങ്ങൾക്കും ഈ അഭിപ്രായമുണ്ടായിരുന്നു എന്ന് എനിക്ക് അറിയാം. ഇ ഇപ്പോൾ അഭിപ്രായമൊക്കെ മാറിക്കാണും. അഹങ്കാര

ത്തെ ന്യായീകരിക്കാൻ പണ്ടത്തെ ജന്മിമുതലാളിപുരോഹിതമുക്കൂട്ടിൻെറ ന്യായവാദങ്ങൾ പുതിയ ജനകീയച്ചട്ടയിൽ നിങ്ങൾ പ്രയോഗിച്ചേയ്ക്കാം. ഈ പറയുന്ന കുഞ്ചിയമ്മയെത്തന്നെ കണ്ടാൽ കണ്ടില്ലെന്നും കേട്ടാൽ കേട്ടില്ലെന്നും നടിച്ചോ, വെറും പിന്തിരിപ്പയെന്നു പുച്ഛിച്ചോ നിങ്ങൾ തള്ളിയാൽത്തന്നെയും കാലത്തിൻെറ പോക്കു നോക്കുമ്പോൾ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. പക്ഷേ, പിന്തിരിപ്പയാണെങ്കിലും അതുകൊണ്ടൊന്നും പിന്തിരിഞ്ഞോടുന്നവളല്ല കുഞ്ചിയമ്മ. മത്സ്യത്തിനേയും കൂർമ്മത്തിനേയും മുതൽ രാമനെയും കൃഷ്ണനെയും കടന്നു മാർക്സിനെയും എംഗൽസിനെയുംവരെ ഓർമ്മിച്ചു പ്രാർത്ഥിച്ചുകൊണ്ടു പറയാനുള്ളതു പറയും. പറയാൻ അധികമൊന്നും ഇല്ലെന്നേയുള്ളു.

ഉത്തരത്തിൻെറ മേലേ ഇരുന്നു ചിലച്ചുകൊണ്ടിരുന്ന പല്ലി ഉത്തരത്തിൻെറ കീഴിലേയ്ക്കു മാറിയിരുന്നു ചിലയ്ക്കുന്നു. ഇതാണ് എഴുത്തുകാർക്കുണ്ടായിട്ടുള്ള വിപ്ലവകരമായ മാററം. മേലേ ഇരുന്നിരുന്നപ്പോൾ നിങ്ങൾക്ക് ഒരു വിനയവും കൃതജ്ഞതയും പരാശ്രയഭാവവും ഒക്കെ ഉണ്ടായിരുന്നു. സമുദായമാകുന്ന ഉത്തരമാണ് നിങ്ങളുടെ താങ്ങ്. അതിൽനിന്നു ലഭിക്കുന്ന ചില്ലറ പ്രയോജനങ്ങൾക്കു നന്ദികാട്ടണം. സമുദായത്തിലെ പ്രഭുക്കന്മാരെയും പ്രമാണികളെയും ഭരണാധികാരികളെയും ആശ്രയിച്ചേ ഉപജീവനം സാദ്ധ്യമാകൂ എന്നൊക്കെ തോന്നിയിരുന്നു. ഉത്തരത്തിൻെറ കീഴെ വന്നപ്പോൾ നിങ്ങളുടെ വിചാരം നിങ്ങളാണ് ഉത്തരം താങ്ങുന്നതെന്നാണ്. ഈ ചുമടു താ

ങ്ങുന്നതിനു കൂലിയും കൃതജ്ഞതയും ബഹുമാനവും കിട്ടണമെന്നുള്ള വനംപതിപ്പുരാഷ്ട്രീയയാതനക്കാരൻെറ മനസ്ഥിതി നിങ്ങളിലും വ്യാപിച്ചിട്ടുണ്ടെന്നു തോന്നുന്നു. തൃപ്തിയാകുംവണ്ണം ഇവ കിട്ടാത്തപ്പോൾ ദേഷ്യംവരുകയും, ഉത്തരംമാത്രമല്ല കെട്ടിടം മുഴുവൻതന്നെ നിങ്ങളുടെ കയ്യിൽനിന്നു താഴെയിട്ടു തവിടുപൊടിയാക്കുമെന്നു നിങ്ങൾ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. സമുദായത്തെസ്സംബന്ധിച്ചിടത്തോളം സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിങ്ങളുടെ പേനത്തുമ്പുകൊണ്ടാണെന്നു നിങ്ങൾ ഭാവിക്കുന്നു. പണ്ടൊക്കെ മററുള്ളവരെ കണ്ടാൽ ചിരിച്ചു വൎത്തമാനം പറഞ്ഞു് ഒരു ബെറേറമാൻ അടിച്ചോണ്ടുപോകാൻ നോക്കിയിരുന്ന നിങ്ങൾ, എസ്സ്' മൂളാതെയും, ശങ്കിടി പാടാതെയും, പുരോഗമനക്രിയകൾക്കു കൂട്ടുനില്ക്കാതെയും ഇരുന്നാൽ ചൂടുദോശ ചുടുമെന്നല്ലയോ ഇന്നു പറഞ്ഞു പേടിപ്പിക്കുന്നതു്?

കാലൻ വരുമ്പോൾ പട്ടി മോങ്ങുമെന്നു പറയുന്നതു കേട്ടിട്ടുണ്ടു്. അതുപോലെ കമ്യൂണിസം വരുമ്പോൾ കവികളും മോങ്ങുമത്രേ. ആവേശംകൊള്ളിക്കുന്ന ആ മോങ്ങലിനാണു് പുരോഗമനസാഹിത്യമെന്നു പറയുന്നതെന്നു കുഞ്ഞുങ്ങേലി ആക്ഷേപിക്കാറുണ്ടു്. ഞാൻ അതിനോടു പൂൎണ്ണമായി യോജിക്കുന്നില്ല. രാത്രിയുടെ അന്ധകാരത്തിലിരുന്നു പകലിൻെറ വെളിച്ചം വരുത്താനായി ആത്മാൎത്ഥതയോടെ ആവുന്നതിൽ കവിഞ്ഞു് ഒച്ചതുറന്നു പാടുന്ന ചീവീടുകളാണു് പുരോഗമനക്കാർ എന്നു ഞാൻ വിചാരിക്കുന്നു. അവരുടെ ഒച്ചയിലും സ്വരത്തിലുംതന്നെ പാടാത്തവരെല്ലാം പകലിൻെറ വരവിനെ ഭയപ്പെടുന്നവരാണത്രേ. പകലിനെ

വെറുക്കുന്ന നത്തും ഭയപ്പെടാത്ത തവളയും സ്വാഗതംചെ യ്യുന്ന കാക്കയും എല്ലാം ചീവീടിനെപ്പോലെ പാടണം. എന്നാൽ വെളിച്ചത്തിൻെറ പ്രവാചകന്മാരാകാം. അല്ലെ ങ്കിൽ അവർ ഒന്നടങ്കം അന്ധകാരത്തിൻെറ ഏജൻറന്മാ രാണെന്നു മുദ്രയടിക്കും. അവർ ജന്തുദ്രോഹികളാണെന്നും അവരെ ഉന്മൂലനാശം വരുത്താതെ വെളിച്ചം വരുകയി ല്ലെന്നും ഉൽബോധിപ്പിക്കും. ചോരയുടെ പാട്ടുകളും ഹിം സയുടെ രാഗങ്ങളും അവർ ആലപിക്കും. സ്നേഹത്തിൻെറ യും സൌഹാർദ്ദത്തിൻെറയും പാട്ടുകൾ നിങ്ങളുടെ കണ്ഠ ത്തിൽനിന്നു വന്നുകാണാൻ എത്ര ആഗ്രഹിക്കുന്നു! ചോ രയിൽനിന്നു കിട്ടുന്നതു ചോരയിൽത്തന്നെയല്ലയോ അ വസാനിക്കുക!

കുഞ്ഞേങ്ങേലി പറഞ്ഞതു് ഓർത്തപ്പോൾ ഇത്രയൊ ക്കെ ഞാൻ പറഞ്ഞുപോയെന്നേയുള്ളു. നിങ്ങളുടെ സാ ഹിത്യത്തെപ്പററിയല്ല ഞാൻ പറയാൻവന്നതു്. സ്ത്രീക ളായ ഞങ്ങളെസ്സംബന്ധിക്കുന്ന കാര്യത്തെപ്പററിമാത്രമാ യിരുന്നു. പല്ലി ഉത്തരത്തിൻെറ മുകളിലിരുന്നു ചിലച്ചാ ലും കീഴെയിരുന്നു ചിലച്ചാലും ചിലയ്ക്കുന്നതെല്ലാം കിൽ- കിൽ-കിൽ എന്നാ. അതുപോലെ ജന്മിമുതലാളിപുരോ ഹിതച്ചേരിക്കാരായാലും ശരി, കർഷകതൊഴിലാളിമാർക്സി സ്റ്റ്ചേരിക്കാരായാലും ശരി, പറയുന്നതെല്ലാം ഞങ്ങളെ പ്പററിയാ! പെണ്ണുങ്ങളെ തൊട്ടുള്ള ഈ കളി നിർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിർത്തിയില്ലെങ്കിൽ നിർത്തി ക്കാമോ എന്നു ഞാൻ നോക്കും.

പറയുമ്പോൾ പറയുവാനാണെന്നു തോന്നരുതു്. ജ

ന്മിമുതലാളിക്കവികഠം ഞങ്ങളുടെ കാലിലെ പെരുവിരൽ മുതൽ തലയിലെ മുടിയുടെ അററംവരെ അര ഇഞ്ചു വിടാതെ വണ്ണിച്ചു രസിച്ചു. പുരുഷന്മാരുടെ കളിപ്പാട്ടം, അല്ല സുഖപ്പാട്ടം, ആക്കി. ആകൎഷണശക്തിയുള്ള ഒരു ദുഷ്ടശക്തിയാക്കി. മാർക്സിസ്റ്റ്സാഹിത്യകാരന്മാരുടെ പെരുമാററം ഇതിനോടു താരതമ്യപ്പെടുത്തിനോക്കുമ്പോഠം ഓൎമ്മവരുന്നതു പണ്ടൊരു പെമ്പറന്നോരു പറഞ്ഞതാണു്: “പണിയെല്ലാം നമ്മുടേതുതന്നെ, മണിമാത്രം കൂട്ടതല്ലുണ്ടു്” എന്നു്. അവർ സ്ത്രീകളെ വേശ്യകഠംകൂടിയാക്കി ചിത്രീകരിച്ചു. മൂന്നാംചേരിയിലുള്ള മററാളുകളെങ്കിലും മൎയ്യാദയ്ക്കു് ഇരിക്കുമെന്നു വിചാരിച്ചു. എന്നാൽ അവരുണ്ടോ പെണ്ണിൻെറ കാൎയ്യം വരുമ്പോഠം കുറയ്ക്കാൻ പോകുന്നു? ഇന്നാളൊരു പുസ്തകം വായിച്ചു: ‘അഞ്ചു ചീത്തകഥകഠം.’ ആ അഞ്ചുപേരെയും കയ്യെത്തുന്നിടത്തു കിട്ടിയാൽ അവരുടെ ചെവി പിടിച്ചു പൊന്നാക്കാനുള്ള ആവേശം എനിക്കു തോന്നുന്നുണ്ടു്. പിന്നൊരു ‘പശുവിൻപാലു്’ കണ്ടു. കാളേജിൽ പഠിക്കുന്ന പെൺപിള്ളാരു പണമുണ്ടാക്കുന്നതു വ്യഭിചാരംകൊണ്ടാണത്രേ. മറെറാന്നു വായിച്ചു. ഒരു കഥാകാരൻെറ ആദ്യത്തെ അനുഭവം. ഗേഠംസ്കാളേജ് ഹോസ്റ്റലിൽച്ചെല്ലുന്ന ആൺകുട്ടികളെ പെണ്ണുങ്ങഠം പിടിച്ചു ബലാൽക്കാരം ചെയ്യും എന്നാണു് ഗുണപാഠം! ഈ കഥകളോരോന്നും വായിച്ചു അന്നു് ഓമനക്കുട്ടൻറച്ഛൻെറ പെരുമാററത്തിൽനിന്നു ഞാൻ മനസ്സിലാക്കി കഥാരചന കുറിക്കുകൊണ്ടെന്നു്. കാളേജ്കുമാരികളുടെ ഇടയിൽ ‘കസിനിസം’ എന്ന പകച്ച്വവ്യാധി

പിടിപെട്ടിരിക്കുന്നു എന്നു് ഒരു വാദകോലാഹലം മററൊരിടത്തു കണ്ടു. എന്തൊന്നാ ഇതിൻെറയൊക്കെ അത്ഥം? ഹേ, സാഹിത്യകാരന്മാരേ, എങ്ങോട്ടാ നിങ്ങളുടെ പോക്കു്? എഴുതിയെഴുതി സ്ത്രീകളെ തോല്പിക്കാമെന്നാണോ നിങ്ങളുടെ വിചാരം? ഞങ്ങളുടെ ഇടയിൽ എഴുതാനറിയുന്നവർ അധികമില്ല. തെറി എഴുതാവുന്നവർ ഒന്നോ രണ്ടോ മാത്രമേ കാണു. പക്ഷേ, നിങ്ങളുടെ പേനയുടെ മുനയ്ക്കു് അടിപ്പെടാൻ സ്ത്രീകൾ ഒരിക്കലും തയ്യാറാവുകയില്ലെന്നു് ഓത്തുകൊള്ളുവിൻ.

നിങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായ ആരോപണങ്ങളെ വേണെങ്കിൽ ഒന്നായി നിഷേധിക്കാം. പക്ഷേ, വെറും ഭ്രാന്തുകൊണ്ടു് (ഔ് ഹ! കാമഭ്രാന്തു്) പുലമ്പുന്ന അസംബന്ധങ്ങൾ മറുപടി അഹിക്കുന്നില്ല. ശകാരിച്ചായാലും ഈശ്വരൻെറ നാമം ഉച്ചരിച്ചാൽ പുണ്യം കിട്ടുമെന്നു പണ്ടുള്ളവർ പറയുന്ന കേട്ടിട്ടുണ്ടു്. പെണ്ണുങ്ങളെ, പ്രത്യേകിച്ചു് കാളേജ്കുമാരികളെ, കണ്ടു മോഹിച്ചു് ആശിച്ചു കൊതിച്ചു വിടച്ചിരി ചിരിച്ചു് അവരുടെ പിന്നാലെ മുക്രയിട്ടുകൊണ്ടു നടന്നു് ഒടുവിൽ നിരാശയ്ക്കു വശംവദരാകുന്ന സുന്ദരവിഡ്ഢികളായ പുരുഷന്മാരിൽ ആത്മഹത്യ ചെയ്യാതെ ശേഷിക്കുന്നവരാണു് സാഹിത്യത്തൊഴിലിനു പോകുന്നതെന്നു കുഞ്ഞങ്ങേലി പറയാറുണ്ടു്. അതു ശരിയാണോ എന്നു തോന്നിപ്പോകും. അല്ലെങ്കിൽ നിങ്ങളുടെ പേനത്തുമ്പത്തു് എന്താ പെണ്ണുകാര്യമല്ലാതെ മറെറാന്നും വരാത്തതു്? പെണ്ണിൻെറ ചിരി, പെണ്ണിൻെറ കല, പെണ്ണിൻെറ മുല, എന്നുവേണ്ട പെണ്ണിനുള്ളതും ഉണ്ടെന്നു

സങ്കല്പിക്കാവുന്നതുമായ സകലതും ഉരുവിട്ടു മനഃപായസം കുടിച്ചുകൊണ്ടിരുന്നാൽ നിങ്ങൾക്കു സ്വല്പം ആശ്വാസം ലഭിക്കുമായിരിക്കും. നിങ്ങൾ വരയ്ക്കുന്ന ചിത്രങ്ങൾ നിങ്ങളുടെ മനസ്സിലെ ആഗ്രഹങ്ങളുടെ പ്രതിഫലനമെന്നല്ലാതെ യാഥാർത്ഥ്യങ്ങളുടെ ചിത്രീകരണമാണെന്നു ഞങ്ങളാരും വിശ്വസിക്കുകയില്ല. നിങ്ങൾ ചിത്രീകരിക്കുന്ന കാമാവേശവും വേശ്യാത്വവും മാംസദാഹവുമൊക്കെ സ്ത്രീകൾക്കല്ല ഉള്ളതു്. എഴുത്തുകാരായ നിങ്ങൾക്കും നിങ്ങൾ പ്രതിനിധീകരിക്കുന്ന പുരുഷവർഗ്ഗത്തിനുംതന്നെയാണു്.

പുരുഷനു സ്ത്രീയോടുള്ള മനോഭാവം സമൂലം നമുക്കൊന്നു മാററിയാലെന്താ? ലോകത്തിൽ ആടിയോടി നടക്കുന്ന സുന്ദരികളെല്ലാവരും തനിക്കു തോന്നിയവാസം കാണിക്കാനായി ദൈവം സൃഷ്ടിച്ചുവിട്ടിരിക്കുന്നതാണെന്നും ആ സ്ത്രീകളുടെ വഷളത്വവും പരിതസ്ഥിതികളുടെ പ്രാതികൂല്യവും തൻെറ തലയിലെഴുത്തിൻെറ കാഠിന്യവും എല്ലാം കൂടിച്ചേർന്നു തനിക്കൊന്നും തരപ്പെടാതെയിരിക്കുന്നേയുള്ളു എന്നുമാണു് ഓരോ പുരുഷൻെറയും വിചാരം. തൻെറ ന്യായമായ അവകാശം ആസ്വദിക്കുവാൻ ദേഹംകൊണ്ടു സാധിച്ചില്ലെങ്കിൽ കണ്ണുകൊണ്ടും വാക്കുകൊണ്ടും എഴുത്തുകൊണ്ടും സങ്കല്പംകൊണ്ടും ആസ്വദിച്ചുകളയാനാണു് ശ്രമം. ഈ മനോഭാവം വേരോടെ പറിച്ചുകളയണം. സൂര്യോദയവും സൂര്യാസ്തമനവും ചന്ദ്രനും നക്ഷത്രങ്ങളും മഴവില്ലും വെള്ളിമേഘങ്ങളും മററും നിങ്ങൾക്കു് ആനന്ദം തരുന്നില്ലേ? അവയെ ഒക്കെ കെട്ടിപ്പിടിക്കാനും ഉമ്മവെയ്ക്കാനും മററും നിങ്ങൾ വെമ്പൽകൊള്ളുന്നുണ്ടോ? അവ

യെപ്പോലെ വിദൂരസ്ഥമായി സ്ഥിതിചെയ്യുന്ന സൌന്ദര്യ്യ ധാമങ്ങളായിമാത്രം സ്ത്രീകളെയും കരുതിയാൽ മതി. അതും പോരാ, സമത്വവും സ്വാതന്ത്ര്യവും സ്വാഭിപ്രായവും മററും തങ്ങളെപ്പോലെതന്നെയുള്ള മനുഷ്യരാണു് സ്ത്രീകളെന്നും ഓമ്മിക്കണം. അങ്ങനെ ചെയ്താൽ നിങ്ങൾക്കും നല്ലതു്, ഞങ്ങൾക്കും നല്ലതു്. ഇതിനു് എഴുത്തുകാർ നേതൃത്വം നല്കുമോ ഇല്ലയോ എന്നാണു് എനിക്കു് അറിയേണ്ടതു്. എഴുത്തുകാർ എങ്ങോട്ടു്? വഴക്കിൻെറയും വഷളത്തത്തിൻെറയും അഗാധതയിലേയ്ക്കോ, സമത്വത്തിൻെറയും സൌഹാർദ്ദത്തിൻെറയും കൊടുമുടിയിലേയ്ക്കോ? പരുങ്ങാതെ, മുഖത്തുനോക്കി ഉത്തരം പറയുവിൻ!

# 11. നല്ല ഭാൎയ്യ

നല്ല ഭാൎയ്യ, നല്ല ഭാൎയ്യ എന്നു പറഞ്ഞാൽ എങ്ങനെയുള്ളവളാണെന്നു് എൻെറ സഹോദരിമാരെങ്കിലും തങ്ങളുടെ ഭൎത്താക്കന്മാരോടൊന്നു ചോദിച്ചിട്ടുണ്ടോ? വിവാഹം കഴിക്കാത്തവർ ഇക്കാൎയ്യത്തെപ്പററി തങ്ങളുടെ കാമുകന്മാരുടെയോ ഭാവിവരന്മാരുടെയോ അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ? ഞാൻ ഒരു ദിവസം ഠാമനക്കുട്ടൻറച്ഛനോടു് ഇതു ചോദിച്ചു. ഒരു നല്ല പശു എന്നു പറഞ്ഞാൽ എങ്ങിനെയുള്ളതാ എന്നു് അദ്ദേഹം ഒരു മറുചോദ്യം ചോദിക്കുകയാണുണ്ടായതു്. ലക്ഷണം ഒത്തിരിക്കണം, ധാരാളം പാലു തരണം, കറക്കുമ്പോൾ തൊഴിക്കരുതു്, ആരെയും കുത്തരുതു്, തീററിയും കുറച്ചു കഴിച്ചാൽ ഉത്തമം—അങ്ങനെയുള്ള പശുവാണു് നല്ല പശു എന്നു ഞാൻ പറഞ്ഞു. അതുപോലെയാണു് നല്ല ഭാൎയ്യയും: കണ്ടാൽ നന്നായിരിക്കണം, ഭൎത്താവിനു് ഏററവും കൂടുതൽ സുഖസൌകൎയ്യങ്ങൾ ചെയ്തുകൊടുക്കണം, എതിരു പറയുകയോ പ്രവൎത്തിക്കുകയോ ചെയ്യരുതു്, ചെലവു ചുരുക്കുകകൂടി ചെയ്താൽ ഏറെ ഉത്തമം—ഇതാണു് ഒരു നല്ല ഭാൎയ്യയുടെ നിൎവ്വചനം എന്നു് അദ്ദേഹം വിശദമാക്കി.

എനിക്കു വല്ലാതെ ദേഷ്യം വന്നു; സ്ത്രീയെ ഇങ്ങനെ പശുവിനു സമമാക്കി പറഞ്ഞതു്. എന്നാൽ ഈ ആശയം പുരുഷന്മാരുടെ കൂടെപ്പിറവിയാണെന്നും, അദ്ദേഹത്തെമാത്രം കുററപ്പെടുത്തേണ്ടതില്ലെന്നും പിന്നീടാലോ

ചിച്ചപ്പോൾ എനിക്കു മനസ്സിലായി. തൻെറ ചില ആവശ്യങ്ങൾക്കുവേണ്ടി താൻ തീററിപ്പോററുന്ന ഒരു ഇരുകാലിമൃഗമാണു് ഭാൎയ്യ എന്നാത്രേ പുരുഷൻെറ മതം. തന്നെ കെട്ടിയിടുന്നതു് അനീതിയാണെന്നും തൻെറ പാൽ തൻെറ കിടാവിന്നു കൊടുക്കാതെ മനുഷ്യർ എടുക്കുന്നതു ദൂഷണമാണെന്നും, തനിക്കും സ്വാതന്ത്ര്യവും സമത്വവും മററും വേണമെന്നുമുള്ള മട്ടിൽ ഒരു പശു പെരുമാറിയാൽ ആരും അതിനെ ഒരു നല്ല പശുവായി ഗണിക്കാറില്ലല്ലോ. അതുപോലെയാണു് സ്വല്പം തൻേറടമോ വൎഗ്ഗബോധമോ സ്വാതന്ത്ര്യാസക്തിയോ വ്യക്തിത്വമോ ഉള്ള ഭാൎയ്യയും ഗണിക്കപ്പെടുന്നതു്. സ്ത്രീയുടെ സ്വന്തം വ്യക്തിത്വത്തെ മറയ്ക്കാനും അടിച്ചമൎത്താനുമാണു് പുരുഷൻ ദൈവത്തെക്കൊണ്ടും ദൈവത്തിൻെറ ദല്ലാളുകളെക്കൊണ്ടും സ്ത്രീയെ ഉപദേശിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും. സീതയും ദമയന്തിയും, ശീലാവതിയും എല്ലാവരും പുരുഷൻെറ വെറും കപിസ്ലിംഗ്സ് മാത്രമാണു്.

ഒരു നല്ല ഭാൎയ്യയുടെ സാമ്പിൾ ഒരു സരസഗദ്യകാരൻ കുറേ നാൾ മുമ്പു് ഒരു ലേഖനത്തിൽ കാട്ടിയിരുന്നു. ഒരുവൻെറ സൎവ്വസമ്പത്തും ഒരു കുതിരയായിരുന്നു. ആ കുതിരയെ അവൻ വില്ക്കാൻ കൊണ്ടുപോയിട്ടു് ഒരു ജോടി കാളയെ വാങ്ങി. വരുന്നവഴിക്കു് കാളകളെ കൊടുത്തിട്ടു് ഒരു പശുവിനേയും, പശുവിനെ ഉപേക്ഷിച്ചു് ഒരാടിനേയും, ആടിനുപകരം ഒരു കോഴിയേയും വാങ്ങി വീട്ടിൽ വന്നു ഭാൎയ്യയെ വിവരം അറിയിച്ചു. ആ 'നല്ല ഭാൎയ്യ' എങ്ങനെ പെരുമാറിയെന്നു് അറിയാമോ? കുതിരയെ വിററു കാ

ളയെ വാങ്ങി എന്നു പറഞ്ഞപ്പോൾ കുതിരയെക്കൊണ്ടുള്ള വിഷമങ്ങളെപ്പററിയും കാളയെക്കൊണ്ടുള്ള ഗുണങ്ങളെപ്പററിയും അവൾ വളരെ പ്രസംഗിച്ചു. കാളകളെ കൊടുത്തു പശുവിനെ വാങ്ങി എന്നു പറഞ്ഞപ്പോൾ പശുവിൻെറ ഗുണങ്ങളെപ്പററിയും പശുവിനെ വാങ്ങിയതിൽ ഭൎത്താവു കാണിച്ച ഔചിത്യബുദ്ധിയെപ്പററിയും പ്രശംസിച്ചു. പശുവിനു പകരം ഒരാടിനെ വാങ്ങിയെന്നു് അറിയിച്ചപ്പോൾ അവൾ അവൻെറ ബുദ്ധിസാമൎത്ഥ്യത്തെ അഭിനന്ദിച്ചു. ആടിനെയും കളഞ്ഞു കോഴിയെ വാങ്ങിച്ചെന്നു പറഞ്ഞപ്പോൾ അവൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി, അവൻെറ ഔചിത്യബോധത്തെയും അവളുടെ നല്ല കാലത്തെയും സ്തുതിച്ചു്, ആനന്ദപരവശയായി ഭൎത്താവിനെ ആലിംഗനംചെയ്തു ചുംബനങ്ങൾ വൎഷിച്ചു. ഇങ്ങനെയുള്ളവളാണു് പുരുഷൻെറ 'നല്ല ഭാൎയ്യ'!

ബുദ്ധിശക്തിയും വിശേഷബുദ്ധിയും വ്യക്തിത്വവും പുരുഷൻെറ കുത്തകയാണെന്നും സ്ത്രീ വെറും പശുവാണെന്നും സങ്കല്പിക്കുന്ന പുരുഷനു് ഇങ്ങനെ വിചാരിക്കാനേ സാധിക്കുകയുള്ളു. പക്ഷേ, വിവരമുള്ള സ്ത്രീകൾ ഇതിനെ എതിൎക്കുകതന്നെ ചെയ്യും. ഇമ്മാതിരിയുള്ള പുരുഷൻ വഷളായിപ്പോകുന്നതു കൂടാതെ അവൻെറ കുടുംബം പൊളിഞ്ഞു പാളീസായി പോകുകയും ചെയ്യും. തങ്ങളെ ശാസിക്കാതെ തങ്ങളുടെ ഇഷ്ടത്തിനു വിടുന്ന മാതാപിതാക്കന്മാരാണു് നല്ലവർ എന്നു കുട്ടികൾ പറയും. തങ്ങളോടൊന്നും പഠിക്കാൻ പറയാതെ, ക്ലാസ്സിൽ ഇരുന്നു സൊള്ളാൻ അനുവദിക്കുന്ന അദ്ധ്യാപകരാണു് നല്ല അദ്ധ്യാ

പകരെന്നു വിദ്യാൎത്ഥികൾ പറയും. അതുപോലെയാണു് പുരുഷന്മാരുടെ ഈ പറച്ചിലും. അതു ശരിയാണെന്നു സമ്മതിച്ചു് അതിനു വഴങ്ങിക്കൊടുത്താൽ പുരുഷന്മാൎക്കും ഭാവി തലമുറകൾക്കും ഹാനികരമായിരിക്കും.

വെറും പൊള്ളയായ ഇവരുടെ ന്യായവാദങ്ങൾ കേൾക്കുമ്പോൾ ദേഷ്യവും ചിരിയും വരും. ഭൎത്താവു് എന്ന വാക്കിൻെറ അൎത്ഥം ഭരിക്കുന്നവൻ എന്നാണത്രേ. അതുകൊണ്ടു ഭൎത്താവു ഭരിക്കുന്ന ആളും ഭാൎയ്യ ഭരിക്കപ്പെടുന്നവളുമായിരിക്കണമത്രേ! ശരിതന്നെ. പണ്ടു ഭരിക്കുന്ന ആൾ പറയുന്നതനുസരിച്ചു ഭരിക്കപ്പെടുന്നവർ നടന്നിരുന്നു. ഇന്നത്തെ ജനകീയത്തിൽ അതു വല്ലതും നടപ്പുള്ള കാൎയ്യമാണോ? ജനകീയഭരണസിദ്ധാന്തങ്ങളനുസരിച്ചു്, ഭരിക്കപ്പെടുന്നവർ പറയുന്നതനുസരിച്ചാണു് ഭരിക്കുന്നവർ നടക്കേണ്ടതു്. വീട്ടിൽമാത്രം ഈ ജനകീയസിദ്ധാന്തം നടപ്പിൽ വരുത്തേണ്ട എന്നു പറയുന്നവർ വാസ്തവത്തിൽ ജനകീയച്ചട്ടയിട്ട കൊച്ചുമുസ്സോളിനിമാരാണു്. ഒരു നല്ല ഭാൎയ്യയുടെ പ്രഥമവും പ്രധാനവുമായ ചുമതല ഗൃഹത്തിൽ ജനകീയത്തിൻെറ വിത്തു പാകി അതിനെ വളൎത്തിക്കൊണ്ടുവരുകയാണു്. തൻെറയും കുട്ടികളുടെയും ഹിതമനുസരിച്ചു വീട്ടിലെ കാൎയ്യങ്ങൾ ഭൎത്താവിനെക്കൊണ്ടു ചെയ്യിക്കുന്നവളാണു് യഥാൎത്ഥഡെമോക്രാററിക്കുഭാൎയ്യ.

എന്നാൽ ഡെമോക്രസിയുടെ ഈ വേലിയേററം തങ്ങളുടെ ചെറുവിരൽകൊണ്ടു തടഞ്ഞുനിൎത്താമെന്നുള്ള വ്യാമോഹത്തിൽ ഭൎത്തൃലോകം കുടുങ്ങിയിരിക്കുന്നതുപോലെ തോന്നുന്നു. മൎയ്യാദയായും സമാധാനമായും അവർ അ

ധികാരം വിട്ടൊഴിയുന്ന മട്ടു കാണുന്നില്ല. ഇക്കൂട്ടരോട്ട് എങ്ങനെയാണു് പെരുമാറേണ്ടതു്? തങ്ങൾ ഭാൎയ്യമാരുടെ ദൈവങ്ങളാണെന്നു ഭാവിച്ചു ഞെളിയുന്ന ഇവൎക്ക് വഴങ്ങി ക്കൊടുക്കുന്നവളോ, അവരെ നേർവഴിക്കു ഡെമോക്രസി യിലേയ്ക്കു കൊണ്ടുവരുന്നവളോ ആരാണു് നല്ല ഭാൎയ്യ? ഹൈദരാബാദിനോടും ജൂനഗാദിനോടുമുള്ള പെരുമാററ ത്തിൽ സർദാർ പട്ടേൽ ഭാൎയ്യമാൎക്ക് വഴി കാട്ടിത്തന്നിട്ടുണ്ടു്. ആ വഴിയെ പോകുന്നവളാണു് ഈ ജനകീയയുഗത്തിലെ നല്ല ഭാൎയ്യ. ഉറച്ച ഹൃദയത്തോടെ, കരുത്ത കൈകളോടെ, ഭൎത്താവിനെ വരച്ച വരയിൽ നിൎത്തുന്ന ഉരുക്കുഭാൎയ്യയാ ണു് ഉത്തമയായ ഡെമോക്രാററിക്കുഭാൎയ്യ.

ഇന്നത്തെ നല്ല ഭാൎയ്യ പല പഴയ പാഠങ്ങളും മറക്കേ ണ്ടതായിട്ടുണ്ടു്, പല കാൎയ്യങ്ങളും കണ്ണു തുറന്നു കാണേണ്ട തായിട്ടുണ്ടു്. പണ്ടു ഭൎത്താവു് രാജാവും ഭാൎയ്യ പ്രജയുമായി രുന്നെങ്കിൽ ഇന്നു ഭൎത്താവു് ഒരു രാജപ്രമുഖനും ഭാൎയ്യ കോൺഗ്രസ്സുമായി മാറിയിരിക്കുന്നു. പണ്ടു ഭൎത്താവു ദൈ വവും ഭാൎയ്യ ദൈവഭക്തയുമായിരുന്നെങ്കിൽ, ദൈവത്തെ പോക്കററിലിട്ടുകൊണ്ടു ചെപ്പടിവിദ്യകൾ കാട്ടുന്ന വൈ ദികപ്രമാണിയുടെ സ്ഥാനമാണു് ഇന്നു ഭാൎയ്യയ്ക്കുള്ളതു്. പ ണ്ടു ഭൎത്താവു യജമാനനും ഭാൎയ്യ പശുവുമായിരുന്നെങ്കിൽ ഇന്നു ഭൎത്താവു പശുവിനെ മേയ്ക്കുന്ന ഇടയച്ചെറുക്കൻ മാത്രമാണു്. പണ്ടു ഭൎത്താവു മുതലാളിയും ഭാൎയ്യ വേലക്കാ രിയുമായിരുന്നെങ്കിൽ ഇന്നു പെററിബൂൎഷ്വാസിയെ വി റപ്പിക്കുന്ന പ്രൊലിട്ടേറിയററാണു് ഭാൎയ്യ. പണ്ടു ഭാൎയ്യയുടെ സുഖം പരിപൂൎണ്ണമായ കീഴടക്കത്തിലായിരുന്നെങ്കിൽ ഇ

ന്നു് അവൾക്കു സുഖം തോന്നുന്നതു പരിപൂൎണ്ണമായ സമത്വത്തിനും അവകാശസ്ഥാപനത്തിനും വേണ്ടിയുള്ള സമരത്തിലാണു്.

തൊട്ടിലാട്ടുന്ന കൈകളാണു് ലോകം ഭരിക്കുന്നതു് എന്ന പഴയ മൊഴി അൎത്ഥവത്താണു്. ലോകം മുഴുവൻ ഡെമോക്രസിക്കുവേണ്ടി നിലകൊള്ളുന്നു. ഭാരതം ഡെമോക്രസിയെ അടിസ്ഥാനതത്വമായി സ്വീകരിച്ചിരിക്കുന്നു. മനുഷ്യരെ ഡെമോക്രസി അഭ്യസിപ്പിക്കേണ്ടതും ഡെമോക്രസി ആദ്യം തഴച്ചുവളരേണ്ടതും വീട്ടിലാണു്. വീട്ടിൽ ഡമോക്രസി സ്ഥാപിക്കുന്നതിനും അതിനെ വളൎത്തിക്കൊണ്ടുവരുന്നതിനുമുള്ള ചുമതല ഭാൎയ്യക്കാണു്. ഈ ചുമതല ഭയമോ ഭീരുത്വമോ കൂടാതെ നിൎവ്വഹിക്കുന്ന ഭാൎയ്യയാണു് ഇന്നത്തെ നല്ല ഭാൎയ്യ, യഥാൎത്ഥഡെമോക്രാററിക്കു ഭാൎയ്യ. ശീലാവതിയും, ദമയന്തിയും, കുതിരയെ കൊട്ടത്തു കോഴിയെ വാങ്ങിയ മനയനെ സ്തുതിച്ച മരത്തലയിഭാൎയ്യയും കാഴ്ചബംഗ്ലാവിൽ പ്രദൎശിപ്പിക്കേണ്ട സാമ്പിൾകുററിച്ചുള്ളുകൾ മാത്രമാണു്.

# 12. സിനിമ എന്തിനു ?

സിനിമയെപ്പററി എന്തെങ്കിലും എഴുതാൻ കുഞ്ചിയമ്മയ്ക്കെന്താണു് ക്വാളിഫിക്കേഷൻ എന്നു ചിലർ ചോദിക്കുമായിരിക്കാം. ചോദ്യം കേട്ടാൽ തോന്നും സിനിമയെപ്പററി എഴുതുന്നവരും പറയുന്നവരും, സിനിമ എടുക്കുന്നവരും, നടിക്കുന്നവരും കാണുന്നവരുമെല്ലാം സിനിമാ എന്ന വിഷയം ഐച്ഛികമായെടുത്തു് എം. ഏ. പാസ്സായവരാണെന്നു്! നാരായണ! സിനിമയെപ്പററി എഴുതുക എന്നതു് ഏതു കേരളീയന്റേയും മൌലികാവകാശമാണു്. അതിനുപുറമേ എനിക്കുള്ള പ്രത്യേകക്വാളിഫിക്കേഷൻ ഞാൻ യാതൊരു മലയാളസിനിമയും കണ്ടിട്ടില്ലെന്നുള്ളതാണു്. മലയാളസിനിമ കാണാത്ത ഒരു പെമ്പിറന്നോർ ഇന്നും കേരളത്തിലുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ നിങ്ങൾക്കു് ഇത്തിരി വിഷമം കാണും. വെള്ളം ചേരാത്ത പാലു്, മായം ചേരാത്ത നെയ്യു്, പ്രസവവേദനയറിയാത്ത തള്ള, കൈക്കൂലി കാണാത്ത മന്ത്രി, മിനുസമില്ലാത്ത കഷണ്ടി മുതലായ അപൂർവ്വസാധനങ്ങളിൽ ഒന്നാണു് മലയാളസിനിമ കണ്ടിട്ടില്ലാത്ത മലയാളസ്ത്രീയും. ഞാൻ പൊങ്ങച്ചം പറയുകയല്ല. വാസ്തവമായിട്ടും, ചില പ്രത്യേകപരിതസ്ഥിതികൾകൊണ്ടു ഞാൻ ഇതുവരെ ഒരു മലയാളസിനിമയും കണ്ടിട്ടില്ല. മററു ചിലവ കണ്ടിട്ടില്ലെന്നു പറയുവാൻ വയ്യ. എനിക്കു സിനിമാപ്രൊഡ്യൂസർമാരുമായിട്ടോ നടീനടന്മാരുമായിട്ടോ സിനിമാമാസികകളുമായിട്ടോ ബന്ധമൊന്നുമില്ല. അതിനാൽ എന്റെ

അഭിപ്രായങ്ങൾ നിഷ്പക്ഷമായിരിക്കുമെന്നു പ്രത്യക്ഷമാണല്ലോ.

സിനിമ എന്തിനു്? എന്ന മഹാപ്രശ്നത്തെപ്പററി പ്രതിപാദിക്കാനാണു് ഞാൻ പോകുന്നതു്. ഇതെപ്പററി പല മഹതീമഹാന്മാരും പ്രതിപാദിച്ചിട്ടുണ്ടായിരിക്കും. പക്ഷേ, അവരോരോരുത്തരും ആനയെ കണ്ട കുരുടന്മാരെപ്പോലെ ആ വലിയ പ്രശ്നത്തിൻെറ, അവർ തപ്പിത്തടവിയ ഒരു ചെറിയ ഭാഗം നിങ്ങളെ കാണിച്ചിരിക്കാം. ഞാൻ തപ്പിയിട്ടുമില്ല, തടവിയിട്ടുമില്ല. ദൂരേനിന്നു കണ്ണുമടച്ചു നോക്കിക്കൊണ്ടു പറയുകയാണു് ഞാൻ ചെയ്യുന്നതു്.

സിനിമകൊണ്ടു നമുക്കുണ്ടായിട്ടുള്ള മഹത്തായ പ്രയോജനങ്ങളെപ്പററി ആദ്യം ചിന്തിക്കാം: ഒന്നാമതായി, നമുക്കിപ്പോൾ ഏതു പ്രവിശ്യക്കാരുടേയും ഏതു ഭാഷക്കാരുടേയും മുമ്പിൽ നാണിക്കാതെ, തലയെടുത്തുപിടിച്ചുകൊണ്ടു പറയരുതോ, "നിങ്ങളിത്രയൊന്നും ഞെളിയേണ്ട! മലയാളത്തിലുമുണ്ടു് നിറയെ സിനിമകൾ" എന്നു്? അങ്ങനെ പറയുന്നതിൽ അപകടമൊന്നും വരാനില്ല. എന്തെന്നാൽ അവരാരും നമ്മുടെ സിനിമ കാണാൻ വരുന്നില്ല. അവരെ കാണിക്കാൻ നമ്മുടെ സിനിമകൾ അങ്ങോട്ടും പോകുന്നില്ല. അതല്ല, വല്ല തിമ്മന്മാരും വന്നു കണ്ടു കുററം പറഞ്ഞാൽ നമുക്കു് ഒററ വത്തമാനംകൊണ്ടു് അവരെ നിശ്ശബ്ദരാക്കാം: "കടുകെണ്ണയും കടലയെണ്ണയും മററും കഴിക്കുന്നവക്കു മലയാളം സിനിമയുടെ മഹിമ മനസ്സിലാക്കാൻ സാധിക്കുന്നതെങ്ങിനെ?"

നമ്മുടെ നാട്ടിൻെറ ഒരു പോരായ്മ ഇവിടെ ലക്ഷപ്രഭുക്കളുടെ എണ്ണം വളരെ കുറവാണെന്നതാണു്. പ്രകൃതി

വിഭവങ്ങൾ സമൃദ്ധിയായിട്ടുണ്ടെങ്കിലും പ്രസവങ്ങൾ അതിലും കൂടുതൽ സമൃദ്ധിയായതുകൊണ്ടു ദാരിദ്ര്യമാണു് നമ്മുടെ തലേലെഴുത്തു്. കള്ളനോട്ടടി, ചിട്ടിമുതലിപ്പു്, കറക്കുകമ്പനികളുടെ നടത്തിപ്പു്, മന്ത്രിസ്ഥാനപ്രാപ്തി ഇങ്ങനെ അപൂർവ്വം ചില വഴികൾ മാത്രമേ ലക്ഷപ്രഭുതപത്തിലേയ്ക്കു നയിക്കുന്നുള്ളു. ഇപ്പോൾ സിനിമാനിർമ്മാണം കൂടി അതിൽ ചേർക്കാം. ജയിലുമായി താമസിയാതെ ബന്ധം വേണ്ടിവന്നേയ്ക്കാമെങ്കിലും തല്ക്കാലം ബന്ധമില്ലാത്ത ഈ ഏകമാർഗ്ഗംമാത്രമാണു് സാധാരണക്കാരെ ലക്ഷപ്രഭുവാക്കാം എന്നു പറഞ്ഞു മാടിവിളിക്കുന്നതു്.

സിനിമകൊണ്ടുണ്ടായിട്ടുള്ള മറെറാരു പ്രയോജനം അതു പലക്കും പലതിനും ആർജ്ജിച്ചുകൊടുത്തിട്ടുള്ള പ്രശസ്തിയാണു്. ഡയറക്ടർ, നടീനടന്മാർ, പാട്ടു് എഴുതിയവർ, ഫോട്ടോ പിടിച്ചവർ, വേഷം നിശ്ചയിച്ചവർ, അവരുടെയൊക്കെ അസിസ്റ്റണ്ടുമാർ ഇങ്ങനെ എത്രയെത്ര ആളുകളുടെ പേരുമായിട്ടാണു് ഓരോ സിനിമ പുറത്തിറങ്ങുമ്പോഴും കാണികൾ നിർബ്ബന്ധമായി പരിചയപ്പെടുന്നതു്! മരിച്ചാലും മറക്കാത്ത എത്രയെത്ര മുഖങ്ങൾക്കും അഭിനയങ്ങൾക്കുമാണു് അതു പരസ്യം കൊടുക്കുന്നതു്! ഒരു ഭർത്താവിൻെറമാത്രം അഭിനന്ദനത്തിനോ, കുളക്കടവിലെ കുറെ സഹകുളിക്കാരികളുടെമാത്രം അസൂയയ്ക്കോ പാത്രമായിട്ടു വീണുപോകുമായിരുന്ന യുവകുചകുംഭങ്ങൾ സിനിമമൂലം എത്ര ലക്ഷംപേരുടെ ആസ്വാദനത്തിനും ഉറക്കമില്ലായ്മയ്ക്കും ഇടവരുത്തി അവയുടെ ജീവിതോദ്ദേശം സഫലമായി നിർവ്വഹിച്ചുപോരുന്നു! ചില്ലിവില്ലാട്ടവും പുഞ്ചിരിയുംകൊണ്ടു് എത്ര ആയിരം ജന്മങ്ങൾ പണിപ്പെട്ടാൽ കി

ട്ടുന്ന ഫലമാണു് ഒരു സിനിമയിൽ ആക്ട്ചെയ്യുന്നതുകൊണ്ടു് ഒരു സുന്ദരിക്കു ലഭിക്കുന്നതു്! അടിയേയും അപമാനത്തേയും ഭയപ്പെടാതെ തങ്ങൾക്കാവശ്യമുള്ളതെല്ലാം കാണുവാൻ—നിഴലായിട്ടാണെങ്കിലും—എത്ര ലക്ഷം അവിവാഹിതക്കു സിനിമ സൌകര്യം ചെയ്തുകൊടുക്കുന്നു! വിവാഹിതക്കാണെങ്കിൽ ഭാര്യയുടെ കുശുകുശുപ്പും മുഖം വീൎപ്പിക്കലും കൂടാതെ ഇതു വല്ലതുമൊക്കെ കാണണമെങ്കിൽ സിനിമയല്ലാതെ മറെറന്തു മാൎഗ്ഗമാണു് സുഗമമായിട്ടുള്ളതു്?

സിനിമകളുടെ മേൽ പടൎന്നുപിടിച്ചിരിക്കുന്ന ഇത്തിക്കണ്ണികളാണു് സിനിമാനിരൂപകന്മാരും സിനിമാമാസികക്കാരും. സിനിമകളാണു് അവരുടെ ആധാരവും ആഹാരമാൎഗ്ഗവും. പക്ഷേ, ആ സിനിമകളെപ്പററി കുററങ്ങൾ പറയുകയാണു് അവരുടെ തൊഴിൽ. ഉള്ള കാൎയ്യങ്ങൾ ഉള്ളതുപോലെയങ്ങു പറഞ്ഞാൽ അതു സിനിമാനിരൂപണമാകയില്ല. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള സിനിമകളുടേയും സിനിമാനടീനടന്മാരുടേയും ഡയറക്ടർമാരുടേയും പേരുകളോടു വളരെ ഈസ്സിമട്ടിൽ ചില സാങ്കേതികപദങ്ങൾ കൂട്ടിച്ചേൎത്തു സൎക്കസ്സുകൾ കാട്ടുന്നതിനിടയിൽ വേണം നമ്മുടെ സിനിമകളെപ്പററി ഓരോന്നു പറയാൻ. “അമ്പട! ഇവനു് ഇത്രയൊക്കെ അറിയാമോ?” എന്നു വായനക്കാരനു് ആദ്യംതന്നെ തോന്നിക്കണം. അതാണു് നിരൂപണത്തിൻെറ പ്രാഥമികവിജയം. ഗുണങ്ങളേക്കാൾ എപ്പോഴും വളരെ കൂടുതൽ കുററങ്ങൾ കാണണം. ഏതായാലും ഗുണങ്ങൾമാത്രമായി ഒരിക്കലും എഴുതുവാൻ പാടില്ല. അങ്ങനെ എഴുതിപ്പോയാൽ സിനിമാ

കമ്പനിക്കാരുടെ പക്കൽനിന്നു് ഉറുപ്പിക വാങ്ങിയിട്ടുണ്ടെന്നു ലോകം അറിയും. ദോഷങ്ങൾമാത്രമേ എഴുതൂ എന്നു നിർബ്ബന്ധിക്കുന്നതിൽ വലിയ അപാകമില്ല. സിനിമാക്കമ്പനിക്കാരോടു് ഉറുപ്പിക ചോദിച്ചിട്ടു് അവർ തരാതെ ഇരുന്നെന്നോ, പരസ്യം ആവശ്യപ്പെട്ടിട്ടും കിട്ടാതെ ഇരുന്നെന്നോ, ചിലർ വിചാരിച്ചേയ്ക്കാം. അതു സാരമില്ല. നല്ലതെന്നു കാണികൾക്കു തോന്നുന്ന ഭാഗങ്ങൾപോലും വെറും മോശമെന്നു നിങ്ങൾക്കു തോന്നണമെങ്കിൽ നിങ്ങളുടെ സ്റ്റാണ്ടേർഡു് എത്ര ഉയൎന്നതായിരിക്കണം എന്ന ബഹുമാനമാണു് ബഹുഭൂരിപക്ഷം വായനക്കാൎക്കു് ഉണ്ടാവുക. നിരൂപകന്മാരെയും മാസികക്കാരെയും പററി ഉപന്യസിക്കാനല്ല ഞാൻ ഉദ്ദേശിച്ചതു്. ആ ഇത്തിക്കണ്ണികളേയും പോറേറണ്ട കടമ സിനിമകൾക്കുണ്ടെന്നുള്ള വസ്തുത കാണിക്കുകയായിരുന്നു. ഉത്തമങ്ങളായ സിനിമകൾ മാത്രം ഉണ്ടായാൽ കാലാന്തരത്തിൽ ഈ ഇത്തിക്കണ്ണികൾ വാടി ഉണങ്ങിപ്പോകും. അവരും ഭാൎയ്യയും മക്കളും മററുമുള്ളവരല്ലയോ? അവരെ അങ്ങനെ നശിപ്പിക്കാതെ നോക്കേണ്ടതു സിനിമാനിൎമ്മാതാക്കളുടെ ദിവ്യധൎമ്മമാണു്. ആ ധൎമ്മം നിൎവ്വഹിക്കുന്നതിനുള്ള രാജപാത കഴിയുന്നത്ര കുററങ്ങളും കുറവുകളുമുള്ള ചിത്രങ്ങൾ സൃഷ്ടിക്കുകയാണു്. ആ കൃത്യം സ്തുത്യൎഹമായ വിധത്തിൽ നമ്മുടെ മലയാളം സിനിമാപ്രൊഡ്യൂസർമാർ നിൎവ്വഹിക്കുന്നുണ്ടെന്നുള്ളതു് ആശ്വാസജനകമായ ഒരു വസ്തുതയാണു്.

സിനിമയുടെ ഈ പറഞ്ഞ ചുമതലകളെല്ലാം വേണ്ടുംവണ്ണം നിൎവ്വഹിക്കണമെങ്കിൽ സിനിമ കാണാനും പൈസ കൊടുക്കാനും ആളുകൾ വേണം. ആളുകൾ വേണമെങ്കിൽ അവൎക്കു രസിക്കാനും ചിരിക്കാനും വക കാണ

ണം. വലിയവലിയ മന്ത്രിമാരും നിരൂപകന്മാരും മററും പറയുന്നതുപോലെ ജനങ്ങളെ പഠിപ്പിക്കാനും നന്നാക്കാനും ഉദ്ധരിക്കാനുമായി സിനിമകൾ ഉണ്ടാക്കിത്തുടങ്ങിയാൽ അവ കാണാൻ ആളുകളെ കൊണ്ടുവരുന്നതിനു് ഒരു ആർഡിനാൻസ് പുറപ്പെടുവിക്കേണ്ടിവരും; പോലീസുകാരെയും, പട്ടാളക്കാരെയും നിയോഗിക്കേണ്ടിവരും; തറയ്ക്കു രണ്ടണമുതൽ കസേരയ്ക്കു രണ്ടു രൂപവരെ ബോണസ്സു കാഴ്ചക്കാൎക്കു കൊടുക്കേണ്ടിവരും. ഇത്രയൊക്കെ ചെയ്താലും ഹാൾ നിറഞ്ഞെന്നു തോന്നണമെങ്കിൽ കസേരകളിൽ കുറെ ബൊമ്മകൾ സ്ഥാപിക്കേണ്ടിവരും. ഇക്കാലത്തെ ആളുകളാരും നന്നാകാനും പഠിക്കാനുമായി പൈസ കൊടുത്തു വൈകുന്നേരം സിനിമാഹാളിൽ പോയി ഇരിക്കുകയില്ല. അവൎക്കു ചിരിക്കാൻ വക കിട്ടണം. കാതിനു് ഇമ്പമുള്ള പാട്ടുകൾ കേൾക്കണം. കണ്ടാൽ കൊള്ളാവുന്ന മുഖങ്ങളും ഹൃദയം കുളിൎപ്പിക്കുന്ന പുഞ്ചിരിയും ഇക്കിളിയുണ്ടാക്കുന്ന മറേറാരോന്നും കാണണം. യുവതികളുടെ യുവത്വം തുളുമ്പുന്ന ഭാഗങ്ങളിൽ കഴിയുന്നതുപോലെ ലൈററടിച്ചു കാണിച്ചാൽ അവൻ ചിലതൊക്കെ പഠിക്കാൻ തയ്യാറാണു്. സ്ത്രീകൾക്കാണെങ്കിൽ അവർ ഇഷ്ടപ്പെടുന്ന വിദ്യാഭ്യാസം, സാരികളുടെ സ്റ്റൈൽ, ബ്ലൌസുകളുടെ വെട്ടു്, കുചങ്ങളുടെ സംവിധാനം, തലമുടിയുടെ കെട്ടു്, കണ്ണുകളുടെയും ചുണ്ടുകളുടെയും പ്രയോഗങ്ങൾ മുതലായവയെപ്പററിയാണു്. ഇതെല്ലാം നല്കേണ്ടതാണു് സിനിമയുടെ മുഖ്യചുമതലകൾ എന്നു സിനിമാനിൎമ്മാതാക്കൾക്കറിയാമെങ്കിലും ഗവൎമ്മേണ്ടുകൾക്കും വിദ്യാഭ്യാസവിചക്ഷണന്മാൎക്കും ഇനിയും അറിയാൻ പാടില്ലാത്തതു ശോചനീയം എന്നേ എനിക്കു പറയുവാനുള്ളു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 301.412 Acc. No. 81758

This book should be returned on or before the date last stamped below.

23 SEP 1995

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

301.412 81758
RAJ.S
[illegible]
[illegible]